മലങ്കരസഭ
മാസിക
സെപ്തംബർ
2000
മുഖപത്രത്തെക്കുറിച്ച് വായനക്കാരുടെ പ്രതീക്ഷ
എല്ലാ വായനക്കാർക്കും
ഹൃദ്യമായ
ഓണാശംസകൾ
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

എല്ലാ മനുഷ്യരാലും ആധുനിക വൈദ്യശാസ്ത്രത്താലും ഉപേക്ഷിക്കപ്പെട്ട വ്യക്തിസൗഖ്യം പ്രാപിച്ചത് അത്ഭുതം. സൗഖ്യവും പ്രാപിച്ച വ്യക്തി ജീവിതത്തിൽ പൂർണ്ണവിജയം പ്രാപിച്ചത് മഹാത്ഭുതം.
പാപത്തിന്റെയും ശാപത്തിന്റെയും ബന്ധനങ്ങളിൽനിന്നും ശിക്ഷകളിൽനിന്നും പരാജയങ്ങളിൽനിന്നും രോഗങ്ങളിൽനിന്നും നിത്യമോചനം നല്കി— നന്ദി
പിശാചിന്റെയും ശത്രുക്കളുടെയും അധികാരികളുടെയും മനുഷ്യരുടെയും വഞ്ചനകൾക്കും തന്ത്രങ്ങൾക്കും പോരാട്ടങ്ങൾക്കും ശക്തിക്കും നശിപ്പിക്കുവാനോ, പരാജയപ്പെടുത്തുവാനോ, കഴിയാത്ത പരിശുദ്ധാത്മശക്തിയും ജീവിതവിജയവും സംതൃപ്തിയും സന്തോഷവും വിശ്വാസ പ്രാർത്ഥനാശക്തിയും സ്വന്തമായ വീടും സമ്പത്തും സൗഭാഗ്യസംഭവങ്ങളും പഠനവിജയവും ഉദ്യോഗവിജയവും ദാമ്പത്യജയവും കുടുംബ ജീവിതജയവും ജഡത്തിലും ബുദ്ധിയിലും മനസ്സിലും ആരോഗ്യവും ലഭിച്ചു.

T.V. VERGHESE (Rtd. Deputy Director of Education)

Thrissur-6

മലങ്കരസഭ

മാസിക
ദേവലോകം കോട്ടയം-686 038
ഫോൺ: 0481-573234
ലക്കം: 9 പുസ്തകം 56
സെപ്റ്റംബർ 2000

PATRON SAINT

പത്രാധിപസമിതി

പ്രസിഡന്റ്
ഫീലിപ്പോസ് മാർ യൗസേബിയോസ്
ഫോൺ: 0473-322243 (Off) 325942 (Res)

വൈസ് പ്രസിഡന്റ്
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488-523001

ചീഫ് എഡിറ്റർ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481-568046

അംഗങ്ങൾ
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. കെ.എം. ജോർജ്ജ്
ഫാ. ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് (സഭാ സെക്രട്ടറി)
ഡോ. സാമുവേൽ ചന്ദനപ്പള്ളി
അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

മാനേജർ
ഫാ. റ്റി.ജി. സഖറിയ
ഫോൺ: 0481-578234

മാനേജിംഗ് എഡിറ്റർ
ഫാ. റ്റി.എ. ഇടയാടി
ഫോൺ: 0473-360421 (Res.)

സർക്കുലേഷൻ കൺസൾട്ടന്റ്
ഒ.ജി. തരകൻ
ബിസിനസ്സ് മാനേജർ
ഡീക്കൻ. ഷൈജു കുര്യൻ

ഡി.റ്റി.പി.
എം.എസ്. ഗ്രാഫിക്സ്, ദേവലോകം

ഉൾത്തുടിപ്പുകൾ

എഡിറ്റോറിയൽ

4 ഒരു മുഖപ്പത്രത്തെക്കുറിച്ച് വായനക്കാരുടെ.....
ഫാ. ഡോ. ജേക്കബ് കുര്യൻ

ധ്യാനപംക്തി

7 സുവിശേഷ സന്ദേശം.....
ഫാ. കുര്യൻ ദാനിയേൽ

ലേഖനം

11 Indian Christianity in the Gulf.....
Fr. Dr. Abraham Oommen

19 പൗരസ്ത്യ ആദ്ധ്യാത്മികത റഷ്യൻ സന്യാസ..
ഫാ. അബ്രഹാം ഫിലിപ്പ്

23 ദൈവത്തോടുള്ള സംസ്സർഗ്ഗത്തിനുള്ള .....
മാത്യൂസ് മാർ ബർന്നബാസ്

25 സഭാപിതാക്കന്മാർ നല്കുന്ന മാർഗ്ഗരേഖ
ഫാദർ റ്റി.ജെ. ജോഷ്വ

കാർട്ടൂൺ

18 ഉപ്പാണ്ടിമാപ്ല

ആനുകാലികം

13 പടങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന വേദവിപരീ...
സിറിൽ റമ്പാൻ

പഠനവേദി

15 പരിസ്ഥിതിയുടെ ആത്മീയത ഭൂമി ഒരു......
പ്രൊഫ. കെ.പി. ജോയി

പ്രഭാഷണവേദി

17 ലക്ഷ്യയാത്ര
കുഞ്ഞുമോൻ വാരിക്കാട്

വാർത്തകൾ

5, 27, 30, 32, 33

34 സൺഡേസ്കൂൾ വാർത്ത

ഒരു മുഖപത്രത്തെക്കുറിച്ച് വായനക്കാരുടെ പ്രതീക്ഷ

ഫാ. ഡോ. ജേക്കബ് കുര്യൻ

ഒരു പ്രസ്ഥാനത്തിന്റെ മുഖപ്പത്രമെന്നു പറയുമ്പോൾ ആ പ്രസ്ഥാനത്തിന്റെ ഔദ്യോഗികനിലപാട് അതിൽനിന്നു പ്രതീക്ഷിക്കാം. ആ പ്രസ്ഥാനത്തിലെ അംഗങ്ങൾ ആഗ്രഹിക്കുന്നതൊക്കെയും അതിൽ കാണണമെന്നു വിചാരിക്കുന്നതും ന്യായമാണ്. എന്നാൽ എപ്പോഴും ഇതൊന്നും നടക്കാറില്ല എന്നതാണ് സത്യം. കാരണങ്ങൾ പലതുമുണ്ട്. ചില വിഷയങ്ങളെ സംബന്ധിച്ച് ഔദ്യോഗികനിലപാട് എന്നൊന്ന് വ്യക്തമല്ലാത്തിടത്ത് അങ്ങനെ ഒരു നിലപാടിലേക്ക് നയിക്കുവാനോ ഒരു ദിശാബോധം നല്കുവാനോ ഉതകുന്ന നിരീക്ഷണങ്ങൾക്ക് പ്രസക്തിയുണ്ട്. പ്രസ്തുത നിരീക്ഷണങ്ങൾ ഔദ്യോഗികമായി നേരത്തേ അംഗീകരിക്കപ്പെട്ടിരിക്കണം എന്ന് നിർബ്ബന്ധം പിടിക്കുന്നത് അഭികാമ്യമായിരിക്കയില്ല. കൂടാതെ, എല്ലാ വിഭാഗം അംഗങ്ങൾക്കും അവരുടെ വിവിധവും ചിലപ്പോൾ വൈരുധ്യാത്മകവുമായ താല്പര്യങ്ങൾക്കനുസൃതമായി എപ്പോഴും ഒരു മുഖപ്പത്രത്തിന് പ്രവർത്തിക്കുവാൻ കഴിഞ്ഞെന്നും വരില്ല. കൂടാതെ, ദശാബ്ദങ്ങളായി പ്രസിദ്ധീകരിക്കപ്പെടുന്ന ഒരു മാസികയെ ദശാബ്ദങ്ങൾക്കുമുമ്പുള്ള രൂപത്തിൽ എക്കാലവും കണ്ടാലേ തൃപ്തിയാവൂ എന്നു നിർബ്ബന്ധം പിടിക്കുന്നതും ശരിയാണെന്നു തോന്നുന്നില്ല. ഉദാഹരണത്തിന് 'മലങ്കരസഭ' മാസികയിൽ എല്ലാക്കാലവും, "ശിശുസ്നാനം", "പൗരോഹിത്യം", "വി. കുർബ്ബാന", "വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന" മുതലായ വിഷയങ്ങളെക്കുറിച്ച് ലേഖനങ്ങൾ ഉണ്ടായാലേ ഈടുറ്റതാകൂ എന്നു വിചാരിക്കുന്നവർ പലരുമുണ്ട്. മേല്പറഞ്ഞ വിഷയങ്ങളെക്കുറിച്ച് ധാരാളം ലേഖനങ്ങളും ഗ്രന്ഥങ്ങളും ഇന്ന് ലഭ്യമാണ് എന്ന വസ്തുതയും വിശ്വാസപരമായ വ്യതിരിക്തതയെക്കാൾ, ഒന്നിച്ചുള്ള സാക്ഷ്യത്തിന് ഊന്നൽ നല്കണമെന്ന എക്യൂമെനിക്കൽ ധാരണയും കണക്കിലെടുത്താൽ മറ്റു വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങൾക്കുള്ള പ്രസക്തി കാണുവാൻ കഴിയും. സഭയുടെ, പരിസ്ഥിതി സംബന്ധമായ ദൗത്യം, മതബോധനത്തെക്കുറിച്ചുള്ള പിതാക്കന്മാരുടെ പ്രബോധനങ്ങൾ മുതലായവ ഈ പശ്ചാത്തലത്തിലാണ് പ്രധാനപ്പെട്ടവയാകുന്നത്. കൂടാതെ, ആനുകാലിക സഭാജീവിതത്തിന്റെ പരീക്ഷണങ്ങളെ സ്പർശിക്കുന്ന കൗൺസലറുടെ പംക്തി, സഭാംഗങ്ങളുടെ അഭിപ്രായവേദിയായ പ്രതികരണപംക്തി, ശ്രദ്ധേയമായ ഗ്രന്ഥങ്ങളുടെ ആസ്വാദനം മുതലായവയും, പതിവു പംക്തികളായ ധ്യാനപംക്തിയോടും ബൈബിൾ പഠനത്തോടുമൊപ്പം ചേർക്കാൻ ശ്രമിക്കുന്നത് അത്യാവശ്യപ്ലാനിങ്ങോടുകൂടിയാണ്. മുപ്പത്തിനാലു പേജുള്ള ഒരു പ്രസിദ്ധീകരണത്തിൽ, പകുതി പേജുകളെങ്കിലും "വാർത്ത"യായില്ല എങ്കിൽ ന്യൂസ് പേപ്പർ വിഭാഗത്തിനുള്ള പോസ്റ്റേജ് സൗജന്യം ലഭിക്കാതെപോകുന്ന നിയമകുരുക്കിലുംകൂടെയാണ്, മിക്ക ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും ഇന്ന്.

"മുഖപ്പത്ര"മെന്നു പറഞ്ഞാലും, നടത്തിക്കൊണ്ടുപോകുവാൻ സാമ്പത്തികമായി സഭാകേന്ദ്രത്തിൽനിന്ന് യാതൊരു സഹായവും ലഭിക്കാതെയാണ് "മലങ്കരസഭ" പ്രസിദ്ധീകരിക്കുന്നത്. എന്നാൽ, മറ്റുവിധത്തിൽ കൈത്താങ്ങൽ നല്കുന്നതിനെ നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ, വരിസംഖ്യകൊണ്ടുമാത്രം നഷ്ടമില്ലാതെയെങ്കിലും പ്രവർത്തിക്കുക പ്രയാസമാണ്. ആശംസാ പേജുകളും, ഉപകാരസ്മരണകളും ഉള്ളതുകൊണ്ടാണ് ഇന്ന് മലങ്കരസഭ ഒരു വിധം നടത്തിക്കൊണ്ടുപോകുന്നത്. ആയുഷ്ക്കാല, ദീർഘകാല വരിസംഖ്യകൾ അതേപടി സ്ഥിരനിക്ഷേപമായി മാറ്റിക്കൊണ്ടിരിക്കുന്നതിനാലാണ് ആ വിഭാഗത്തിലുള്ളവർക്ക് മുടങ്ങാതെ മാസിക അയയ്ക്കുവാൻ കഴിയുന്നത്. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ മാസികയുടെ വരിക്കാരുടെ എണ്ണം ഇരട്ടിയിൽ അധികമായിയെന്നതും, മാസികയ്ക്ക് സ്വന്തമായി ഡി.റ്റി.പി. സംവിധാനം ഉണ്ടായിയെന്നതും ചാരിതാർത്ഥ്യം നല്കുന്ന കാര്യങ്ങളാണ്.

കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ മലങ്കരസഭ ഒന്നു തുറന്നുനോക്കുകപോലും ചെയ്യാതെ, മുൻവിധികൾ മാത്രമായി അഭിപ്രായപ്രകടനം നടത്തുന്ന ചിലരെയെങ്കിലും അറിയാം. എന്നാൽ, ചിലർ മാസിക മുഴുവൻ വായിച്ച്, സ്നേഹത്തോടും പ്രോത്സാഹനത്തോടുംകൂടി നല്കുന്ന നിർദ്ദേശങ്ങൾ നന്ദിയോടെ സ്മരിക്കുന്നു; ഉൾക്കൊള്ളാൻ ശ്രമിക്കുന്നു.

ഏതൊരു പ്രസിദ്ധീകരണത്തിനും ഒരു "കോർ" വായനാഗ്രൂപ്പുകാണുമെന്നും, അവരെ ശ്രദ്ധിച്ച്, അവരെ കേന്ദ്രമാക്കി, പ്രസിദ്ധീകരണം തുടരണമെന്നും കേരളത്തിലെ ഒരു പ്രമുഖ പത്രാധിപർ പറയുകയുണ്ടായി. 'മലങ്കരസഭ'യുടെ കോർ വായനാഗ്രൂപ്പിനെ ഞങ്ങൾക്കു കണ്ടെത്താൻ പ്രയാസമുണ്ടായില്ല. അവരുടെ പ്രതീക്ഷകളെ യാഥാർത്ഥ്യമാക്കുവാനും, അവർക്കു ചുറ്റും പുതിയ വികസനസാധ്യതകൾ കണ്ടെത്തുവാനുമുള്ള 'മലങ്കരസഭ'യുടെ യജ്ഞത്തിൽ പങ്കുകാരാകുവാൻ എല്ലാവരെയും ക്ഷണിക്കുന്നു.



ലാളിത്യം ജീവിതശൈലിയാക്കണം —

ഫാ. ഡോ. കെ.എം. ജോർജ്ജ്

ആഡംബരങ്ങൾ വെടിഞ്ഞ് ലാളിത്യം ജീവിതശൈലിയായി സ്വീകരിക്കാൻ ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പൽ റവ. കെ.എം. ജോർജ്ജ് ഉൽബോധിപ്പിച്ചു.

വിദേശത്ത് നിന്നും അവധിക്ക് നാട്ടിൽ എത്തിയ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളെയും പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയംതേടുന്ന വിശ്വാസികളെയും പങ്ക് എടുപ്പിച്ചുകൊണ്ട് സെന്റ് ഗ്രീഗോറിയോസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പരുമല സെമിനാരി ഓഡിറ്റോറിയത്തിൽ 2000 ജൂലൈ 29-നു കുടുംബസംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സ്നേഹത്തിന്റെയും സേവനത്തിന്റെയും ഐക്യത്തിന്റെ മാർഗ്ഗം പിന്തുടർന്ന് പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതം മാതൃകയായി സ്വീകരിച്ച് സ്വയം ദൈവത്തിലേക്ക് അടുക്കുകയും മറ്റുള്ളവരെ അടുപ്പിക്കുകയും ചെയ്യണമെന്നും അവസരം കിട്ടുമ്പോൾ ഒക്കെയും സഹജീവികൾക്ക് നന്മചെയ്തും പരസ്പരം ഭാരങ്ങളെ ചുമന്നും ഒരുവൻ മറ്റൊരുവന്റെ നന്മക്കായി ആഗ്രഹിച്ചു പ്രാർത്ഥിച്ചു ജീവിക്കണമെന്ന് വളന്നുവരുന്ന യുവതലമുറയെ ആധുനിക യുഗത്തിൽ ജീവിക്കാൻ കഴിവുള്ളതാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരുടെ ഒരു ഗ്ലോബൽ സംഘടനയാണ് സെന്റ് ഗ്രീഗോറിയോസ് സൊസൈറ്റി എന്ന് ശ്രീ മോനി കല്ലുപറമ്പിൽ തന്റെ ആമുഖപ്രസംഗത്തിൽ പ്രസ്താവിച്ചു.

വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറി റവ. ഡോ. എം. സി. ചെറിയാൻ, റവ.ഡോ. ഒ. തോമസ്, ബസോലിയോസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഇ. ജോൺ മാത്യു എന്നിവർ ക്ലാസ്സുകൾ നയിച്ചു.

32-മത് പരുമല പദയാത്ര ഒരുക്കങ്ങൾ ആരംഭിച്ചു

കൈപ്പട്ടൂർ: സെന്റ് ജോർജ്ജസ് യൂത്ത് ലീഗിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നടത്തിവരുന്ന പരുമല പദയാത്രയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ഒക്ടോബർ 31-ന് വി. കുർബാനയ്ക്കുശേഷം ആരംഭിക്കുന്ന യാത്ര വിവിധ ദേവായലയങ്ങൾ സന്ദർശിച്ച് പുത്തൻകാവ് കത്തീഡ്രലിൽ എത്തും. ഒന്നാം തീയതി രാവിലെ അവിടെനിന്നും തിരിച്ച് സന്ധ്യയോട് പരുമലയിൽ എത്തുന്നതുമാണ്. ജനറൽ കൺവീനർ സാംകുട്ടി പുളിക്കത്തെറയിൽ, ജനറൽ സെക്രട്ടറി പീറ്റർ തയ്യിൽ എന്നിവരുടെ പക്കൽ തീർത്ഥയാത്രയിൽ പങ്കെടുക്കുന്നവർക്ക് പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്.

അഹമ്മദബാദ് പള്ളിയിൽ 120 പുതിയ വരിക്കാർ

മലങ്കര സഭാമാസിക പത്രാധിപസമിതി പ്രസിഡന്റായ അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ പ്രത്യേക അഭ്യർത്ഥനപ്രകാരം അഹമ്മദബാദ് സെന്റ് മേരീസ് ഇടവകയിൽനിന്നും നിലവിലുള്ള വരിക്കാർക്കുപുറമെ, ഒന്നുമുതൽ പത്തുവർഷം വരെയുള്ള കാലാവധിക്ക്, 120 കുടുംബങ്ങളെ മാസികയുടെ പുതിയ വരിക്കാരായി ചേർക്കുകയുണ്ടായി. സഭാമാനേജിംഗ് കമ്മിറ്റിയംഗം കൂടിയായ ശ്രീ. മത്തായി മാമ്പള്ളി മുഖേനയാണ് മാസികയ്ക്ക് ഇത്രയും വരിക്കാരെ ഒന്നിച്ചുചേർക്കുവാൻ സാധിച്ചത്. അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

സുവിശേഷസംഘം ഡിസ്ട്രിക്റ്റ് മീറ്റിംഗ്

വകയാർ: വകയാർ ഡിസ്ട്രിക്റ്റ് സുവിശേഷസംഘത്തിന്റെ വാർഷിക പൊതുയോഗം ആഗസ്റ്റ് 15-ന് വകയാർ സെന്റ് മേരീസ് പള്ളിയിൽവച്ച് ഫാ. വി. ഇ. മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനത്തിന് രൂപം നല്കി.

എൻഡോവ്മെന്റ് വിതരണം

കാനം: പറപ്പള്ളിത്താഴത്ത് ഫാ. പി.എം. ജേക്കബ് മെമ്മോറിയൽ എൻഡോവ്മെന്റ് സഹായനിധി വെരി. റവ. പി.സി. യോഹന്നാൻ റമ്പാൻ അർഹരായ ഇരുപതിൽപരം പേർക്ക് വിതരണം ചെയ്തു. ഫാ. പി. എം. ജേക്കബിന്റ് 26-ാം ചരമവാർഷികത്തോടനുബന്ധിച്ച് കാനം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ചേർന്ന പൊതുസമ്മേളനത്തിൽ അഖില മലങ്കര പ്രാർത്ഥനായോഗം സെക്രട്ടറി പ്രൊഫ. വർഗീസ് പടിയറ അനുസ്മരണ പ്രഭാഷണം നടത്തി.

ഒ. വി. ബി. എസ്സ്. 2001

ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂളിന്റെ 2001-ലെ ചിന്താവിഷയം എഴുന്നേറ്റ് പ്രകാശിക്കുക (യെശയ്യാവ് 60) എന്നുള്ളതാണ്. ഈ വിഷയത്തെ ആസ്പദമാക്കിയും, വേദപുസ്തകം, സഭാവിശ്വാസം എന്നിവ അടിസ്ഥാനമാക്കിയും ഉള്ള ചെറിയ ഗാനങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. വിവിധ ഭാഷകളിലുള്ള ഗാനങ്ങൾ അഭിലഷണീയമാണ്. ഗാനങ്ങൾ ട്യൂൺ ചെയ്ത് കാസറ്റിലാക്കി ഒ.വി.ബി.എസ്സ്. ഡയറക്ടർ, ദേവലോകം, കോട്ടയം എന്ന വിലാസത്തിൽ ഒക്ടോബർ 31-നകം ലഭിക്കത്തക്കവിധം അയച്ചുതരേണ്ടതാണ്.

പള്ളിശുശ്രൂഷകനെ ആവശ്യമുണ്ട്

പാലക്കാടു ജില്ലയിൽ കൊല്ലങ്കോട്ടു പ്രവർത്തിക്കുന്ന സെന്റ് പോൾസ് ഇംഗ്ലീഷ് ഹൈസ്കൂളിലെ ചാപ്പലിൽ ശുശ്രൂഷകനായി ഓർത്തഡോക്സ് യാക്കോബായ യുവാക്കളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. താമസസൗകര്യം ഉണ്ടായിരിക്കും. വിശദവിവരത്തിന് **വെരി. റവ. ജോൺ കോർ എപ്പിസ്കോപ്പാ, സെന്റ് പോൾസ് ഇംഗ്ലീഷ് ഹൈ സ്കൂൾ, കൊല്ലങ്കോട് - 678 506,** പാലക്കാട് എന്ന വിലാസത്തിൽ അപേക്ഷിക്കുക.

14-ാം ചരമവാർഷികം



REV. FR. YAKOOB O.I.C

സുവിശേഷസന്ദേശം

ഫാ: കുര്യൻ ഡാനിയൽ

വാങ്ങിപ്പിന്റെ ശേഷം നാലാം ഞായർ

വി. മത്തായി 5:38–48

ദൈവിക അനുഭവത്തിലൂടെയുള്ള വളർച്ചയ്ക്ക് ക്രിസ്തു നല്കിയ സാരവത്തായ പ്രബോധനങ്ങളാണല്ലോ പ്രസിദ്ധമായ ഗിരിപ്രഭാഷണത്തിലുള്ളത്. വി. മത്തായിയുടെ സുവിശേഷം അഞ്ചു മുതൽ ഏഴുവരെയുള്ള അദ്ധ്യായങ്ങളിൽ ദർശിക്കാവുന്ന ഈ മധുരഭാഷണത്തിൽ ശ്രദ്ധേയമായ ഒരംശമാണ് ഇന്നത്തെ ധ്യാനചിന്ത. ഈ വേദഭാഗത്തിന്റെ സർവ്വസൗന്ദര്യവും ആവാഹിക്കപ്പെട്ടിരിക്കുന്നത് അഞ്ചാം അദ്ധ്യായം നാല്പത്തിയെട്ടാം വാക്യത്തിലാണ്. "ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ." ഒരു വിശ്വാസിയ്ക്ക് പ്രാപ്യമാക്കാവുന്ന പരമോന്നതമായ ആത്മീയ അനുഭവത്തിലേക്കാണ് യേശു ഇവിടെ വിരൽചൂണ്ടുന്നത്.

1. പ്രതിരോധത

"ദുഷ്ടനോട് എതിർക്കരുത്" വി. മത്തായി 5:39. ഈ വാക്യം ഒരുപക്ഷേ നമ്മിൽ ആശ്ചര്യം ഉളവാക്കിയേക്കാം. സമൂഹവും സമസൃഷ്ടരും ദുഷ്ടതയിൽ വർത്തിച്ചാൽ പ്രതിരോധിക്കേണ്ടതില്ല എന്നാണോ ഇതിന്നർത്ഥം? ഒരിക്കലുമല്ല. എന്നാൽ പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സന്ദേശമെന്താണ്? ഒരു മനുഷ്യനെ ദുഷ്ടനാക്കുന്നത് അവന്റെ ദുഷ്ടതയാണ്. ആയതിനാൽ പ്രതിരോധിക്കപ്പെടേണ്ടത് ദുഷ്ടനല്ല. മറിച്ച് അവന്റെ ദുഷ്ടതയാണ്. ദുഷ്ടന്മാരുടെമേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെമേലും മഴപെയ്യിക്കുകയും ചെയ്യുന്നവനെന്നാണ് സ്വർഗ്ഗസ്ഥനായ പിതാവിനെപ്പറ്റി യേശുക്രിസ്തു പഠിപ്പിച്ചത്. (വി. മത്തായി 5:45). "ഞാൻ വന്നത് നീതിമാന്മാരെയല്ല പാപികളെയത്രെ വിളിപ്പാൻ" (വി. മത്തായി 9:12, 13) എന്നും അരുമനാഥൻ കല്പിച്ചു. സ്വർഗ്ഗീയപിതാവിന് പാപികളോടുള്ള സ്നേഹവും പാപത്തോടുള്ള പ്രതിരോധതയുമാണ് തന്റെ ഏകജാതന്റെ മനുഷ്യാവതാരത്തിന്റെയും പീഡാനുഭവത്തിന്റെയും മർമ്മങ്ങളിലൂടെ ഉൾക്കൊള്ളാനാവുന്നത്. ഈ പ്രതിരോധചിന്ത നമ്മിലും പ്രതിഫലിക്കുമ്പോഴാണ് സൽഗുണപൂർണ്ണതയിലേക്ക് വളരുവാൻ നമുക്കാവുന്നത്. വ്യക്തികളെയോ സമൂഹത്തെയോ എഴുതിത്തള്ളുകയല്ല ഇന്നിന്റെയാവശ്യം. മറിച്ച് മലിനതകൾ നീക്കി പവിത്രീകരിക്കുകയാണ്.

2. കൂട്ടായ്മ

നിത്യനായ ഏകപിതാവിന്റെ മക്കൾ പരസ്പരം അറിഞ്ഞ് ആദരിച്ച് വിശ്വാസത്തിൽ അഭിവൃദ്ധിപ്പെടുന്ന അനുഭവമാണ് കൂട്ടായ്മ. സ്വർഗ്ഗീയപിതാവിന്റെ സൽഗുണപൂർണ്ണത അടിസ്ഥാനപ്പെട്ടിരിക്കുന്ന മറ്റൊരു ഘടകം സഭാവിശ്വാസത്തിന്റെ കേന്ദ്രമായ ത്രിത്വവിശ്വാസം ദ്യുതിപ്പിക്കുന്ന പിത്രപുത്രപരിശുദ്ധാത്മ കൂട്ടായ്മയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ത്രിയേക ദൈവം സമസാരാംശവും സമനിത്യതയും സമസമത്വവുമുള്ള ഏക ദൈവമാണെന്ന വിശ്വാസമാണല്ലോ ത്രിത്വവിശ്വാസം. ഇവിടെ ഏകയോഗമായ ആത്മീയ അനുഭവമാണ് കാണുന്നത്.

സമൂഹം ഒരു വ്യവസ്ഥിതിയാണ്. ഓരോ വ്യക്തികളും സമൂഹത്തിന്റെ അവിഭാജ്യഘടകങ്ങളുമാണ്. പരസ്പരമുള്ള അംഗീകാരവും ആദരവും സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളാണ്. അതിനുള്ള ചില നിർദ്ദേശങ്ങളും ഈ വേദഭാഗത്ത് കാണാവുന്നതാണ്. "നിന്റെ വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ചുകാണിക്ക" എന്നു പറഞ്ഞിട്ടുള്ളത് എന്തും കണ്ണുമടച്ച് സഹിക്കുക എന്ന അർത്ഥത്തിലല്ല ഉൾക്കൊള്ളേണ്ടത്. മറിച്ച് തിന്മയെ നന്മകൊണ്ട് ജയിക്കണമെന്ന അർത്ഥത്തിലാണ്. "നിന്നോടു വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന് നിന്റെ പുതപ്പും വിട്ടുകൊടുക്ക" എന്ന പ്രബോധനത്തിൽ "വ്യവഹരിച്ച്" എന്ന പദം പ്രത്യേക പ്രാധാന്യമർഹിക്കുന്നു. വ്യവഹാരത്തിൽ പ്രതിസ്ഥാനത്തായിരിപ്പാൻ തക്ക കുറ്റമെന്തെങ്കിലും നമ്മുടെ ഭാഗത്തുണ്ടോ എന്ന് ആരാഞ്ഞ് കണ്ടെത്തേണ്ടത് നമ്മുടെ ചുമതലയാണ്. "നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ട് അവനോടുകൂടെ പോവുക. യാചിക്കുന്നവനു കൊടുക്കുക. വായ്പ വാങ്ങാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞുകളയരുത്" വി. മത്തായി 5:41, 42. സഹയാത്രികനായിരിപ്പാൻ ഒരുവൻ നമ്മെ നിർബന്ധിക്കുകയെന്നു പറഞ്ഞാൽ അവൻ കൂട്ടായ്മയാഗ്രഹിക്കുന്നുവെന്നാണ്. അത് നാം നല്കേണ്ടതാണ്. ഒരു നാഴിക വഴി പോയി തിരികെ വരുമ്പോൾ അത് രണ്ടു നാഴിക ദൂരമാകും. യാചിക്കുന്നവൻ, വായ്പവാങ്ങാൻ ആഗ്രഹിക്കുന്നവൻ എന്നിവർ നമ്മുടെ സഹായം അർത്ഥിക്കുന്ന ഘടകത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

3 സ്നേഹം

"കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെക്ക എന്നും അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത് നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനുതന്നെ" വി. മത്തായി 5:43–45. ഇത് തികച്ചും നവീനവും നവീകരണമുൾക്കൊള്ളുന്നതുമായ സ്നേഹചിന്തയാണ്. സ്നേഹംകൊടുത്ത് ശത്രുത ഇല്ലാതാക്കാം. പ്രാർത്ഥിച്ച് ഉപദ്രവക്കാരെ അതിൽനിന്നു പിന്തിരിപ്പിക്കാം. ചില നവീന ചോദ്യങ്ങളിലൂടെ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പക്വതയാർന്ന തലങ്ങളിലേക്ക് യേശു നമ്മെ ക്ഷണിക്കയാണ്. നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തുപ്രതിഫലം? സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു? വിശേഷപ്പെട്ടതും ദൈവസന്നിധിയിൽനിന്നു പ്രതിഫലം പ്രാപിക്കുന്നതുമായ സ്നേഹം നിരുപാധികവും സീമാതീതവുമാണ്. മതമൗലികവാദങ്ങളും സ്വജനപക്ഷപാതവും ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ദീപ്തമായിരിക്കുന്ന ഇക്കാലയളവിൽ സ്വർഗ്ഗീയ സ്നേഹം നമുക്ക് മുമ്പിൽ ഒരു വലിയ ചോദ്യചിഹ്നമാണ്. എന്നാൽ "ഒരുവൻ തന്റെ സ്നേഹിതനുവേണ്ടി ജീവനെകൊടുക്കുന്നതിലും വലിയ സ്നേഹമില്ല" ഒന്നു കല്പിച്ചുകൊണ്ട് സ്നേഹത്തിന്റെ സാധാരണ പ്രമാണങ്ങളെ യേശു തകിടം മറിച്ചു. പരിശുദ്ധനായ പൗലൂസ് ശ്ലീഹാ കൊരി

ന്ത്യർക്ക് എഴുതിയപ്പോൾ സ്നേഹത്തിന്റെ സദ്ഭാവങ്ങൾ വർണ്ണിച്ചുകൊണ്ട് ഒരു സ്നേഹഗീതംതന്നെ ചമച്ചു (1 കൊരിന്ത്യർ 13-ാം അദ്ധ്യായം) പരിശുദ്ധനായ യോഹന്നാൻ ശ്ലീഹാ സാക്ഷിക്കുന്നത് ശ്രദ്ധിക്കുക. "കാൺമിൻ, നാം ദൈവമക്കളെന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്ക് എത്ര വലിയ സ്നേഹം തന്നിരിക്കുന്നു" 1. യോഹന്നാൻ 3:1 സ്നേഹത്തിന്റെ പൂർണ്ണതയാണ് ദൈവമെന്ന് നാം വായിക്കുന്നു. "സ്നേഹം ദൈവത്തിൽനിന്നു വരുന്നു, സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹംതന്നെ" 1 യോഹ. 4: 7, 8. സ്വർഗ്ഗസ്ഥപിതാവിന്റെ സൽഗുണപൂർണ്ണത യാചിക്കുവാൻ നാം സ്നേഹം ധരിച്ചേ തീരു.

ദുഷ്ടതയോടുള്ള പ്രതിരോധതയും അഭിവൃദ്ധിയ്ക്കായുള്ള കൂട്ടായ്മയും ദൈവീകമായ സ്നേഹവും നമുക്ക് പൂർണ്ണത കൈവരുത്തും ഈ പൂർണ്ണത നിത്യതയിലേക്കു നമുക്ക് വഴിയൊരുക്കുകയും ചെയ്യും.

സ്ലീബായുടെ ശേഷം ഒന്നാം ഞായർ
വി. മർക്കോസ് 13:28–37

പാലസ്തീൻ പ്രദേശത്ത് സർവ്വസാധാരണ വിളയായിരുന്ന അത്തിവൃക്ഷവും മുന്തിരിവള്ളിയും സാധാരണ മനുഷ്യന്റെ ജീവിതത്തെ സ്വാധീനിക്കാനുതകുന്ന വലിയ പാഠങ്ങൾക്ക് മുഖാന്തിരമായി യേശു കാണിച്ചുതന്നു. കൊമ്പുകൾ നാനാഭാഗത്തേക്കും പടർത്തി ശീതളവും ശാന്തസുന്ദരവുമായ അന്തരീക്ഷം സംജാതമാക്കുന്ന അത്തിവൃക്ഷം നല്കുന്ന പക്വഫലങ്ങൾ ആസ്വാദ്യകരമാണ്. യഹൂദൻ അത്തിവൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കാൻ താല്പര്യപ്പെട്ടിരുന്നു. സുഭിക്ഷതയുടെ പര്യായമായി അത്തിവൃക്ഷത്തെ പ്രവാചകന്മാർ കണ്ടിരുന്നു. അത്തിവൃക്ഷവും മുന്തിരിവള്ളിയും നല്കുന്ന അനുഭവത്തെ ദേശത്തിന്റെ സമൃദ്ധിയായി പ്രവാചകന്മാർ പഠിപ്പിച്ചു. സാധാരണ യഹൂദ മതജീവിതത്തെയും സാമൂഹ്യ പശ്ചാത്തലത്തെയും സ്വാധീനിച്ച അത്തിയെ ഉപമിച്ചുകൊണ്ട് മശിഹായുടെ രണ്ടാംവരവും ലോകാവസാനവും സംബന്ധിച്ച് തിരുവചനം നല്കുന്ന മൂന്നു സന്ദേശങ്ങൾ അർത്ഥപൂർണ്ണമാണ്.

1. സുനിശ്ചിതത്വത്തിന്റെ സന്ദേശം

സാധാരണ ധനു, മകരം മാസങ്ങളിൽ ഇലകൾ കൊഴിഞ്ഞുനില്കുന്ന അത്തിമരം മീനമാസത്തിലാണ് തളിർക്കുന്നത്. തളിരുകളോടുകൂടി കായ്കളുമുണ്ടാവുമെന്നത് സുനിശ്ചിതമാണ്. ഈ ഫലങ്ങളിൽ കുറെയെങ്കിലും പ്രതികൂലകാലാവസ്ഥകളെ ചെറുത്തുകൊണ്ട് നിലനില്ക്കും. സ്വാദിഷ്ടമായ ഈ ഫലങ്ങൾ നിലനില്ക്കെത്തന്നെ കൊമ്പുകൾ വീണ്ടും തളിർക്കുകയും കായ്ക്കുകയും ചെയ്യും. അപ്പോൾ തളിരിടുന്ന അത്തിയിൽ കായ്കൾ ഇല്ലാതെയിരിക്കുക എന്നത് അസാധാരണ കാഴ്ചയായിരിക്കും. ഇത്തരത്തിൽ ഒരു സുനിശ്ചിതാവസ്ഥയാണ് പുനരാഗമനത്തെപ്പറ്റി യേശു നല്കുന്നത്. തന്റെ പരസ്യശുശ്രൂഷയുടെ സായാഹ്നവേളയിൽ ശിഷ്യന്മാരോടുള്ള യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട് ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെയടുക്കൽ ചേർത്തുകൊള്ളും.വി. യോഹന്നാൻ 14:2, 3. പരിശുദ്ധനായ പത്രോസ് ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധിക്കുക എന്നാൽ പ്രിയമുള്ളവരെ, കർത്താവിനു ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. 2 പത്രോസ് 3:8–10. കർത്താവിന്റെ വരവ് സുനിശ്ചിതമാണ്. സമയം അനിശ്ചിതമെങ്കിലും

2. സമീപ്യത്തിന്റെ സന്ദേശം

കൊമ്പ് ഇല്ലാതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തുവെന്ന് നിങ്ങൾ അറിയുന്നുവല്ലോ എന്ന് യേശു പറഞ്ഞു. ഇത് അത്തിയെ സംബന്ധിച്ചാണ്. വേനലിന്റെ സാമീപ്യം ഇലകളുടെ വ്യത്യസ്ഥതകൊണ്ടു പ്രകടമാകുന്നതുപോലെ തന്റെ പുനരാഗമനത്തിനും ലോകാവസാനത്തിനും മുമ്പുള്ള അടായളങ്ങൾ യേശു വിശദീകരിക്കുന്നുണ്ട്. ഞാൻ ആകുന്നു എന്നു പറഞ്ഞു പേരെടുത്തുവന്നു അനേകർ പലരെയും തെറ്റിക്കും. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കുമ്പോൾ ഭ്രമിച്ചു പോകരുത്. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. അവിടവിടെ ഭൂകമ്പവും ക്ഷാമവുമുണ്ടാകും. വി. മർക്കോസ് 13: 6, 7. ആധുനിക ലോകത്തിന്റെ സാമൂഹ്യരാഷ്ട്രീയ ശാസ്ത്രീയ പശ്ചാത്തലം പരിശോധിക്കുമ്പോൾ ഇന്ന് കരഗതമായിരിക്കുന്ന വിജ്ഞാന വിസ്ഫോടനവും സമസൃഷ്ടി വൈരവും ആസന്നമായ പുനരാഗമനത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങളായി കണ്ടുകൂടാ എന്നില്ല. സഭയുടെ ആരാധനയിലും ആചാര അനുഷ്ഠാനങ്ങളിലും പുനരാഗമനത്തിന്റെ സാമീപ്യമാണ് പരാമർശിച്ചിട്ടുള്ളത്.

"നാഥാ നിൻ മൃതിയോർത്തെങ്ങൾ
നിന്നുത്ഥാനമതേറ്റോതി
കാക്കുന്നു നിൻ പുനരാഗമനം
വാഴ്വരുളുക ഞങ്ങൾക്കെന്നും

ഇത് വി. കുർബാനമദ്ധ്യേ ആലപിക്കുന്ന ഗാനമാണ്. ഇവിടെ കർത്തൃപുനരാഗമനപ്രതീക്ഷയിൽ വാഴ്വുകൾ വർത്തമാനകാലത്തിൽ പ്രാപിക്കുന്ന സഭയെയാണ് കാണുന്നത്.

3 ഫലപരിശോധനയുടെ സന്ദേശം

യജമാനൻ സന്ധ്യയ്ക്കോ അർദ്ധരാത്രിയ്ക്കോ കോഴികൂകുന്ന നേരത്തോ രാവിലെയോ എപ്പോൾ വരുമെന്ന് അറിയായ്കകൊണ്ട് അവൻ പെട്ടെന്നു വന്നു നിങ്ങളെ ഉറങ്ങുന്നവരായി കണ്ടെത്താതിരിക്കേണ്ടതിനു ഉണർന്നിരിപ്പിൻ വി. മർക്കോസ് 13: 35, 36. ഉണർവിന്റെ അനുഭവം ഫലം കായ്ക്കുന്ന അനുഭവമാണ്. കർത്താവ് മുന്തിരി വള്ളിയും വിശ്വാസികൾ കൊമ്പുകളുംമായിട്ടുള്ള സാദൃശ്യത്തിൽ നാം കാണുന്നത് ഫലം കായ്ക്കാത്ത കൊമ്പുകളൊക്കെയും വെട്ടി അഗ്നിയ്ക്ക് ഇരയാക്കപ്പെടുമെന്നാണ്. അത്യസാധാരണമായ നിലയിൽ ഫലം കാണായ്കയാൽ ശാപത്തിനു പാത്രമായിത്തീർന്ന അത്തിവൃക്ഷത്തെപ്പറ്റിയും നാം വായിക്കുന്നുണ്ടല്ലോ. രണ്ടാം വരവ് എന്ന യാഥാർത്ഥ്യം ഒരു ഫല പരിശോധനയുടെ സന്ദേശവും

നമുക്ക് നല്കുന്നു. വിശ്വസ്തതയോടുകൂടി വർത്തിക്കുവാൻ ചുമതലയേല്പിക്കപ്പെട്ടിരിക്കുന്ന സഭ കർത്തവ്യത്തിൽനിന്നു വ്യതിചലിക്കുന്നപക്ഷം നേരിടേണ്ടിവരുന്നത് പരിശോധനയുടെ പരീക്ഷണമാണ്.

കർത്താവായ യേശുവേ വരേണമേ എന്നത് ഏതു കാലത്തും സഭയുടെ പ്രാർത്ഥനയായിരുന്നു. എന്നാൽ ദുഃഖകരമായ മറ്റൊരു വസ്തുത അനേകവ്യക്തികളും ഗ്രൂപ്പുകളും കർത്താവിന്റെ രണ്ടാംവരവിനും ലോകാവസാനത്തിനും സമയം നിശ്ചയിച്ചിട്ട് നിരാശയിലേക്കോ ഒരുപക്ഷേ ആത്മഹത്യയിലേക്കുതന്നെയോ നിപതിച്ചിട്ടുണ്ടെന്നുള്ളതാണ്. എന്നാൽ, പുനരാഗമനത്തിനു തീയതി കുറിയ്ക്കുവാൻ ദൈവം മനുഷ്യനെ അനുവദിച്ചിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ആനാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല. വി. മർക്കോസ് 13:32 യേശുവിന്റെ ഈ പ്രഖ്യാപനം തന്റെ സർവ്വജ്ഞാനത്തിന് അപവാദമായിട്ടല്ല കാണേണ്ടത് മറിച്ച് പരിമിതികൾക്കു വിധേയമായ തന്റെ മനുഷ്യത്വത്തെയും സ്വർഗ്ഗസ്ഥപിതാവിൽ ആരോപിക്കപ്പെട്ടിരിക്കുന്ന അദ്വീതിയ സർവ്വജ്ഞതയെയുമാണ് ഇവിടെ ദർശിക്കാവുന്നത്. എന്നാൽ സുനിശ്ചിതത്വത്തിന്റെയും സാമീപ്യത്തിന്റെയും ഫലപരിശോധനയുടെയും മഹത്തായ സന്ദേശം പേറിക്കൊണ്ട് കർത്താവിന്റെ പുനരാഗമനം ഉയർത്തുന്ന മുന്നറിയിപ്പുകളെ നമുക്ക് അവഗണിക്കാനാവുമോ? ഇളതായി ഇല തളിർക്കുകയും എന്നാൽ ഫലശൂന്യതയാൽ നിരാശജനിപ്പിക്കുകയും ചെയ്യുന്ന അത്തിവൃക്ഷമായിരിപ്പാൻ നമുക്കാവുമോ? ഈ ചോദ്യങ്ങൾക്കു മറുപടി നമ്മുടെ ആത്മീയ ദർശനത്തിന്റെ ആഴവും പരപ്പുമനുസരിച്ചായിരിക്കും തർക്കമില്ല.

സ്ലീബായുടെശേഷം രണ്ടാം ഞായർ വി. മത്തായി 16:5–12

രക്ഷകനായ ക്രിസ്തു തന്റെ രക്ഷാപദ്ധതിയിൽ പങ്കുകാരാകുവാൻ ശിഷ്യസമൂഹത്തെയും പുരുഷാരത്തെയും ക്ഷണിക്കുമ്പോൾ അവർക്ക് സാരപൂർണ്ണമായ ഉപദേശങ്ങൾ നല്കുന്നത് ചില സന്ദർഭങ്ങളിൽ സാദൃശങ്ങളിലൂടെയാണ്. ലളിതവും ശ്രദ്ധേയവുമായ ഈ ഉപമാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അപ്പത്തെ സംബന്ധിച്ചത്. സർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പമെന്ന നിലയിൽ യേശു സ്വയം പരിചയപ്പെടുത്തുമ്പോൾ അത് തന്റെ പുകഴ്ചയ്ക്കുവേണ്ടിയല്ല മറിച്ച് തന്നിൽ വിശ്വസിക്കുന്നതിലൂടെ ഏവരും നിത്യജീവന് അവകാശികളായിത്തീരുവാൻവേണ്ടിയാണ്. ആഹാരം മനുഷ്യന്റെ നിലനില്പിന്റെ മുഖ്യഘടകമായതിനാൽ അപ്പത്തിന്റെ സാദൃശ്യം ഏറെ ആകർഷണീയമായിരുന്നു എന്നാൽ, ചില സന്ദർഭങ്ങളിലെങ്കിലും ശിഷ്യന്മാരും പുരുഷാരവും യേശു ഉദ്ദേശിച്ച കാര്യം മനസ്സിലാക്കാതെ പ്രതികരിച്ചതായി കാണുന്നുണ്ട്. ഇത്തരം അവസരങ്ങളും യേശു തന്റെ പ്രബോധനങ്ങൾക്ക് കളമാക്കിയെന്നതാണ് ചിന്താർഹമായിട്ടുള്ളത്. ഇപ്രകാരമുള്ള ഒരു വേദഭാഗമാണ് ഇന്നത്തെ ധ്യാനചിന്ത.

> **വ്യക്തികളെയോ സമൂഹത്തെയോ എഴുതിത്തള്ളുകയല്ല ഇന്നിന്റെയാവശ്യം. മറിച്ച് മലിനതകൾ നീക്കി പവിത്രീകരിക്കുകയാണ്.**

1. ശിഷ്യന്മാർ മറന്നുപോയ ജീവനില്ലാത്ത അപ്പം

പുളിമാവ് സൂക്ഷിക്കുവാൻ യേശുപറഞ്ഞ വാക്ക് ശിഷ്യന്മാർ ആക്ഷരിക അർത്ഥത്തിലാണ് ഉൾക്കൊള്ളുന്നത്. ആയതിനാൽ അവർ എടുപ്പാൻ മറന്നുപോയ അപ്പത്തെക്കുറിച്ചാണ് തൽക്ഷണം ചിന്തിച്ചത്. അതാവട്ടെ നശിച്ചുപോകുന്ന ആഹാരവും. ഇവിടെ ശിഷ്യസമൂഹം ഒരു വലിയ വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നു. എന്നും എവിടെയും ശാരീരികപോഷണത്തിനും ഭൗതീക അഭിവൃദ്ധിയ്ക്കും മാത്രം ഉതകുന്നതിനെ ആരായുന്നവരാണിവർ. ആത്മീയ ജീവിതത്തിലോ വിശ്വാസജീവിതത്തിലോ ഇതൊരു മുഖ്യമായ ഘടകമേയല്ല. കാരണം യേശു അരുൾചെയ്തു നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പംതിന്നു തൃപ്തരായതുകൊണ്ടത്രെ എന്നെ അന്വേഷിക്കുന്നത്. നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല നിത്യജീവങ്കലേക്കു നിലനില്ക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പിൻ. അതു മനുഷ്യപുത്രൻ നിങ്ങൾക്കുതരും. വി. യോഹന്നാൻ 6: 26, 27.

2. കപട ഉപദേശമെന്ന നാശകരമായ അപ്പം

"അല്പവിശ്വാസികളേ ഇപ്പോഴും നിങ്ങൾ തിരിച്ചറിയുന്നില്ലയോ? പരീശന്മാരുടെയും സാദൂക്യരുടെയും പുളിച്ചമാവു സൂക്ഷിച്ചുകൊള്ളേണമെന്നു പറഞ്ഞത് അപ്പത്തെക്കുറിച്ചല്ല എന്നു തിരിച്ചറിയാത്തത് എന്ത്?" വി. മത്തായി16: 8, 11 ഇത് യേശു ശാസനാസ്വരത്തിൽ തന്റെ ശിഷ്യന്മാരോട് കല്പിക്കുന്നതത്രെ. കപടതയുടെ പര്യായങ്ങളായ പരീശന്മാരും പുനരുത്ഥാനമില്ലയെന്ന് വിശ്വസിക്കയും പഠിപ്പിക്കയും ചെയ്ത സാദൂക്യരും യേശുവിന്റെ ദൃഷ്ടിയിൽ ആത്മീയതയുടെ അന്തകരാണ്. അതുകൊണ്ടുതന്നെ അവരുടെ ഉപദേശങ്ങളും സ്വാധീനവും വളരെ സൂക്ഷിച്ചുമാത്രം ഉൾക്കൊള്ളേണ്ടവയുമാണ്. വാക്കിലും പ്രവൃത്തിയിലും ബന്ധമില്ലാതെയിരുന്ന ശാസ്ത്രിമാർ മോശയുടെ പീഠത്തിലിരിക്കുന്നതിനാൽ അവരുടെ ഉപദേശം അനുസരിപ്പാൻ യേശു അനുവദിച്ചു. എന്നാൽ അവരുടെ പ്രവൃത്തിപോലെയരുത് എന്നു താൻ നിഷ്കർഷിച്ചു. സത്യവിശ്വാസം അഭംഗുരം കാത്തുപരിപാലിച്ച പിതാക്കന്മാർ ഒരിക്കലായി ഭരമേല്പിക്കപ്പെട്ട വിശ്വാസത്തെ വികലമാക്കുവാനുള്ള ശ്രമങ്ങൾ കാണുമ്പോൾ ഈ ഉപദേശത്തിന്റെ കാലികപ്രസക്തി ഊഹിക്കാവുന്നതേയുള്ളു. അസാരം പുളിമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നതുപോലെയാണ് ദുരുപദേശങ്ങൾ സമൂഹത്തെത്തന്നെ ദോഷകരമായി സ്വാധീനിക്കുന്നത്. ഏദൻ പർദീസയിൽ മനുഷ്യൻ അനുഭവിക്കേണ്ടിവന്ന പതനത്തിന്റെ ആരംഭം അവൻ ആസ്വദിച്ച ദുരുപദേശമെന്ന അപ്പമായിരുന്നല്ലോ.

യേശുക്രിസ്തു ജീവന്റെ അപ്പം

യേശു അവരോടു പറഞ്ഞത് ഞാൻ ജീവന്റെ അപ്പമാകുന്നു. എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കയുമില്ല. വി. യോഹന്നാൻ 6:35 തിബെര്യാസ് കടൽക്കരയിൽ അപ്പത്തിന്റെ സമൃദ്ധിയിൽ പുരുഷാരത്തെ തൃപ്തരാക്കിയ കർത്താവിന്റെ പണ്ഡിതന്മാർക്കും പരീശന്മാർക്കും മനസ്സിലാക്കാൻ സാധിച്ചില്ല. കാരണം അവരെ സ്വാധീനിച്ചിരുന്നത് ജഢീക ചിന്തകളാണ്. ഇത് വിശ്വാസജീവിതത്തിൽ പലപ്പോഴും നമുക്കും സംഭവിക്കാവുന്നതാണ്. പ്രാരംഭവും പ്രവൃത്തിയും പ്രത്യാശയുമായ യേശുവിന് നിത്യജീവിതത്തിലുള്ള സ്ഥാനവും സ്വാധീനവും നാം വിസ്മരി

ഉദ്ഘാടനം

ഉമയാറ്റുകര സെന്റ് തോമസ് വലിയ പള്ളിയിലെ യുവജനപ്രസ്ഥാനത്തിന്റെയും മദ്യവർജ്ജന യൂണിറ്റിന്റെയും ഉദ്ഘാടനം. അഭി. തോമസ് മാർ അത്താനാസിയോസ് നിർവ്വഹിക്കുന്നു. വികാരി ഫാ. ജോൺ വറുഗീസ്, ഡി. ബഞ്ചമിൻ തോമസ് എന്നിവർ സമീപം

WANTED LADY WARDEN

for

Good Shepered Public School & Junior College (CBSE-Residential)

Thengana Madappally P.O. Changanacherry

Middle aged, preferably graduate

Salary Negotiable

Contact:

Principal Immediately

Phone: **0481 - 473732 (Off.)**

473093 (Off)

572087 (Res.)

ക്കുമ്പോഴാണ് ആത്മീയഗമനത്തിൽ വ്യതിചലനങ്ങളുണ്ടാകുന്നത്. നന്മയെ നാം തിരസ്കരിക്കുന്നത്. ഈ അനുഭവം മുൻനിർത്തി യഹോവയുടെ അരുളപ്പാട് തന്റെ പ്രവാചകനായ യിരമ്യാവിലൂടെയുണ്ടായത് ശ്രദ്ധേയമാണ്. എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു. അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു വെള്ളമില്ലാത്ത കിണറുകളെ പൊട്ടക്കിണറുകളെത്തന്നെ കുഴിച്ചിരിക്കുന്നു യിരമ്യാവ് 2:13.

ഇവിടെ സംഗതമായിരിക്കുന്ന മറ്റൊരു കാര്യം തന്റെ ഭൗതികസാന്നിദ്ധ്യവും നിറവും മറന്ന് ജീവനില്ലാത്ത അപ്പത്തെപ്പറ്റിയും മറ്റും ചിന്തിക്കുന്ന ശിഷ്യസമൂഹത്തെ യേശു അല്പവിശ്വാസികളെന്ന് സംബോധന ചെയ്യുന്നതാണ്. നവംനവങ്ങളായ ചുറ്റുപാടുകളും ഭൗതികജീവിതത്തിന്റെ തിരത്തള്ളലുകളും യേശുവിന്റെ സാമീപ്യത്തിൽനിന്നും ശക്തിയിൽനിന്നും നമ്മെ അകറ്റുന്നുവെങ്കിൽ നമ്മുടെ സ്ഥാനവും മറ്റൊന്നല്ല. സർവ്വശക്തനായ കർത്താവ് സകലത്തിനും മതിയായവനാണ്. അവിടുന്ന് സകല നന്മകളുടെയും സമൃദ്ധിയുടെയും ശ്രോതസ്സാണ്. നമ്മുടെ ജീവിതപടകിൽ അവിടുന്ന് സന്തത സഹചാരിയാണ്. ഈ വസ്തുത മനസ്സിലാക്കി ജീവിച്ചാൽ നമുക്ക് വിശ്വാസം ആശ്രയമായിത്തീരും. ജീവന്റെ അപ്പമായ ക്രിസ്തു പുതുജീവന്റെ അച്ചാരവും ആനന്ദവുമായി ഭവിക്കും.

○

28-ാം ചരമവാർഷികം

10-9-2000

തോട്ടത്തിൽ ഗീവർഗീസ് കത്തനാർ

ഉമയാറ്റുകര

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമേ വലഭാഗത്ത്"

MATRIMONIAL

Parents hailing from Mavelikara, temporarily settled at Raipur (M.P.), invites proposals for their only daughter, 24, years, 158 cms., preparing for C.A. (desirous to continue for C.A. even after marriage) from parents of Orthodox boys, 26-29 year practicing or exployed as Chartered Accountants/Company Secretaries. Father of the bride is employed in Income Tax Department and mother is the director of a private limited company. Proposal from boys doing C.A. final with excellent academic career shall also be considered. Please send the details to -

Smt. Rosamma Samuel,
Managing Director, Udaya Economics Housing & Constructions Private Limited, Plot No. A-5/10, Sector-1, Udaya Nagar, Tatibandh P.O.,
Raipur (M.P.) 492 099,
Phone No. 0771-325189, 0771-324685, 0479-307371.

Indian Christianity in the Gulf- a quest for identity and recognition

Fr. Dr. Abraham Oommen

I think the quest for identity and recognition is not limited to the Indian Christians. Our Christian brothers and sisters of other countries residing in the Gulf, also face the same problems. Only difference may be that the Arab Christians can be better intergrated into the Gulf society because of the language and culture. Westerners are feared or respected. Moreover these groups are wealthy compared to the Indians.

Identity is internal, connected with one's self understanding, character, or personality. Recognition is, of course, based on identity but it is done by others. The first is how does one perceive himself/herself or the community itself, the second is how others see the individual or the community. There can be a lot of differences between these two. eg. Christians in India viewed by the Hindus as foreigners, spies etc. Self understanding or the identity of the Indian Christians in the Gulf is like a dew drop on the blade of a grass in the morning- ephemeral and superficial with out any real involvement in the society. Either they are not interested or have not the ability and the favourable circumstances to get involved. They view the Gulf simply as a gold mine. Once the gold is extracted no body pays any attention to the mine. I. is a very pragmatic approach.

The Imminent Return

Has the time come to close this file? I am sure much has been said and done about migrant situation in our earlier meetings. Even in the last Gulf Conference in Cyprus, Bishop Mar Coorilos, Fr. John, Dr. Henreitta and others brought light to this issue. Now the wind has started blowing in the opposite direction. It is the ebbing tide. We can foresee a mammoth exodus of the Indians from the Gulf, about to take place in the near future. In fact it has already begun. The reduction of Salaries, competition with the workers from South East and South West Asia- Bangladesh, Srilanka, Pakistan, Philippines, who are prepared to work for lesser salaries, shortage of skilled workers, Gulf government's policies to cut short the expatriate workers and give jobs to the nationals, are some of the reasons. This would pose many problems to the Govt. of India as well as the people. According to the study of Centre for Development Studies, Trivandrum, till now 7,39,000 migrant workers from Kerala have returned. By 2000 this would become 12.5 lakhs and by 2002 it may reach 17.5 lakhs. (The number of people returned to Kerala from the other Indian states and foreign countries is now roughly 16,98,000)

Indian Christians in the Gulf

What are the motives for the presence of Indian Christians in the Gulf, rich and poor? Why does the Gulf play such an important role in their lives?

According to the present conditions at least for a few more years there will be a large Keralite population as well as other Indians in Gulf. According to 1998 statistics, Kerala has got 37.5 lakhs migrant workers. The large scale migration began in 1970s. It steadily increased. Within the last decade, the increase was 120%, an unbelievable phenomenon. Out of the Keralite migrant workers all over the world, 95% are in the Middle East. The flow of Migrant Workers in the 50's was to Singapore, Malaysia, Japan etc.; in the 60's was mainly to USA, Canada and Europe; in the 70s to Gulf. Among other communities that have come over to Gulf the largest number is from the Muslim-they got 47% of the total Indians in the Gulf. The next group is Christians followed by Hindus.

Gulf/Persia has been always the *Swapna bhoomi*-the dream land. It all began with the discovery and export of oil from Gulf. It is told by Geoffrey Catson Burg who made the cartoon film *Prince of Egypt* that the story of the discovery of Gulf Oil is connected with Bible. In 1926 The Managing Director of Standard Company, America, thought about the Biblical account of Moses being placed in a box made of reeds covered by tar. Tar is a by product of oil when it is refined. That meant the area was rich in oil. Subsequent explorations and research led to the discovery of oil in the Middle East! Gulf became the `promised land' in the world labour market. Stories of help and co-operation- friends and relatives brought their close people, but stories of treachery and exploitation also. To work in Gulf is the dream of every youth. While they are in India, they do not know the reality of the Gulf. Many Travel agencies, recruiting agencies make capital out of this desire. There were a lot of illegal immigrants. Some obtain `Free Visa' which is not really free. They try "to live and let others live." Indians, especially the Keralites were educated and skilled. Their country did not offer enough opportunities for them. If they would get a good job in India, many would be prepared to go back. They wanted to have a better life better earnings- for them and their families. The women trained themselves as nurses and paramedicals and the men

mostly unskilled employees but some as doctors and engineers. Gulf offered the highest salaries. Their currencies had higher exchange rates. Some could take long term leave from Govt. In the Gulf a new work culture was evolved. Once they were out of the country they were prepared to do anything, which they will not do in their own country. Some came for better prospects. But poverty, unemployment and poor earnings in the home land forced many to try their luck in the Gulf by giving their little savings, selling their houses and properties even their wives' *thali.* (the small gold pendant with a cross tied during the wedding on the girl's neck). The person who came first brought a lot of family members. In the marriage market the gulf had highest priority. (with many problems too!). When one goes to Gulf, it is said "Rakshapettu"-saved. In Chavakkad, a district in Kerala where almost every bread winner is in Gulf, mostly Muslims, it is more important to obtain a passport than a school certificate. In the central districts of Kerala also, mostly Christians, it is the same case.

Among the Indian migrant workers we can see three groups:

1. The success stories: Those who enjoy good life. For some people the Gulf offered a very good life. They struck gold. They feel more at home here than in Kerala. The new generation went to school here and had higher education India and then got job here. They have been spending most of their time here.
2. The in-betweens: They had hard times but some times success also. So they decide to stick on.
3. The hardships: For the majority the dreams are shattered once their feet touched the shore of Gulf. Salaries are lower than the promise or for which they sign. Salaries are also not coming on time-weeks and months of delay; out of work for many days weeks and months. Changes of duties, long hours of work with no over time, frugal food, excruciating conditions of weather. The irony is that after spending most of the good years in Gulf, when they return, they do not have a long time to live. Many become sick. The relatives do not care. The people in the homeland are only concerned about the money that is being sent: Tensions at the place of work and in the house; Slave-like conditions with no chance to get a release; False accusations, physical brutality, no settlements; Split families: about half of them have left their families in India giving rise to mental tensions. In the same apartment several families live together causing problems in man-woman relationships. Most pathetic case is that of the house maids. Some are treated well. But hundreds are in the shelter of Indian embassy waiting for the mercy of some one to go back to India. Some of them are well qualified nurses and teachers I get many requests for tickets and loans. Leif Munksgaard who worked in Kuwait has written, "It is in this group that religious pressures are the strongest and the Islamic Presentation Committee is actively seeking to work within this group. The case list of pain and failure is much longer and the situation is open for perpetual exploitation. But what can be done as too many people suffer under poorer conditions back in the Asian home countries? Finding no hope in their home situation and having heard about the gold to be found in the Gulf countries, they come to the Gulf-legally illegally -hoping for better conditions. Some will return even after failure and deportation-if they get the chance."

Cultural Identity

What do they carry with them of their own beliefs and cultural identity and what impact does this have on their lives in the Gulf?

"Pravasi Oru Kadamkatha" - "The Migrant: A Riddle", a poem written in Malayalam expresses the condition of the migrant well. Most of them have the nostalgia for their homeland. The cultural shock in the totally new environment makes them loose their balance. It is difficult to cope with even the time structure. Coming from India where they had the freedom to do what they want, any restrictions in the Gulf becomes a burden. They can not be a part of the social life in the guest country where they can not get citizenship. Just 'foreigners'. Some times they have to suffer xenophobia-the hatred and contempt from the locals. But in other parts of the world into which they migrate, there are chances of creative interaction and leadership. So here they sustain their identities-social, cultural and religious-enthusiastically. Refugees and migrant workers are mostly like fish out of water. Apart from the inhospitable environment, their own snobbishness, pride, jealousy precipitates problems. They are unwilling to face the realities. Commercialized education, rush for engineering and medical degrees, importance of prestige, especially in way of buildings, forces many to struggle in the Gulf. Much suffering is not known to others. When they return home they borrow money and make a parade of luxury just to show that they are well off. No recognition either in the home-land or in the Gulf. When a Kerala Muslim sought are received a gift of money from a migrant worker from the Gulf, who is his neighbour, instead of thanking the donor, the recipient said, "Allah! ninte kasu" meaning 'Allah! it is your money.'

Cont....14

പടങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന വേദവിപരീതങ്ങൾ

സിറിൽ റമ്പാൻ

പഞ്ചേന്ദ്രിയങ്ങളിൽ കൂടി ലഭിക്കുന്ന ഗ്രഹണശക്തിയാണ് നമ്മുടെ മതവിശ്വാസങ്ങൾക്കുപകരിക്കുന്നത്. കാഴ്ചയിൽകൂടി നമ്മെ ബോധ്യപ്പെടുത്തുവാനുള്ള ശ്രമമാണ് ക്രിസ്തീയപടങ്ങൾ ചെയ്യുന്നതും. ഇന്നത്തെപ്പോലെ ഫോട്ടോഗ്രഫി അജ്ഞാതമായിരുന്ന പഴയകാലത്തെ മതവിശ്വാസികൾ ചിലപ്പോൾ നേരിട്ടു കണ്ടവരോ ആത്മികദർശനം ലഭിച്ചവരോ ആത്മികഗുണങ്ങളുടെ മൂർത്തീകരണം മനഃസങ്കല്പത്തിൽ കണ്ടവരോ — ആ മനസ്സങ്കല്പത്തെ ചായക്കൂട്ടുകളുടെ സഹായത്തോടെ കവികൾ വാചകങ്ങൾ കൊണ്ടു വരച്ചു കാട്ടുമ്പോലെ, ചിത്രകലാവിദഗ്ദ്ധർ ധ്യാനാത്മകതയോടെ രൂപംകൊടുത്തിട്ടുള്ളതാണ് പുരാതന മതചിത്രങ്ങളധികവും. എന്നാൽ അവരവരുടെ വിശ്വാസങ്ങൾ അടിച്ചേല്പിക്കുവാൻവേണ്ടി, സാധാരണ ജനങ്ങൾ ബഹുമാനിക്കുന്ന ദിവ്യകഥാപാത്രങ്ങളെ വികലമെന്നു പറയാൻ പാടില്ലെങ്കിലും, ശരിയായ വിശ്വാസത്തിനു ഭംഗം നേരിടാവുന്നവിധത്തിൽ ചിത്രങ്ങൾ രൂപകല്പനചെയ്യാറുണ്ട്. അതിൽ ചിലതു ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

1. യോർദ്ദാൻ നദിയിലെ കർത്തൃമാമോദീസാചിത്രം: ഇതിലെ പിതൃപുത്ര ചിത്രീകരണത്തിൽ പ്രായവ്യത്യാസം കാണിക്കുവാനും പുത്രനില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്നും പിന്നീടു ജനിച്ചവനാണു പുത്രനെന്നും ഉള്ള അറിയൂസിന്റെ വേദവിപരീതാശയം പ്രചരിപ്പിക്കുവാൻ വയസ്സനായി താടിമീശകളോടെ പിതാവിനെ ഉയരത്തിലും യുവാവായ യേശുവിനെ (പുത്രനെ) യോഹന്നാൻ മാബ്ദാനയുടെ മുമ്പിലും പരിശുദ്ധാത്മാവിനെ മധ്യാകാശത്തു[illegible]നു പറന്നിറങ്ങുന്ന രൂപത്തിലും കാണിച്ചിരിക്കുന്ന പടത്തിൽകൂടി അറിയൂസുകാരുടെ ഉപദേശം ഉറപ്പിക്കുന്നതാണ് അതെന്നു അറിയൂസിന്റെ സ്വന്തം നാട്ടിൽവച്ച് അറിയൂസിൽനിന്നു കേട്ടും നേരിട്ടുകണ്ടും അറിഞ്ഞിട്ടുള്ള ഈജിപ്തുകാർ അഥവാ കോപ്റ്റിക്കുസഭക്കാർ ആപടം ദേവാലയങ്ങളിലോ ഭവനങ്ങളിലോ വയ്ക്കുന്നതിനെ നിരോധിച്ചിട്ടുണ്ടെന്ന് ലേഖകനു നേരിട്ടറിവുണ്ട്. കോപ്റ്റിക്ക് പാത്രിക്കീസ് ആബാഷിനുഡായുടെ വെള്ളിയാഴ്ച പ്രസംഗത്തിൽ ഇക്കാര്യം ഉറപ്പിച്ചു തറപ്പിച്ചു പറയുന്നതും ഈ ലേഖകൻ കേട്ടിട്ടുള്ളതുമാണ്. നമുക്കും ആ ചിത്രം വർജ്ജ്യമാണ്, കാരണം പ്രായവ്യത്യാസം കാണിക്കുന്നുവെന്നതും അരൂപിയായ ദൈവത്തെ താടിമീശകളുള്ള വൃദ്ധനായും ചിത്രീകരിച്ചിരിക്കുന്നു എന്നതിനാലുമത്രെ.

2. തിരുഹൃദയചിത്രങ്ങൾ: ഇവ കർത്തൃമാതൃഹൃദയങ്ങളുടെ ആഭൂത വിശുദ്ധി, ഇവയെ കാണിക്കുവാനുദ്ദേശിച്ച് റോമാസഭക്കാർ നെഞ്ചിനകത്തെ ഹൃദയത്തെ എടുത്തു വെളിയിൽ കാണിച്ചിരിക്കയാണ്. ഇത് റോമാ പടയാളികൾ കുന്തംകൊണ്ടു കുത്തി മുറിവേല്പിച്ചതിലും കഠിനമാണ്. മാറു മുഴുവൻ വെട്ടിത്തുറന്ന് ഹൃദയം എടുത്തുവെളിയിൽ കാണിക്കുന്നത്.

നിന്റെ ഹൃദയത്തിൽ കൂടി ഒരു വാൾ കടക്കും എന്ന് വൃദ്ധനായ ശെമയോൻ പറഞ്ഞതു കാൽവറി ക്രൂശിൽ സ്വന്തം മകനെ കണ്ടനുഭവിച്ചു എങ്കിലും ഉയർത്തെഴുന്നേറ്റും സ്വർഗ്ഗാരോഹണം ചെയ്തും തന്റെ പുത്രനേക്കണ്ടു സന്തോഷിപ്പിച്ച ആ മാതൃഹൃദയത്തെ നമ്മളായിട്ടു വീണ്ടും കുത്തിത്തുറന്നു കാണിക്കണമോ. ആ സാഹസം ഓർത്തഡോക്സുകാരെന്നല്ല ഹൃദയമുള്ള ആരും സമ്മതിക്കുന്ന ഒന്നല്ല. അതിനാൽ, മാറു കുത്തിത്തുറന്ന കർത്താവിന്റെയും മാതാവിന്റെയും ചിത്രങ്ങൾ നാം വർജ്ജിക്കേണ്ടതാണ്. ഇന്നാരുതന്ന നേർച്ചപ്പടമാണ് അതവിടെ ഇരുന്നോട്ടെയെന്ന് അച്ചായഭക്തന്മാരും കൊച്ചമ്മ ഭക്തരും ചിന്തിക്കുന്നെങ്കിൽ അതേ ചായക്കൂട്ടു തേച്ചു ആ ഭാഗം മറച്ചുവയ്ക്കയാണു വേണ്ടത്.

3. യേശുക്കുഞ്ഞിനെ വഹിക്കാതെയുള്ള മാതൃചിത്രം: അപ്പോസ്തോലിക സഭകളെല്ലാം മാതാവിന് വിശുദ്ധരിൽ പ്രഥമസ്ഥാനമാണു കൊടുത്തിട്ടുള്ളത്. മാർത്തോമ്മാ ശ്ലീഹാ ഇവിടെവന്നു സുവിശേഷം അറിയിക്കുന്ന എ.ഡി. 52–നും 70–നുമിടയിൽ മലങ്കരയിൽ സ്ഥാപിച്ച നിരണം തുടങ്ങിയ പള്ളികൾ — അന്ന് ക്രൈസ്തവവിശുദ്ധരും സഹദേരും പൊതു അംഗീകരണം ലഭിക്കാത്ത കാലയളവിൽ — മാതാവിന്റെ നാമത്തിലാണ് സ്ഥാപിച്ചിട്ടുള്ളതും വിശുദ്ധ മാതാവു ജീവിച്ചിരുന്ന കാലയളവിൽത്തന്നെ സുവിശേഷകനായ വി. ലൂക്കോസ് വരച്ചത് എന്ന് ഗ്രീസിലെ മൗണ്ട് ആഥോസി (വട്ടപെയ്ഡി ആശ്രമത്തി)ലും സൈപ്രസിലെ ഖിക്കോ മോണാസ്റ്ററിയിലും സൂക്ഷിച്ചിരിക്കുന്ന ഇടതും-വലതും വശങ്ങളിൽ യേശുക്കുഞ്ഞിനെ വഹിച്ചിരിക്കുന്ന അതിപുരാതന എണ്ണ ഛായാചിത്രങ്ങൾ ആണ് — ലോകത്തിലെ മാതൃചിത്രങ്ങൾക്ക് പ്രധാന ആധാരം — ഓർത്തഡോക്സ് സഭകളെല്ലാം യേശുക്കുഞ്ഞിനെ വഹിച്ചുകൊണ്ടിരിക്കുന്ന മാതൃചിത്രത്തിനാണ് അംഗീകരണം നല്കിയിട്ടുള്ളതും.

യേശുവിനെ കൂടാതെയും മാതാവിനു ശക്തിയുണ്ടെന്ന സങ്കല്പാർത്ഥധ്വനി ഉണ്ടാക്കുന്നതു ശരിയല്ല എന്ന ഓർത്തഡോക്സ് വിശ്വാസത്തിനെതിരായി മാതാവു തനിച്ചുള്ള തിരുഹൃദയപ്പടവും ഏകാന്തപ്പടവും ഓർത്തഡോക്സുകാർ — ഈജിപ്ത്, സിറിയ, അർമ്മേനിയ, എത്യോപ്യ, ഗ്രീസ്, റഷ്യ ആദിയായവർ ഉപയോഗിക്കാറില്ല. അതുകൊണ്ട് പള്ളികളിലോ കുരിശിൽതൊട്ടികളിലോ ഉള്ള യേശുകുഞ്ഞിനെകൂടാതെയുള്ള പടം മാറ്റി കുഞ്ഞിനോടുകൂടെയുള്ള പടം പുനഃസ്ഥാപിക്കേണ്ടതാ

ണ്. (മാതാവു തനിച്ചുള്ള മനോഹരചിത്രങ്ങൾ നിഷിദ്ധങ്ങളെന്നല്ല നമുക്കു കൂടുതൽ സ്വീകാര്യം യേശുകുഞ്ഞിനെ വഹിക്കുന്നതാണ്)

4. കർത്താവിനേയും മാതാവിനെയും (Side by Side) ഒരേ ലവലിൽ കാണിച്ചുള്ള ചിത്രങ്ങൾ: ഇതു മനുഷ്യരക്ഷയ്ക്ക് യേശുക്രിസ്തുവിനോടൊപ്പം മാതാവിനും പങ്കുണ്ടെന്ന റോമൻ കത്തോലിക്കാ സഭയുടെ Co-redemptsom തീയറി തെളിയിക്കുവാൻവേണ്ടിയുള്ള ചിത്രമാണ്.

ഇതു കുറച്ചു കടന്ന കൈയ്യാണ് സ്ത്രീസമത്വം രക്ഷാമാർഗ്ഗത്തിലും വേണമെന്നുള്ള അമിതാവേശപ്രസരമാണോ എന്നറിഞ്ഞില്ല.

യേശുവിനെ ഗർഭത്തിൽ വഹിച്ചു പ്രസവിച്ചതും ശൈശവകാലത്തു വളർത്തിയതും തന്നെ പിൻപറ്റി. വിശുദ്ധിയിൽ ജീവിച്ചു ഭാഗ്യമരണം പ്രാപിച്ചതും കർത്താവിന്റെ ലോകോത്തരോപദേശങ്ങൾക്കും രക്ഷാകര മരണപുനരുത്ഥാനസ്വർഗ്ഗാരോഹണങ്ങൾക്കും സമമാണ് എന്നു പഠിപ്പിക്കുന്നത്. കർത്താവിനേയും മാതാവിനേയും ക്രൈസ്തവവിശ്വാസത്തേയും അവഹേളിക്കുന്ന ഉപദേശമാകയാൽ സമനില സങ്കല്പിച്ചുകൊണ്ടുള്ള ഈ പടവും നമ്മുടെ ഭവനങ്ങളിലോ പള്ളികളിലോ സ്ഥാപനങ്ങളിലോ ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു. ●

Indian Christianity.....

The social analysis of the Indians in the Gulf would show them as a very insecure community. In Kuwait they live under the threat (imagined or real) of invasion. No job security; No entertainment facilities-no socialization, Seeking solace in alcohol. For some religion becomes the refuge. There also we see the preference for extreme tendencies rather than a balanced spirituality. The `Church politics' is at the highest. Churches are considered like clubs for outing-so lot of programmes in the churches- picnics, harvest festivals, cultural activities of various groups.

Multitude of organization to promote Indian culture - in Kuwait 200 such organizations. There are more cultural activities in the Gulf than in Kerala. Festivals such as Onam, Vishu, Christmas are lavishly celebrated. The religious and cultural activities are to keep the memories of the homeland alive, an attempt to recreate the atmosphere in the foreign land like the captives on the banks of river Babylon. (Psalm 137).

The Generation gap is evident. While the old suffers the younger generation is affluent and lavish. They have no moorings. Wanderers in the real sense. wandering between two worlds - the Gulf and India without really belonging to either. □

മദ്ധ്യസ്ഥത യാചിച്ചുകൊണ്ട്

Antony E.J.
Elsamma; Joseph & Christy

202, Suncity Apts, New Kosad Rd., Amroli, Surat-394 107

പരിസ്ഥിതിയുടെ ആത്മീയത-III

ഭൂമി ഒരു രോഗിണി

പ്രൊഫ. കെ.പി. ജോയി

സൃഷ്ടിയിലെ ഏറ്റവും മനോഹാരിതവും അഭ്യുതിയവുമായ ഗ്രഹമാണ് ഭൂമി. ജീവന്റെ തുടിപ്പും പ്രസരിപ്പും അനുഭവപ്പെടുന്ന ഒരേ ഒരു ഗ്രഹം. ഇത് അഖിലാണ്ഡത്തിലെ കോടിക്കണക്കിനുള്ള ഗ്രഹങ്ങളിലെ ഒരു ചെറിയ സംവിധാനം മാത്രം. 'ശൂന്യാകാശത്തിൽ സ്വതന്ത്രമായി ഒഴുകി നടക്കുന്ന സുന്ദരമായ ഒരു ചെറിയ നീല മാർബിൾ—അതാണ് ഭൂമി.' 1965–ൽ അന്താരാഷ്ട്രസഭയിലെ അമേരിക്കൻ അംബാസിഡർ അഡ്‌ലായി സ്റ്റീവൻസൺ ഒരു പ്രസംഗത്തിൽ പറഞ്ഞ വാക്കുകളാണിത്. 1968–ൽ അപ്പോളോ 8 എന്ന ശൂന്യാകാശപേടകത്തിലെ സഞ്ചാരികൾ കണ്ട കാഴ്ചയും ഇതുതന്നെയായിരുന്നു. ചന്ദ്രനിൽനിന്നെടുത്ത ഭൂമിയുടെ ചിത്രങ്ങൾ ഈ ആശയത്തെ പിന്താങ്ങി.

നാമും, മറ്റ് ജൈവ–അജൈവ വസ്തുക്കളും ഒന്നിച്ചു യാത്രചെയ്യുന്ന ഒരു ശൂന്യാകാശവാഹനമായാണ് പലരും ഇന്ന് ഭൂമിയെ കാണുന്നത്. ജീവിക്കാനാവശ്യമായ എല്ലാ വസ്തുക്കളും ഉൾക്കൊണ്ട്, സ്വയംപര്യാപ്തമായി, അനന്തമായ യാത്രയ്ക്കിറങ്ങിത്തിരിച്ച ഒരു 'സ്ഫേസ്ഷട്ടിൽ'- ആരാണിതിന്റെ കമാൻഡർ? ആരുംതന്നെയില്ല. പേടകം സ്വയം നിയന്ത്രിക്കുന്നു അഥവാ അദൃശ്യമായ ഒരു ദിവ്യശക്തി അതിനെ നയിക്കുന്നു.

ജീവൻ നിലനിർത്തുന്നതിനാവശ്യമായ വിഭവങ്ങളെല്ലാം ഈ ശൂന്യാകാശവാഹനത്തിലുണ്ട്. ഏതെങ്കിലും അവയവത്തിന് കേടു സംഭവിക്കുകയോ മാറ്റമുണ്ടാവുകയോ, നിയന്ത്രണം നഷ്ടപ്പെടുകയോ ചെയ്താൽ പേടകം അപകടത്തിലാവും. വാസ്തവത്തിൽ അതാണിന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും, പേടകത്തിനു താങ്ങാനാവാത്ത വിധം, എല്ലാ പരിധികളെയും അതിലംഘിച്ച്, മനുഷ്യവർഗം പെരുകുന്നു. ഉള്ളിലെ വിഭവങ്ങളെ അതിരുകവിഞ്ഞു ചൂഷണം ചെയ്യുന്നു. മലിനീകരണവും, വിഭവശോഷണവും, വിവിധ ഭാഗങ്ങൾ തമ്മിലുള്ള സന്തുലിതാവസ്ഥയുടെ തകരാറും മൂലം നിയന്ത്രണസംവിധാനങ്ങളെല്ലാം പാടേ തകിടംമറിയുന്നു. ഇതെല്ലാം അതിശക്തമായ ആഘാതമാണ് ഭൂമിയുടെ മേൽ അടിച്ചേല്പിക്കുന്നത്. ഇതിന്റെ ഫലമോ? ഭൂമി എന്ന ശൂന്യാകാശപേടകത്തിൽ അധികനാൾ സുഗമമായി ഇതുപോലെ നമുക്ക് യാത്രചെയ്യാനാവില്ല. അഗാധ ഗർത്തത്തിലേക്കു പേടകം നിപതിക്കുമോ എന്നതാണ് ഇന്നത്തെ ഭയം. ഇതാണ് യഥാർത്ഥ പരിസ്ഥിതി പ്രശ്നം. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നമ്മെ കാത്തിരിക്കുന്ന ദുരന്തം ഭൂമിയുടെ ദാരുണമായ പതനമാവുമോ?

ഭൂമി ഒരു ജീവിയാണ്. ആരോഗ്യം ക്ഷയിച്ചുകൊണ്ടിരിക്കുന്ന രോഗി.

> **"ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങുന്നു. ഭൂമി പൊടുപൊടെ പൊട്ടുന്നു. ഭൂമി കിറുകിറെ കീറുന്നു. ഭൂമി കിടുകിടെ കിടുങ്ങുന്നു. ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നു. കാവൽമാടംപോലെ ആടുന്നു. അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു. അതു വീഴും എഴുന്നേല്ക്കുകയുമില്ല."**

പരമ്പരാഗതമായി ഭൂമിയെ നാം വീക്ഷിച്ചിരുന്നത്, അഗ്നിപർവ്വതങ്ങൾ, പാറക്കെട്ടുകളുടെ രൂപീകരണം, ജലചംക്രമണം എന്നിങ്ങനെയുള്ള ഭൗതിക ശക്തികളാൽ നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അചേതനവസ്തുക്കളുടെ ഒരു സമുച്ചയമായിട്ടാണ്. 1970 തോടുകൂടി വിപ്ലവകരമായ ഒരു പുതിയ സിദ്ധാന്തം ബ്രിട്ടീഷ് രസതന്ത്രജ്ഞനായ ജെയിംസ് ലൗവ്‌ലോക്ക് മുന്നോട്ടുവച്ചു. പ്രാചീന ഗ്രീക്ക് ദേവതയായ 'ഗയാ' എന്ന് ഭൂമിയെ അദ്ദേഹം നാമകരണം ചെയ്തു.

ഭൂമിദേവി അഥവാ ഭൂമി മാതാവ് എന്ന ഭാരതീയ സങ്കല്പത്തിന് സമാനമായ ഒരു സിദ്ധാന്തമാണിത്. ഇതനുസരിച്ച് ഭൂമി എന്ന ഈ ഗ്രഹം ഒരു ജൈവഘടനയെപ്പോലെ നിലനില്ക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വലിയ ജീവിയാണ്. ജീവൻ നിലനിറുത്തുന്നതിനാവശ്യമായ എല്ലാ ഘടകങ്ങളെയും താങ്ങി നിറുത്തുന്നതിനും, അവ തമ്മിലുള്ള സമസന്തുലിതാവസ്ഥ നിലനിറുത്തുന്നതിനും, കേടുപാടുകൾ ഉണ്ടായാൽ അത് സ്വയം പരിഹരിക്കുന്നതിനാവശ്യമായ ഒരു ആന്തരിക ശക്തിയും ഈ ജൈവ–അജൈവ സംവിധാനത്തിൽ അന്തർലീനമായിട്ടുണ്ട്. സ്വയം നിയന്ത്രിക്കുന്നതിനും കേടുപാടുകൾ പരിഹരിക്കാനുള്ള ശക്തി എന്നതുകൊണ്ടും ഒരു വലിയ ദുരന്തത്തിനു ശേഷവും ജീവൻ നിലനിർത്താൻ ഭൂമിക്കു കഴിയുമെന്നാണോ അർത്ഥം. നമുക്കറിഞ്ഞുകൂടാ. അങ്ങനെ സംഭവിച്ചാൽ തന്നെയും ജീവൻ അതിന്റെ ഇന്നത്തെ രൂപത്തിൽതന്നെ തുടരുമോ, മനുഷ്യവർഗം ഇതേ രീതിയിൽ നിലനില്ക്കുമോ എന്നതിനെക്കുറിച്ച് നമുക്ക് ഇപ്പോൾ ഒരു രൂപവുമില്ല.

ജീവൻ തുടിക്കുന്ന ഒരു വലിയ ജീവിയാണ് ഭൂമിയെന്നും, നാം അതിന്റെ ഒരു ചെറിയ അംശം മാത്രമാണെന്നുമുള്ള വാദഗതി ഈ ലോകത്തിന്റെ നിലനില്പിനുവേണ്ടി ആഗ്രഹിക്കുന്നവരെ ഉത്സാഹഭരിതരാക്കുന്നു. ഭൂമിക്ക് അതിന്റേതായ രാസപരവും, ജൈവപരവും, ഭൗതികവുമായ പ്രവർത്തനങ്ങളും ആവശ്യങ്ങളുമുണ്ടെന്നാണിതിനർത്ഥം. അതു നിറവേറ്റുകയും, നിലനിർത്തുകയും ആദരിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഭാരതീയ പാരമ്പര്യത്തിൽ ഭൂമിയെ അമ്മയായി ആദരിക്കുകയും പ്രകൃതിവസ്തുക്കളിൽ ഈശ്വരാംശം ദർശിക്കുകയും ചെയ്യുന്നതു വഴി, ഭൂമിയെ ആദരിക്കുക മാത്രമല്ല വിശുദ്ധി കല്പിക്കുകയും ചെയ്യുന്നു. ചിതൽപ്പുറ്റുപോലും ചിദാനന്ദ രൂപമായാണ് നാം കണ്ടത്. വിഷ്ണു പത്നിയായ ഭൂമിദേവിയുടെ മേൽ പാദസ്പർശം നടത്തിയ തെറ്റിൽ

ക്ഷമ ചോദിക്കുന്ന സംസ്ക്കാരവും ഋഗ്വേദത്തിലുണ്ട്. വേദപുസ്തകത്തിലും ഭൂമിയെ വിശുദ്ധമായി പറയുന്നുണ്ട്. പുറപ്പാടു പുസ്തകം 3–ാം അദ്ധ്യായം അഞ്ചാം വാക്യത്തിൽ യഹോവ മോശയോട് 'നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാകയാൽ കാലിലെ ചെരുപ്പ് അഴിച്ചുകളയുക എന്നു പറയുന്നു.' വിശുദ്ധമായതിനെ നശിപ്പിക്കാതെ സംരക്ഷിക്കണമെന്നർത്ഥം.

ഇസ്രായേൽ പ്രവാചകന്മാർ ഭൂമിയെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നതും ശ്രദ്ധേയമാണ്. "സർവ്വഭൂമിയും ദൈവത്തിന്റെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്നു"വെന്ന് യെശയ്യാ പ്രവാചകൻ (യെശ. 6:3) ഉദ്ഘോഷിച്ചു. "സമുദ്രം വെള്ളംകൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ട് പൂർണ്ണമായിരിക്കുന്നു"വെന്ന് യെശയ്യാ 11–9ലും രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം സൃഷ്ടിച്ച്, നിരന്തരം പുതുക്കിക്കൊണ്ടിരിക്കുന്ന ഈ പുണ്യഭൂമിയെ മലിനീകരിക്കാനുള്ള അവകാശം ആർക്കാണുള്ളത്? ഭൂമിയെ അശുദ്ധമാക്കിയ മനുഷ്യജാതിയോട് അതേ പ്രവാചകനിലൂടെ ദൈവം അരുളിചെയ്യുന്നത് "ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിച്ചിരിക്കുന്നു." (യെശയ്യ. 65:17) ശാശ്വതമായ സന്തോഷവും സമാധാനവും ഉള്ള ഒരു പുതിയ ലോകം "ഞാൻ സൃഷ്ടിക്കുന്നതിനെക്കുറിച്ച് നിങ്ങൾ സന്തോഷിച്ച് എന്നേക്കും ഘോഷിച്ചുല്ലസിപ്പിൻ" (യെശയ്യാ 65:18) എന്ന് അരുളിചെയ്യുമ്പോൾ മനുഷ്യന്റെ കടമ എത്രയോ വലുതാണെന്ന് വ്യക്തമാക്കുന്നു.

നിർഭാഗ്യവശാൽ ഭൂമി എന്ന മനോഹരിയായ ജീവി ആരോഗ്യം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു രോഗിയായി മാറിയിരിക്കുന്നു എന്നാണു റിപ്പോർട്ട്. ആഗോള ഉഷ്ണീകരണം (ഹരിതഗ്രഹപ്രഭാവം), അമ്ലമഴ, മലിനീകരണം, വിഭവശോഷണം, ജൈവവൈവിധ്യനഷ്ടം, മണ്ണൊലിപ്പ്, വരൾച്ച, മരുവൽക്കരണം, ഊർജ്ജപ്രതിസന്ധി, വനനശീകരണം, ആണവവികിരണം, ജനസംഖ്യാവിസ്ഫോടനം ആദിയായവയാണ് രോഗലക്ഷണങ്ങൾ. യഥാർത്ഥരോഗം എന്താണ്? ചൂഷണവും അന്യവൽക്കരണവും, ലാഭക്കൊതിയിലധിഷ്ഠിതമായ വികസനപ്രക്രിയകളും, അതുവഴി സമ്പാദിച്ച ഉപഭോക്തധനാഢ്യ ജീവിതശൈലിയുമാണ് യഥാർത്ഥരോഗം.

"ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങുന്നു. ഭൂമി പൊടുപൊടെ പൊട്ടുന്നു. ഭൂമി കിറുകിറെ കീറുന്നു. ഭൂമി കിടുകിടെ കിടുങ്ങുന്നു. ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നു. കാവൽമാടംപോലെ ആടുന്നു. അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു. അതു വീഴും എഴുന്നേല്ക്കുകയുമില്ല."

യെശയ്യാ. 24:19–20.

ലോകോല്പത്തിയിൽ

"അടുത്ത നാല്പതു വർഷത്തിനുള്ളിൽ ഭൂമിയെ അതിനേറ്റിരിക്കുന്ന ജ്വരബാധയിൽനിന്നു രക്ഷിക്കണം." കാര്യവിവരമുള്ള പരിസ്ഥിതി ശാസ്ത്രജ്ഞന്മാർ നല്കുന്ന മുന്നറിയിപ്പാണിത്. അല്ലാത്തപക്ഷം ഭൂമി മരിക്കും. ഭൂമിയുടെ നാശം നമുക്കു താങ്ങുവാനാവാത്തതാണ്. കാരണം മനുഷ്യവർഗ്ഗത്തിന്റെ മാത്രമല്ല. കോടാനുകോടി വർഷങ്ങളിലെ പരിണാമപ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞു വന്ന ദൃശ്യവും അദൃശ്യവുമായ വൈവിധ്യമാർന്ന ജീവജാലങ്ങളുടെ എല്ലാം അന്ത്യമായിരിക്കാം അത്. ഇതൊരടിയന്തരാവസ്ഥയാണ്. 'അർമ്മഗദോൻ' പടിവാതുക്കൽ നിൽക്കുന്ന പ്രതീതി.

അടുത്ത നൂറ്റാണ്ടിലേക്കു കാൽകുത്തിയിരിക്കുന്ന നമ്മെ ഒരു പുതിയ ഭയം കീഴടക്കിയിരിക്കുന്നു. നിലനില്പിനെതിരെയുള്ള ഭീഷണി. മനുഷ്യന്റെ മാത്രമല്ല ഭൂമിയുടെതന്നെ നിലനില്പ്. ഉല്പത്തിക്കാലത്ത് ദൈവം മനുഷ്യനെ ഏദൻതോട്ടത്തിൽനിന്നു മാത്രമേ പുറത്താക്കിയുള്ളു. ഇന്ന് ഭൂമിയിൽനിന്നുതന്നെ പുറത്താക്കപ്പെടുമോ എന്നാണ് ഭയം. ഉല്പത്തി. 3:17–ൽ കേട്ട ശബ്ദം "നീ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു" എന്നാണ്. പ്രകൃതിയുടെ നാശം മനുഷ്യന്റെ പാപത്തിൽനിന്നാണ് ഉടലെടുത്തത്. യെശയ്യാ. 24:5. "ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു." അവർ പ്രമാണങ്ങളെ ലംഘിച്ചു ചട്ടത്തെ മറിച്ചു നിത്യനിയമത്തിനു ഭംഗം വരുത്തിയിരിക്കുന്നു. നിത്യമായ ഉടമ്പടി തകർത്തിരിക്കുന്നു. 1992–ൽ ബ്രസീലിൽ ചേർന്ന "റയോ" ഭൗമ ഉച്ചകോടിക്ക് (Rio Earth Summit)സമാന്തരമായി വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് അവിടെത്തന്നെ വിളിച്ചുകൂട്ടിയ മതസമ്മേളനത്തിലും രേഖപ്പെടുത്തിയ പ്രധാന വാക്യം ഇതായിരുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നതിന്റെ ഫലമെന്താണ്? മനുഷ്യനും മനുഷ്യനും തമ്മിലുള്ള മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം തകർന്നു.

(അടുത്തതിൽ: പരിസ്ഥിതിയുടെ ആത്മീയത)

പത്തു കല്പനകൾ

കെ.സി. അലക്സാണ്ടർ, പുനലൂർ

സത്യം ദൈവം ഏകനവൻ
വേറൊരു ദൈവം പാടില്ല.
മിഥ്യയതായൊരു പ്രതിമകളെ
വാർത്തുഭജിപ്പതു മൂഢത്വം
ഈശന്നപ്രിയമോർക്കേണം
കർത്തൻ തന്നുടെ നാമത്തെ
പാഴായ് ചൊല്വതു ശിക്ഷാർഹം.
ശുദ്ധമതായി കാക്കേണം
വിശ്രാന്തിക്കു വിധിച്ചൊരുനാൾ
ആയുസ്സായതമായീടാൻ
അപ്പനേകുക ബഹുമാനം
ഏകുക അതുപോലമ്മയ്ക്കും.
ഇടമേകരുതെ ചിത്തത്തിൽ
വെടിയുക, ക്രൂരം നരഹത്യ
വലുതാം പാപം പരസംഗം
അതുപോൽ നിന്ദ്യം മോഷണവും
വർജ്യം രണ്ടുമതെന്നീശൻ
കല്പിക്കുന്നു കർശനമായ്
സാക്ഷിക്കൂട്ടിൽ കയറരുതേ
കളവായ് സാക്ഷ്യമുരച്ചീടാൻ
അപരനാസ്തിയതിൻമീതേ
ആകരുതാശയതൊരുനാളും
ഉളവാം നാശം ബഹുകഷ്ടം
ഏവം പത്തിഹ കല്പനകൾ

ലക്ഷ്യയാത്ര

കുഞ്ഞുമോൻ വാരിക്കാട്

ജീവിതം ഒരു തീർത്ഥയാത്രയാണ്. ഒരു പാദവും നാം പുറകോട്ടു വയ്ക്കുന്നില്ല. ഒരു ദിവസവും നാം പുറകോട്ടു നടക്കുന്നില്ല. നടക്കുവാൻ സാധിക്കുകയും ഇല്ല. കഴിഞ്ഞുപോയ ഇന്നലെയിലേക്കു വീണ്ടും ഇറങ്ങി ചെല്ലാം എന്ന് വ്യാമോഹിച്ചിട്ടു കാര്യമില്ല. നാളെയിലേക്കു കടക്കുവാൻ സാധിക്കും എന്നതിന് യാതൊരു ഉറപ്പും ഇല്ല. അങ്ങനെ നമ്മുടെ ജീവിതമാകുന്ന യാത്രയിൽ ചില പരിമിതികൾ ഉണ്ടെന്നും ആ പരിധിക്കുള്ളിൽ നിന്നു കൊണ്ടു മാത്രമേ യാത്ര തുടരുവാൻ കഴിയുകയുള്ളുയെന്നും നമുക്ക് വ്യക്തമായി അറിയാം. അങ്ങനെ വരുമ്പോൾ നമ്മുടെ യാത്രയ്ക്ക് ഒരു ലക്ഷ്യം ആവശ്യമാണ്. ഇല്ലെങ്കിൽ യാത്ര ഫലവത്താകാതെ പോകുമെന്നുള്ളതിന് യാതൊരു സംശയവും ഇല്ല. അതോടൊപ്പം ജീവിതം വിരസമായി തോന്നുകയും ചെയ്യും. ലക്ഷ്യം ഉണ്ടെങ്കിൽ മാത്രമേ വിജയമോ പരാജയമോയെന്നുള്ളത് അറിയുവാൻ സാധിക്കുകയുള്ളു.

ജീവിതത്തിന്റെ വഴിത്തിരിവിലേക്കു കടക്കുമ്പോൾ ലക്ഷ്യം എന്താണെന്നും അഥവാ ലക്ഷ്യം ഉണ്ടോയെന്നും, ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ എന്തു ചെയ്യണമെന്നും ചിന്തിക്കാറില്ല. ലക്ഷ്യം മുന്നിൽ കാണുന്നതിനു മുമ്പുതന്നെ യാത്രയാരംഭിച്ചവരാണ് നാം ഓരോരുത്തരും. ജീവിതം തെരഞ്ഞെടുക്കുന്നതിന് എന്തു മാനദണ്ഡമാണ് നാം സ്വീകരിക്കേണ്ടതെന്ന് അറിയാതെ നാം യാത്രതുടരുകയാണ്. പുറകോട്ടു നടക്കുവാനും, നില്ക്കുവാനും, നാളെയിലേക്ക് ഓടികയറുവാനും പറ്റുകയില്ല. സൃഷ്ടികർത്താവിന്റെ നിയന്ത്രണമനുസരിച്ച് മാത്രമേ പ്രയാണം തുടരുവാൻ സാധിക്കുകയുള്ളു.

രണ്ടു തരം ജീവിതരീതികളാണ് സാധാരണയായി ജനങ്ങളുടെ ഇടയിൽ കണ്ടുവരുന്നത്.

1. അധമമായ ജീവിതം

ഇത് വളരെ പ്രയാസം കുറഞ്ഞതും അദ്ധ്വാനവും സമർപ്പണവും ഒന്നും ആവശ്യം ഇല്ലാത്തതും ആയതുകൊണ്ട് എല്ലാവരും ഇതിനെ കൂടുതൽ ഇഷ്ടപ്പെടുന്നു. ഇത് പ്രയാസം കുറഞ്ഞതായതുകൊണ്ട് സ്വയം തെരഞ്ഞെടുക്കുകയോ സാഹചര്യങ്ങൾ അതിലേക്ക് നമ്മെ വലിച്ചിഴയ്ക്കുകയോ സാധാരണമാണ്. ഇതിൽനിന്നും ലഭിക്കുന്ന സന്തോഷം നമ്മെ അല്പനേരത്തേക്കു മാത്രമേ സ്വപ്നലോകത്തിലെ അനുഭൂതിയിൽ എത്തിക്കുകയുള്ളു. അതിനുശേഷം കടുത്ത നൈരാശ്യത്തിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു. അധമമായ ജീവിതം നമ്മെ പരാജയത്തിലേക്കാണ് നയിച്ചതെന്ന് പിന്നീടു മാത്രമേ അറിയുകയുള്ളു. അപ്പോൾ നമ്മുടെ ജീവിതത്തിലുണ്ടാകുന്ന തെറ്റുതിരുത്തുവാൻ അവസരം ലഭിക്കാതെ കാലം കടന്നുപോകുന്നു. ഈ അവസരത്തിൽ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നാൽ അത് ഭയാനകമായിരിക്കും. ജീവിതമൂല്യങ്ങളെ കാണേണ്ട സമയത്തും കാണേണ്ട വിധത്തിലും കാണുവാൻ ശ്രമിക്കാതിരുന്നാൽ അതിനെക്കുറിച്ച് ഓർമ്മിച്ച് ദുഃഖിക്കുവാൻ മാത്രമേ സാധിക്കുകയുള്ളു. ജീവിതത്തിൽ യാതൊരു ലക്ഷ്യവും ഇല്ലാതെ അലഞ്ഞുതിരിഞ്ഞു ഭൗതികവും അധമവുമായതിനുവേണ്ടി മാത്രം സമയം കളഞ്ഞതിനെ ഓർമ്മിച്ചു ദുഃഖിക്കുമെങ്കിലും തിരുത്തുവാൻ അവസരം ലഭിക്കാത്തതിലുള്ള ദുഃഖം അധികരിക്കുകയേയുള്ളു.

2. ഉന്നതമായ ജീവിതം

ഉന്നതമായ ജീവിതം ആഗ്രഹിക്കുന്നവർ വളരെയേറെ ത്യാഗം സഹിക്കുന്നതിന് തയ്യാറാകേണ്ടിയിരിക്കുന്നു. അത് നിസ്സാരമായി തള്ളാവുന്ന കാര്യമല്ല. വളരെയധികം സ്ഥിരപരിശ്രമവും സ്വയസമർപ്പണവും ആവശ്യമായിട്ടുള്ള കാര്യമാണ്. ഉന്നതമായ ആദർശങ്ങൾ വളർത്തിയെടുക്കണമെങ്കിൽ നമ്മുടെ ലക്ഷ്യം ധാർമ്മിക പ്രമാണങ്ങളിൽ അധിഷ്ഠിതമായിരിക്കണം. അതിന് ദൈവത്തിന്റെ കൃപയാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. നമ്മുടെ ജീവിതമാകുന്ന തീർത്ഥയാത്രയുടെ കേന്ദ്രബിന്ദു യേശുക്രിസ്തു ആയിരിക്കണം. അങ്ങനെ വരുമ്പോൾ ഉന്നതാദർശങ്ങളിലേക്ക് അവിടുന്ന് നമ്മെ നയിക്കും. അതോടൊപ്പം ആരംഭവും മാനദണ്ഡവും യേശുക്രിസ്തു ആയിരിക്കണം.

ആർനോൾഡ് എന്ന ചിന്തകൻ അദ്ദേഹത്തിന്റെ ജീവിതത്തിൽ മൂന്നുവിധത്തിലുള്ള ആളുകളെ കണ്ടതായി തന്റെ ലേഖനത്തിൽ പറയുന്നു. ഒരു കൂട്ടർ, ജീവിതയാത്രയുടെ ആരംഭത്തിൽ തന്നെ പരാജയമടയുന്നവരാണ്. മറ്റൊരു കൂട്ടർ ജീവിതയാത്രയുടെ അവസാനത്തേക്ക് അടുക്കുമ്പോഴേക്കും പരാജയം വരിക്കുന്നു. ഈ രണ്ടു കൂട്ടരും തങ്ങൾക്കു കിട്ടിയ വിലയേറിയ അവസരങ്ങൾ നഷ്ടപ്പെടുത്തിയവരാണ്. ഒറ്റനോട്ടത്തിൽ പ്രയാസം കുറഞ്ഞതു എന്ന് അവർക്കു തോന്നിയ അധമമായ പാതയിൽ പ്രയാണം തുടരുകയും ചെയ്തതുകൊണ്ടാണെന്നാണ് ആർനോൾഡിന്റെ അഭിപ്രായം. മൂന്നാമത്തെ വിഭാഗം ആരംഭത്തിൽതന്നെ ദൈവത്തിന് പൂർണ്ണമായി അവരെ സമർപ്പിക്കുകയും തന്നിൽ ആശ്രയിക്കുകയും ദൈവവിശ്വാസത്തോടുകൂടി പ്രതിബന്ധങ്ങളെ നേരിടുകയും, പരാജയങ്ങളെ വിജയങ്ങളുമായി രൂപാന്തരപ്പെടുത്തി എടുക്കുകയും ചെയ്തവരാണ്. ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെടുന്ന ജീവിതത്തിനു മാത്രമേ ജീവിതത്തിൽ സന്തോഷവും സമാധാനവും ഉത്തേജനവും ലഭിക്കുകയുള്ളു. അതുപോലെതന്നെ യേശുക്രിസ്തുവിനായി സമർപ്പിക്കപ്പെട്ട ജീവിതത്തിനു മാത്രമേ ഉന്നതമായ മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുവാനും സാധിക്കുകയുള്ളു.

യേശുക്രിസ്തുവിനായി നമ്മെ സ്വയം സമർപ്പിച്ചു കഴിഞ്ഞാൽ ആ ജീവിതത്തിന് അധമമായ അവസ്ഥയിലേക്കു താഴുവാൻ സാധിക്കുകയില്ല. ദൈവത്തോടു ബന്ധിച്ചു കഴിഞ്ഞാൽ അവിടുത്തെ ഇഷ്ടം നിർവ്വഹിക്കുവാൻ നാം ബന്ധപ്പെട്ടവരായി തീരുമെന്നുള്ളതിന് സംശയമില്ല. അങ്ങനെ യേശുക്രിസ്തു നമ്മുടെ കേന്ദ്രബിന്ദുവായി കഴിഞ്ഞാൽ നമ്മുടെ വീക്ഷണം ആ ബിന്ദുവിൽ കേന്ദ്രീകരിക്കുവാനുള്ള കൃപ നമുക്കു ലഭിക്കും.

നമ്മുടെ ജീവിതപാത ഏതെന്നു നാം തെരഞ്ഞെടുക്കുകയും അങ്ങനെ തെരഞ്ഞെടുത്ത ജീവിതം പൂർണ്ണമായി യേശുക്രിസ്തുവിന് സമർപ്പിച്ചു കഴിയുമ്പോൾ 'ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ വസിക്കുന്നത്' എന്ന്

പൗലോസ് അപ്പോസ്തോലനെപ്പോലെ പറയുവാൻ ശക്തരായിത്തീരും. നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം നമ്മുടെ അന്തരാത്മാവിൽ ചെറിയ അളവിലെങ്കിലും ഉണ്ടാകുമ്പോൾ നമ്മുടെ ജീവിതം യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ചുകൊണ്ട് ശക്തി പ്രാപിക്കണം. അങ്ങനെ വരുമ്പോൾ ഉയിർത്തെണീറ്റവനായ യേശുക്രിസ്തുവിന്റെ ജീവൻ നമ്മിൽ പ്രവർത്തിക്കും. വിജയത്തിലും പരാജയത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും ഇങ്ങനെ ജീവിതത്തിന്റെ എല്ലാ തുറകളിലും ദൈവത്തിനായി സമർപ്പിക്കപ്പെട്ട ജീവിതമാണ് നമുക്കുള്ളതെങ്കിൽ അതിനെ ശക്തീകരിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യും.

യഥാർത്ഥ സമർപ്പണമുള്ളവർ ദൈവകരങ്ങളിൽ അവിടുത്തെ ഇഷ്ടത്തിനനുസരണമായ ഉപകരണമായിത്തീരും. ജീവിതത്തിലുണ്ടാകുന്ന എല്ലാ വീഴ്ചകളും പ്രതിബന്ധങ്ങളും ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ഉപാധികൾ ആണ്.

ആധുനിക ലോകം ധാർമ്മികമായി അധഃപതിച്ചുകൊണ്ടിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നതും, ജീവിതത്തെ തെരഞ്ഞെടുക്കേണ്ടിവരുന്നതും. ഭൗതിക സന്തോഷങ്ങളിൽ മുഴുകി ജീവിതത്തിന് അർത്ഥവും വിലയും കണ്ടെത്താൻ കഴിയാത്ത നിരീശ്വരവാദികളുടെ ഇടയിലാണ് നാം ജീവിക്കുന്നത്. ഈ യാത്ര തുടങ്ങിയത് എവിടെനിന്നാണെന്നും അവസാനിക്കുന്നത് എവിടെയാണെന്നും കണ്ടുപിടിക്കുവാൻ ശ്രമിക്കുന്ന ശാസ്ത്രജ്ഞന്റെ ഇടയിലാണ് നാം ജീവിക്കുന്നത്. ഈശ്വരനെ മാറ്റി നിർത്തി മനുഷ്യന്റെ അന്വേഷണ ഉത്സാഹവും, ബലവുമാണ് പ്രപഞ്ചത്തെ നയിക്കുന്നതെന്ന് ചിന്തിക്കുന്ന ഒരു ലോകത്തിലാണ് നാം കഴിയുന്നത്. പ്രപഞ്ചശക്തിക്ക് മനുഷ്യജീവിതവുമായി ഏതെങ്കിലും തരത്തിൽ ബന്ധം ഉണ്ടോയെന്ന് സംശയത്തോടെ വീക്ഷിക്കുന്ന ശാസ്ത്രയുഗത്തിലും, ശാസ്ത്രം ദൈവിക ശക്തിയേക്കാൾ മുന്നേറിയിരിക്കുന്നുയെന്ന വകാശപ്പെടുന്ന ഒരു യുഗത്തിലൂടെയാണ് നാം പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നത്. 'ദൈവം മരിച്ചിരിക്കുന്നു' എന്ന നൂതന സുവിശേഷവുമായി ഓടി നടക്കുന്ന ഒരു ജനതയുടെ മദ്ധ്യേയാണ് നാം ജീവിക്കുന്നത്. ഈ ഒരു പശ്ചാത്തലത്തിലാണ് നാം നമ്മുടെ ജീവിതലക്ഷ്യം കണ്ടെത്തേണ്ടത്. നമ്മുടെ ജീവിതം ദൈവത്തിനു പൂർണ്ണമായി സമർപ്പിച്ചുകഴിയുമ്പോൾ ഏത് തെരഞ്ഞെടുക്കണം എന്ന് അവിടുന്ന് നമുക്ക് കാണിച്ചുതരും.

ജീവിതം ഏറ്റം മനോഹരമാകുന്നത് അതിനെ തിരുസന്നിധിയിൽ സമർപ്പിക്കുമ്പോഴാണ്. ദൈവസന്നിധിയിൽ കൂപ്പിയ കരങ്ങളാണ് ഏറ്റവും വലിയ കാര്യങ്ങൾ ലോകത്തിൽ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതും. അവിടുത്തെ സന്നിധിയിൽ നമ്മുടെ ജീവിതം സമർപ്പിച്ചുകൊണ്ട്, നമ്മുടെ കരങ്ങളെ കൂപ്പിക്കൊണ്ട് ജീവിതയാത്ര തുടരുവാൻ കഴിയുന്നുയെങ്കിൽ ആ ജീവിതം ധന്യമാണ്. □

ഉപ്പാണ്ടി മാപ്ല

റോണി, കോടുകുളഞ്ഞി

പൗരസ്ത്യ ആദ്ധ്യാത്മികത റഷ്യൻ സന്ന്യാസപിതാക്കന്മാരിലൂടെ

ഫാ. അബ്രഹാം ഫിലിപ്പ്, നാഗപ്പൂർ സെമിനാരി

പരിശുദ്ധ, ആദ്ധ്യാത്മികത തുടങ്ങിയ വാക്കുകളൊക്കെ വളരെ അവ്യക്തങ്ങളായതുകൊണ്ടു മടുപ്പുതോന്നിപ്പിക്കും. എന്നാൽ, അവയ്ക്കു കണ്ണും കൈയും കാലും നല്കുന്ന പരിശുദ്ധന്മാരുടെ ജീവിതത്തോടു ബന്ധപ്പെടുത്തി അവയെ മനസ്സിലാക്കുമ്പോൾ താല്പര്യം വർദ്ധിക്കും. പൗരസ്ത്യ ആദ്ധ്യാത്മികതയുടെ വേരുകളും ഫലങ്ങളും റഷ്യൻ ഓർത്തഡോക്സ് സഭയിലെ സ്ന്യാസവര്യന്മാരിലൂടെ പഠിക്കുവാൻ ഒരു ചെറുശ്രമം നടത്തുകയാണ് ഈ ലേഖനത്തിൽ.

ബൈസന്റയിൻ ഓർത്തഡോക്സ് വിഭാഗത്തിപ്പെട്ട റഷ്യൻ ഓർത്തഡോക്സ്സഭയുടെ ആരംഭം (പത്താംനൂറ്റാണ്ടിന്റെ ഒടുവിൽ) ഗ്രീക്കു ഓർത്തഡോക്സ് സഭയുടെ മിഷന്റെ ഫലമാണ്. മുസ്ലീം ആക്രമണത്തിൽ മാതൃസഭയുടെ വളർച്ച നിശ്ചലമായ സമയങ്ങളിലും മദ്ധ്യകാലങ്ങളിലും ആധുനിക കാലത്തും റഷ്യൻ സഭയിൽ അത്ഭുതകരമായ ആദ്ധ്യാത്മികവളർച്ച കാണുവാൻ കഴിയും. 1917-ലെ ബോൾഷെവിക്ക് വിപ്ലവത്തോടെ പല ദൈവശാസ്ത്രജ്ഞരും പണ്ഡിതന്മാരും റഷ്യയിൽനിന്ന് പാശ്ചാത്യ ലോകത്തേക്ക് കുടിയേറിയതോടെ ആണ് റഷ്യൻ ആത്മീയതരംഗത്തെക്കുറിച്ച് ലോകം കൂടുതൽ അറിയുവാൻ ഇടയായത്. ഉദാഹരണത്തിന് പ്രൊഫസർ ഫെഡോട്ടോവിന്റെ 'The Russian Religious mind' 'A Treasury of Russian Spirituality' തുടങ്ങിയ കൃതികൾ ഈ വ്യാപനത്തിന് വളരെ സഹായിക്കുകയുണ്ടായി.

റഷ്യൻസഭയുടെ ആരംഭം മുതൽ സന്ന്യാസപ്രസ്ഥാനത്തെ കേന്ദ്രീകരിച്ചുള്ള ഒരു ആദ്ധ്യാത്മികതരംഗമാണ് റഷ്യയിൽ കാണുന്നത്. മതംമാറിയ കീവിലെ രാജാക്കന്മാരുടെ പ്രത്യേക വാത്സല്യം ലഭിച്ച 'ഗുഹകളുടെ ആശ്രമം' എന്നറിയപ്പെടുന്ന കീവിലെ ലാവ്രാ എന്ന സ്ഥലത്തെ ആശ്രമം റഷ്യയിൽ വളർന്നു പന്തലിച്ച ആശ്രമപ്രസ്ഥാനത്തിന്റെ ആദ്യ പ്രധാന സ്രോതസ്സായി ഗണിക്കപ്പെടുന്നു. ഈ ആശ്രമത്തിന്റെ സ്ഥാപകനായ പ. അന്തോണിയോസ് മുതലിങ്ങോട്ടു മിക്ക സന്യാസനേതാക്കളിലും സുറിയാനി സന്യാസത്തിന്റെയും പ്രത്യേകിച്ച് മൗണ്ട് ആതോസ് സന്യാസത്തിന്റെയും സ്വാധീനം കാണുവാൻ കഴിയും. അനുതാപത്തിന്റെയും ക്രിസ്താനുകരണത്തിന്റെയും ആഴമായ ദൈവസംസർഗ്ഗത്തിന്റെയും മഹത്വം ഉത്ഘോഷിക്കുന്ന ആദ്ധ്യാത്മികതയാണ് ഈ സന്യാസത്തിൽ പ്രതിഫലിക്കുന്നത്. സന്യാസസമൂഹത്തിലെ അംഗമായിരിക്കുമ്പോഴും ഏകാന്തതയുടെ ആഴത്തിൽ മുങ്ങിതപ്പുന്ന ശൈലി ഇവിടെ സാധാരണമായിരുന്നു.

19-ാം നൂറ്റാണ്ടിന്റെ അന്ത്യംവരെയുള്ള റഷ്യൻസഭയിലെ ആദ്ധ്യാത്മിക ആചാര്യന്മാരിൽ പ്രമുഖരായ ചിലരുടെ പേരുകളും ചരമവർഷവും ആദ്യമെതന്നെ രേഖപ്പെടുത്തട്ടെ. പ. അന്തോനിയോസ് (1073), പ. ഏബ്രഹാം തെവോദോസ്യോസ് (1074), സ്മോളൊൻസ്കിലെ പ. സെർജിയസ് (1392), ബെലോസെർസ്കിലെ പ. കൂറിലോസ് (1427), പ. നിൽസോർസ്റ്റി (1221), വോളോകൊലാമ്സ്കിലെ പ. ജോസഫ് (1515), നീണ്ടമുടിക്കാരനായ ജോൺ (1580), റോസ്റ്റോവിലെ പ. ഡിമിട്രി (1709), സാഡോൺസ്കിലെ പ. റ്റിക്കോൺ (1783), പെയ്സിവെലിച്ചോവ്സ്കി (1794), തിയോഫാൻ ദ് റെക്സൂസ് (1890), സാരോവിലെ പ. സെറാഫിം (1833) ഇവരുടെ ജീവിതം പശ്ചാത്തലമാക്കിക്കൊണ്ട് ഓർത്തഡോക്സ് ആദ്ധ്യാത്മികതയിലേക്ക് ഒരു അന്വേഷണം നടത്താം.

നിശ്ശബ്ദതയിൽ രൂപാന്തരം

'മുനി'മാരുടെ നാടായ ഭാരതത്തിലെന്നപോലെ റഷ്യയിലും മൗനത്തിന്റെ ഗോവണിയിലൂടെ ആദ്ധ്യാത്മികതയുടെ ഔന്നത്യത്തിലെത്തിയ ധാരാളം ഓർത്തഡോക്സ് താപസശ്രേഷ്ഠരെ പരിചയപ്പെടുവാൻ കഴിയും. 11-ാം നൂറ്റാണ്ടിൽ ഒരു വർഷത്തോളം കീവിലെ ഗുഹയിൽ പൂർണ്ണ നിശ്ശബ്ദതയിൽ ചിലവിട്ട വിവരം കേട്ടറിഞ്ഞ് കാണുവാൻ എത്തിയവരുടെ എണ്ണം കൂടിയപ്പോൾ കൂടുതൽ നിശ്ശബ്ദതതേടി ഉയർന്ന കുന്നുകളിലേക്കുപോയ പ. ആന്റണി, കാട്ടിനുള്ളിലേക്ക് പത്തു കിലോമീറ്ററോളം പോയി സോർസ്കി നദിയുടെ തീരത്ത് മൗനത്തിന്റെ മുത്തുവാരിയ പ. നീൽസോർസ്കി, 18-ാം നൂറ്റാണ്ടിൽ സാഡോൺസ്കിലെ ബിഷപ്പായി കുറച്ചുകഴിഞ്ഞ് പ്രത്യേക അനുമതി വാങ്ങി വിരമിച്ച് ഏകാന്തതയിൽ വേദവായനയിലും പ്രാർത്ഥനയിലും പുസ്തകരചനയിലും സമയം ചിലവിട്ട പ. റ്റിക്കോൺ, അല്പകാലത്തെ ഇടവക ഭരണത്തിനുശേഷം തികഞ്ഞ നിശ്ശബ്ദതയിൽ വേദവ്യാഖ്യാനങ്ങളും ആദ്ധ്യാത്മികഗ്രന്ഥങ്ങളും രചിച്ച് ജീവിതത്തിന്റെ ഭൂരിഭാഗവും ചിലവഴിച്ച പ. തെയോഫാനസ് (Theophan the Recluse) വർഷങ്ങളോളം മൗനത്തിന്റെ മൂശയിൽ ഉരുകിത്തെളിഞ്ഞ റഷ്യ കണ്ട അതിശ്രേഷ്ഠനായ പരിശുദ്ധൻ സാരോവിലെ സെറാഫിം തുടങ്ങിയവർ റഷ്യൻ ഓർത്തഡോക്സ് സഭയുടെ ചുരുക്കം ചില മുനിശ്രേഷ്ഠരാണ്.

പ. സെറാഫിം 1807-ൽ തന്നെ സാരോവിലെ ആശ്രമത്തിന്റെ സൂപ്പിരിയറാക്കുവാൻ ഒരു നീക്കമുണ്ടായപ്പോൾ അതിൽനിന്ന് ഒഴിഞ്ഞുമാറി മൂന്നുവർഷത്തേക്ക് സമ്പൂർണ്ണ നിശ്ശബ്ദതയിൽ കഴിഞ്ഞു. രോഗമായപ്പോൾ കാട്ടിലെ ഏകാന്തവാസത്തിൽനിന്നു മാറി ആശ്രമമുറിയിൽ തുടർന്ന് അഞ്ചുവർഷം മൗനമായി സുവിശേഷ വായനയിലും പ്രാർത്ഥനയിലും ജീവിച്ചു. 1815 മുതൽ അദ്ദേഹം സംസാരിച്ചു തുടങ്ങിയപ്പോൾ അത് റഷ്യൻ സഭയുടെ നവജീവൻ പകരുന്ന ദൈവിക വചനങ്ങളായി.

നിശ്ശബ്ദതയിലും ധ്യാനത്തിലും പ്രാർത്ഥനയിലും വളർന്ന് ഈ താപസശ്രേഷ്ഠർ സ്വർഗ്ഗത്തെ ഭൂമിയിലേക്ക് കൊണ്ടുവന്നപ്പോൾ ഇവർക്കുചുറ്റും വലിയോരു ശിഷ്യസമൂഹം തടിച്ചുകൂടുകയുണ്ടായി.

ശബ്ദത്തിന് അടിമപ്പെടുന്ന ആധുനികലോകം. ശബ്ദത്തിലും ബഹളത്തിലും മാത്രം ഉണർവ്വുതേടുന്ന സഭാവിഭാഗങ്ങളുടെ വർദ്ധനവ്. ഇതിനിടയിൽ 'മൗനത്തിലൂടെ ഉണർവ്വ്', 'ധ്യാനത്തിലൂടെ നവജീവൻ' എന്ന ആദ്ധ്യാത്മികസാക്ഷ്യം നിറവേറ്റുവാൻ താപസശ്രേഷ്ഠർക്കു മാത്രമല്ല എല്ലാ സഭാംഗങ്ങൾക്കും കടപ്പാടുണ്ട്.

നിശ്ശബ്ദത പരിശുദ്ധന്മാരുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തും. ദൈവത്തിന്റെ മൃദുവായ ശബ്ദംകേൾക്കുവാൻ സഹായിക്കുന്നു. അന്തരംഗത്തിലെ ആഹ്വാനങ്ങൾ പലതും കൂടുതൽ ശ്രവ്യമാക്കുന്നു. വേദനിക്കുന്ന മനുഷ്യരുടെയും തകരുന്ന പ്രകൃതിയുടെയും നൊമ്പരങ്ങൾ കുടുതൽ വ്യക്തമായി കേൾക്കുവാൻ പശ്ചാത്തലമൊരുക്കുന്നു. ഈ ശബ്ദങ്ങളുടെ പട്ടുനൂലിൽ പൊതിഞ്ഞ കൊക്കൂണിൽ നട

ക്കുന്ന രൂപാന്തരം ലോകത്തിനു മനോഹാരിത പകരുവാനുള്ള ഒരുക്കമാണ്.

അനുസ്യൂതം ഹൃദയപ്രാർത്ഥന

ഏകാന്തതയിലും നിരന്തരമുള്ള ആന്തരിക പ്രാർത്ഥനയിലും (1 തെസ്സ. 5:17) തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് ചുറ്റുപാടും പ്രഭ ചൊരിഞ്ഞ പ്രകാശഗോപുരങ്ങളായ പല സന്യാസ പ്രമുഖരെയും റഷ്യൻ സഭാചരിത്രത്തിൽ കാണുവാൻ കഴിയും. പ. സെർജിയസ്, പ. നിൽസോർസ്കി, പ. സെറാഫിം തുടങ്ങിയവർ അതിൽ അഗ്രഹണ്യരായിരുന്നു.

ഗ്രീക്ക് ഓർത്തഡോക്സ് സഭയിൽ ആദ്യകാലം മുതൽ നിരന്തരം കൊച്ചു പ്രാർത്ഥനാവാചകങ്ങൾ ഹൃദയത്തിൽ ആവർത്തിച്ച് ഉരുവിടുന്ന പതിവ് കാണുന്നുണ്ട്. വിവിധ ആശ്രമങ്ങളും സന്യാസസമൂഹങ്ങളും കൊണ്ടുനിറഞ്ഞ ഗ്രീസിലെ ആതോസ് എന്ന കുന്നിലെ നൂറുകണക്കിന് സന്യാസികളുടെ ഹൃദയത്തിൽനിന്ന് 'യേശുവേ ദൈവപുത്രാ പാപിയായ എന്നോടു കരുണതോന്നേണമേ' എന്ന പ്രാർത്ഥന അനുസ്യൂതം ഉയരുവാൻ തുടങ്ങിയിട്ട് നൂറ്റാണ്ടുകളായി.

18-ാം നൂറ്റാണ്ടിൽ ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ പുനരുദ്ധാനത്തിനും വ്യാപനത്തിനും വളരെയധികം ശ്രമിച്ച ഗ്രീക്കുകാരനായ പരിശുദ്ധ നീക്കോദീമോസ് മൗണ്ട് ആതോസിലെ വളരെ പ്രസിദ്ധനായ സന്യാസ ശ്രേഷ്ഠനായിരുന്നു. ഗ്രീക്കുപിതാക്കന്മാരുടെ രചനകളിൽ നിന്നെടുത്ത ആത്മീയപ്രബോധനങ്ങളും ഇതരസന്യാസപിതാക്കന്മാരുടെ എഴുത്തുകളും ചേർത്ത് പ്രാർത്ഥനയെ കേന്ദ്രീകരിച്ച് 1782-ൽ ഈ പിതാവ് പ്രസിദ്ധപ്പെടുത്തിയ വിശ്വവിഖ്യാതമായ ഫിലോക്കാലിയ എന്ന പുസ്തകത്തിൽ അനുസ്യൂതം ഹൃദയത്തിൽ 'യേശുപ്രാർത്ഥന' നടത്തുന്നതിന്റെ മഹത്വത്തെ സംബന്ധിച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ശ്വാസോച്ഛ്വാസംപോലെ ആരോഗ്യകരമായ നിലനില്പിനും വളർച്ചയ്ക്കും ദൈവസംസർഗ്ഗം സാദ്ധ്യമാക്കിത്തരുന്ന ആദ്ധ്യാത്മിക ശൈലിയാണിത്.

വെനീഷ്യൻ ആത്മീയാചാര്യനായ ലോറെൻസോ സ്കുപോളിയുടെ രചനകളുടെ പരിഭാഷ പ. നീക്കോദീമോസ് പ്രസിദ്ധപ്പെടുത്തിയപ്പോഴും (Unseen Warfare) പ്രലോഭനങ്ങളെ അതിജീവിച്ച് ദൈവിക വിശുദ്ധിയിലും നന്മയിലും വളരുവാൻ 'യേശുപ്രാർത്ഥന' എത്രമാത്രം സഹായിക്കുന്നു എന്നറിയിക്കുന്ന തന്റേതായ അദ്ധ്യായങ്ങൾ അതിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. ഇവയുടെ പരിഭാഷകൾകൂടി റഷ്യയിലേക്കു വന്നപ്പോൾ മുമ്പേ നിലനിന്ന ഈ ഓർത്തഡോക്സ് ആദ്ധ്യാത്മിക ശൈലി കൂടുതൽ ശക്തമായി.

റഷ്യയിലെ വോളോ കൊലാമ്സ്കിലെ പരിശുദ്ധനായ ജോസഫ് പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്: "എപ്പോഴും പള്ളിയിൽപോയി പ്രാർത്ഥിക്കുവാൻ കഴിഞ്ഞെന്നു വരികയില്ല. എന്നാൽ എവിടെയായിരുന്നാലും–കരയിലോ കടലിലോ ആകാശത്തിലോ വീട്ടിലോ; നടന്നാലും ഇരുന്നാലും കിടന്നാലും – നിർമ്മല മനസ്സാക്ഷിയോടെ ഇങ്ങനെ പ്രാർത്ഥിക്കുവാൻ സാധിക്കുന്നു; 'യേശുവേ, ദൈവപുത്രാ, എന്നോടു കരുണ തോന്നേണമേ'."

ജ്ഞാനമാർഗ്ഗത്തിൽ മാത്രം രൂപാന്തരം തേടുന്ന ശൈലിക്ക് സഭയിലും സമൂഹത്തിലും കൂടുതൽ അംഗീകാരം ലഭിക്കുന്ന ഇന്ന് ദൈവസംയോഗത്തിലും സംസർഗ്ഗത്തിലും തേജസ്ക്കരിക്കപ്പെടുവാൻ സഹായിക്കുന്ന പ്രാർത്ഥനാരീതിയെ യാഥാർത്ഥ്യങ്ങളെ മറക്കുവാൻ സഹായിക്കുന്ന കറുപ്പായി ചിത്രീകരിച്ചേക്കാം. എന്നാൽ സ്നേഹത്തിൽ വളർന്ന് യാഥാർത്ഥ്യങ്ങളെ ആരോഗ്യകരമായി അഭിമുഖീകരിക്കുവാൻ ഇക്കാലത്ത് ഈ ശൈലി ഏറെ അനിവാര്യമാണ്.

സഭാപിതാക്കന്മാരുടെ സ്വാധീനം

വി. വേദപുസ്തകം കഴിഞ്ഞാൽ സഭാപിതാക്കന്മാരുടെ എഴുത്തുകളും വിശുദ്ധജീവിതങ്ങളും ആയിരുന്നു റഷ്യൻ ഓർത്തഡോക്സ് സന്യാസശ്രേഷ്ഠരെ ഏറ്റവും ശക്തമായി സ്വാധീനിച്ചിരുന്നത്. ഗ്രീക്കു സഭാപിതാക്കന്മാരുടെയും സുറിയാനി സഭാപിതാക്കന്മാരുടെയും സ്വാധീനം എടുത്തുപറയത്തക്കതാണ്.

പ. നീൽസോർസ്കി വി. വേദപുസ്തകം ആഴമായി പരിശോധിക്കുകയും പ. പിതാക്കന്മാരുടെ വ്യാഖ്യാന വെളിച്ചത്തിൽ വിശദീകരിക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. റോസ്റ്റോവിലെ പ. ഡിമിട്രി (+1709) പാശ്ചാത്യ ആദ്ധ്യാത്മികതയുടെ നല്ല വശങ്ങളെയും ഉൾക്കൊണ്ട് റഷ്യൻ ഓർത്തഡോക്സ് സഭയുടെ ആത്മീയതയെ പരിപോഷിപ്പിച്ചു. സഭാകലണ്ടറിലെ എല്ലാ പ്രമുഖ പരിശുദ്ധന്മാരുടെയും ജീവചരിത്രം ഉൾക്കൊള്ളുന്ന ഒരു പുസ്തകം അനേകം വർഷങ്ങളുടെ ശ്രമഫലമായി പ്രസിദ്ധീകരിച്ചു. വി. വേദപുസ്തകവും ആരാധനാസാഹിത്യവും കഴിഞ്ഞാൽ ആധുനിക റഷ്യൻ ഭക്തിപ്രസ്ഥാനത്തിന്റെ നാഴികക്കല്ലാണിത്.

സാഡോൺസ്കിലെ പ. റ്റിക്കോണും പാശ്ചാത്യവും പൗരസ്ത്യവുമായ പരിശുദ്ധന്മാരുടെ ജീവിതങ്ങളും എഴുത്തുകളും നിരന്തരം ധ്യാനിക്കുമായിരുന്നു. നീക്കോദീമോസ് ഗ്രീക്കിൽ പ്രസിദ്ധപ്പെടുത്തിയ 'Philokalia' റഷ്യൻ ഭാഷയിലേക്ക് ആദ്യം പരിഭാഷപ്പെടുത്തിയ മൗണ്ട് ആതോസിൽ കുറെനാൾ ജീവിച്ച റഷ്യൻ സന്യാസി ചെയ്സി വെലിച്ചോവ്സ്കിയായിരുന്നു. 1793-ൽ നടത്തിയ ഈ ശ്രമം Philokaliaയുടെ സപ്ത പരിഭാഷയായിരുന്നു. പിന്നീട് തെയോഫാൻ ദ റെക്സൂസ് അഞ്ചുവാല്യങ്ങളിലായി പൂർണ്ണമായും Philokalia പരിഭാഷപ്പെടുത്തി. അതിൽ സുറിയാനി സഭാപിതാക്കന്മാരുടെ എഴുത്തുകൾകൂടി അദ്ദേഹം കൂട്ടിച്ചേർത്തു. Unceen Warfare ഉം ശരിയായി എഡിറ്റ് ചെയ്ത് ഇദ്ദേഹം റഷ്യയിലേക്ക് മൊഴിമാറ്റം നടത്തി.

1860-ൽ കാലംചെയ്ത പ. മക്കോറിയോസിന്റെ സംഭാവന റഷ്യൻ ആദ്ധ്യാത്മികതയ്ക്ക് കൂടുതൽ ബൗദ്ധിക അടിത്തറ നല്കുന്നതായിരുന്നു. അദ്ദേഹത്തിന് വലിയ തത്ത്വജ്ഞാനിയായിരുന്ന ഐവാൻ കിറീവ്സ്ക്കിയേയും അദ്ദേഹത്തിന്റെ സ്നേഹിതരെയും ഓപ്റ്റിനാ ആശ്രമത്തിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞു. ഇവരുടെ ശ്രമഫലമായി നിൽ മുതൽ പെയ്സി വരെയുള്ള റഷ്യൻ ആദ്ധ്യാത്മികാചാര്യന്മാരുടെ അമൂല്യനിധികളായ രചനകൾ ചേർത്ത് പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞു. ഈ വിധ പ്രസിദ്ധീകരണങ്ങളുടെ സ്വാധീനം ഗോഗോൾ, ദസ്തയോവ്സ്കി, ലിയോ ടോൾസ്റ്റോയി തുടങ്ങിയ വിശ്വവിഖ്യാതരായ എഴുത്തുകാരെ ഓപ്റ്റിനാആശ്രമത്തിലെ നിത്യസന്ദർശകരാക്കി.

ഈ നൂറ്റാണ്ടിൽ പല മലങ്കര സഭാപിതാക്കന്മാരും വൈദികരും പല പൗരസ്ത്യ സഭാപിതാക്കന്മാരുടെയും ചിന്തകൾ മലങ്കരയിൽ പരിചയപ്പെടുത്തുവാൻ ശ്രമിച്ചു. പൗരസ്ത്യ ആദ്ധ്യാത്മികത ശക്തമാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഇതൊക്കെയാണെങ്കിലും ഒരു ആദ്ധ്യാത്മിക നവോത്ഥാനം പ്രതീക്ഷിച്ചുകൊണ്ട് പരിശുദ്ധ സഭാപിതാക്കന്മാരെയും അവരുടെ ധന്യമായ ഉപദേശങ്ങളെയും സഭാമക്കൾക്കും പരിചയപ്പെടുത്തുവാൻ ഇന്ത്യൻ ഓർത്തഡോക്സ് സഭ ഇനിയും അനേകം മൈലുകൾ മുമ്പോട്ടുപോകേണ്ടിയിരിക്കുന്നു.

ആത്മത്യാഗവും പ്രവാചകവീര്യവും

പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യം ക്രിസ്തുവിന്റെ ഉയർപ്പിനും പാശ്ചാത്യ

പാരമ്പര്യം ക്രൂശുമരണത്തിനും ഊന്നൽ നല്കുന്നു എന്നു പറയാറുണ്ടല്ലോ. ക്രൂശും ഉയർപ്പും അർഹിക്കുന്ന പ്രാധാന്യത്തോടെ കാണുന്നതോടൊപ്പം കഷ്ടപ്പെടുന്ന ദാസനായ ക്രിസ്തുവിനെ അനുകരിക്കുവാനുള്ള ഒരു ആവേശം റഷ്യൻ പിതാക്കന്മാരിൽ നാം കാണുന്നുണ്ട്. താഴ്മയും, ത്യാഗവും, ദാരിദ്ര്യവ്രതവും, ദൈവരാജ്യമൂല്യങ്ങൾക്കായി അപമാനം അലക്ഷ്യമാക്കിയുള്ള ജീവിതവും പ്രവാചകവീര്യവും ഒക്കെ മുഖമുദ്രയാക്കിയിട്ടുള്ള ധാരാളം ആദ്ധ്യാത്മിക ആചാര്യന്മാരെ റഷ്യൻ സഭാചരിത്രത്തിൽ പരിചയപ്പെടുവാൻ കഴിയും. ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം ഇവിടെ ചേർക്കുന്നു.

പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തെവോദോസ്യോസ് ലാവ്രാ ആശ്രമത്തിന്റെ തലവനെന്ന നിലയിൽ വളരെ പ്രസിദ്ധനായിരുന്നെങ്കിലും ഒരു ദരിദ്രയാചകന്റെ വേഷത്തിൽ ജീവിച്ചു. തന്റെ സന്യാസസമൂഹത്തോട് ജീവിതമാതൃകയിലൂടെ സംസാരിച്ചു. പതിവനുസരിച്ച് ആശ്രമത്തിലെ സഹോദരങ്ങൾ വിറകുശേഖരിച്ചുകൊടുക്കുന്നില്ല എന്ന പരാതി കേട്ടപ്പോൾ ഒരുദിവസം മറ്റുള്ളവർ ഭക്ഷണം കഴിക്കുന്ന സമയത്ത് താൻതന്നെ വിറകുചുമന്നുകൊണ്ടുവന്നു. വിറകുകൂമ്പാരത്തിന്റെ കീഴിൽ നീങ്ങുന്ന ആശ്രമാധിപനെ കണ്ട ആശ്രമാംഗങ്ങൾ ആശ്ചര്യവും സങ്കോചവുംകൊണ്ട് വിഷമിച്ചു. പിന്നീട് മുറതെറ്റാതെ അവർ കർത്തവ്യം നിർവ്വഹിച്ചു.

ഈ പരിശുദ്ധനെ സംബന്ധിച്ച് പ്രസിദ്ധമായ മറ്റൊരു കഥ ഈ വിധമാണ്. ഒരിക്കൽ തീവ്രമായി മുറിയ്ക്കുള്ളിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഇദ്ദേഹത്തെ വിളിക്കുവാനായി ആരോ മുറിയിലേക്കു വന്നു. ആ സമയം പ്രാർത്ഥന നിർത്തി ഉറക്കം നടിച്ച പരിശുദ്ധൻ മൂന്നു നാലു പ്രാവശ്യം കൊട്ടിവിളിച്ചപ്പോഴാണ് ഉണരുന്നത്. ഉറക്കത്തിലും പ്രാർത്ഥന നടിക്കുന്നവർക്ക് ഇത് അതിശയോക്തിയായി തോന്നാം.

കഠിനാദ്ധ്വാനം ചെയ്തു ജീവിച്ച പ. നിൽസോർസ്കി ഓരോരുത്തരും കൈകൊണ്ട് വേലചെയ്ത് കഴിയണമെന്ന് ആഗ്രഹിച്ചിരുന്നു. ശിഷ്യഗണം തന്നെ ഗുരുവെന്നോ abbat എന്നോ വിളിക്കരുതെന്നു നിഷ്ക്കർഷിച്ചിരുന്നു. അവരെ താൻ സ്നേഹിതരെന്നു വിളിച്ചുപോരുകയും ചെയ്തു. വ്യക്തിപരമായ ഇച്ഛയുടെ പൂർണ്ണനിഗ്രഹത്തിലൂടെ– 'സ്വയം' മരണത്തിലൂടെ – ഉയർച്ചയിലേക്കു ക്ഷണിക്കുന്ന അദ്ദേഹത്തിന്റെ പ്രബോധനം ശ്രദ്ധേയമാണ്.

അപമാനത്തോടു പൂർണ്ണനിസ്സംഗത പുലർത്തിയിരുന്ന ദൈവരാജ്യമൂല്യങ്ങൾക്കായി മരിക്കുവാൻപോലും ഒരുക്കമുണ്ടായിരുന്ന, പ്രവാചകവീര്യത്തോടെ ജീവിച്ചിരുന്ന അനേക -വിശ്വാസവിഡ്ഢികളെ- റഷ്യൻ സഭാചരിത്രത്തിൽ കാണുവാൻ കഴിയും. വഴിയോരങ്ങളിലും കടത്തിണ്ണകളിലും അന്തിയുറങ്ങി യാചകരെപ്പോലെ നടന്നിരുന്ന ഈ വിശുദ്ധർ ശ്രേഷ്ഠമായ പ്രബോധനങ്ങളും പ്രവചനങ്ങളും നടത്തിയിരുന്നു. നീതിരഹിതരായ ചക്രവർത്തിമാരെ നിശിതമായി വിമർശിച്ചിരുന്നു. ഇവർക്കു ലഭിച്ച പ്രസിദ്ധിയും അംഗീകാരവും അപമാനിത ദാസനായ ക്രിസ്തുവിനെ കൂടുതൽ സ്നേഹിക്കുവാനും അനുകരിക്കുവാനും ക്രിസ്തീയ ജീവിതത്തിലെ പ്രവാചകദൗത്യത്തെ കൂടുതൽ ബലമാക്കുവാനും സഭയ്ക്ക് പ്രചോദനമായി. പെച്ചേർസ്കിലെ ഇസഹാക്ക്, ബെലോസെർസ്കിലെ കൂറിലോസ്, ബേസിൽ, നീണ്ടമുടിക്കാരനായ പ. യോഹന്നാൻ, പ. സീനിയാ തുടങ്ങിയവർ വിശുദ്ധ വിഡ്ഢികളിൽ ചുരുക്കം ചിലരാണ്.

കരുണയും കരുതലും

കരുണയെക്കുറിച്ച് പഠിക്കുകയും പഠിപ്പിക്കുകയും മാത്രമല്ല നിരന്തരമായ ദൈവസംസർഗ്ഗത്തിൽ കരുണ തന്നെ ആയിത്തീരുന്നു എന്ന സത്യം ജീവിതത്തിലൂടെ ഉദ്ഘോഷിച്ച സന്യാസവര്യന്മാരുമുണ്ട്.

പ. വോളോ കകാലാമസ്കിലെ ജോസഫ് വേർതിരിവുകൂടാതെ, സകലരേയും ദൈവസ്നേഹത്തിൽ കരുതുവാനും സഹായിക്കുവാനും തന്റെ സന്യാസസമൂഹത്തെ ഉദ്ബോധിപ്പിച്ചിരുന്നു. ഓരോ ആശ്രമാംഗവും മറ്റുള്ളവർക്ക് മാതൃകയായിരിക്കുന്നതു കൂടാതെ അവരുടെ അത്യാവശ്യങ്ങളെക്കുറിച്ച് ബോധവാനാകുകയും അവ നിവർത്തിക്കുകയും ചെയ്യണമെന്നും പഠിപ്പിച്ചു. പ്രഭുക്കന്മാരുടെയും ധനികരുടെയും ഇടയിൽ സാമൂഹ്യാവബോധം ഉണ്ടാക്കുവാനും ഈ പരിശുദ്ധൻ ഉത്സാഹിച്ചിരുന്നു. ഇദ്ദേഹം കൃഷിയായുധങ്ങളും കുതിരകളെയും പശുക്കളെയുമൊക്കെ ചുറ്റുമുള്ള പാവപ്പെട്ട കർഷകർക്കും കടം കൊടുത്തുകൊണ്ട് കരുണയുടെ പര്യായമായി പരിലസിച്ചിരുന്നു.

സാഡോൻസ്കിലെ ബിഷപ്പായിരുന്ന പ. റ്റിക്കോൺ കരുണ കാട്ടുവാൻ എന്തു കഷ്ടത സ്വീകരിക്കുവാനും ഒരുക്കമായിരുന്നു. തനിക്കു ലഭിച്ചുകൊണ്ടിരുന്ന പെൻഷൻപോലും തന്നെ സമീപിക്കുന്ന ദരിദ്രർക്കു നല്കി താൻ ദാരിദ്ര്യത്തിൽ തുടർന്നു. പലപ്പോഴും കടബാദ്ധ്യതയിൽ വീർപ്പുമുട്ടി. ഏകാന്തതയെ അത്യധികം സ്നേഹിച്ചിരുന്ന ഈ പിതാവിന് ദരിദ്രരെയും കർഷകരെയും കുഞ്ഞുങ്ങളെയും ഏതുസമയത്തും സ്വാഗതം ചെയ്യുവാൻ പ്രത്യേക സന്തോഷമായിരുന്നു.

എന്തുകൊണ്ടാണ് പ്രാർത്ഥനയുടെ പാരമ്യത്തിൽ അധികസമയം തുടരുവാൻ കഴിയാതെ വരുന്നതെന്ന് ശിഷ്യഗണത്തിൽ ഒരാൾ ചോദിച്ചപ്പോൾ പ. നിൽസേർസ്കി നല്കിയ മറുപടി ചിന്തോദ്ദീപകമാണ്: "ചുറ്റുപാടുമുള്ള മനുഷ്യസഹോദരങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനും അവർക്കു ആശ്വാസവും സഹായവും പകരുന്നതിനും സമയം ലഭിക്കേണ്ടതിനുംവേണ്ടിയാണ് ഇങ്ങനെ സംഭവിക്കുന്നത്."

വിശുദ്ധിയിൽ വളർന്ന് മനുഷ്യരോടു മാത്രമല്ല, പക്ഷിമൃഗാദികളോടും വൃക്ഷലതാദികളോടും പോലും കരുതലും സ്നേഹവും കാട്ടുന്ന സാരോവിലെ പ. സെറാഫീമിനെപോലെ പലരുമുണ്ട് റഷ്യൻ സന്യാസ നിരയിൽ.

ഉപസംഹാരം

സുവിശേഷത്തിൽ അടിസ്ഥാനമിട്ട ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ പ്രധാന ലക്ഷ്യം ദൈവീകരണം അല്ലെങ്കിൽ ദൈവത്തിന്റെ ഗുണഗണങ്ങളുള്ളവരാകുക എന്നതാണല്ലോ. ദൈവീകരണം എന്നത് ക്രിസ്തീകരണം അഥവാ ക്രിസ്തുവിനെപോലെ ആയിത്തീരലാണ്. ക്രിസ്തുവിൽ വളരുന്നതിന് സഹായിക്കുന്ന അനേക ആത്മീയചര്യകളിൽ ചിലതു എടുത്തു പറഞ്ഞുകൊണ്ട് മറ്റുള്ളവയെ പരിശുദ്ധന്മാർ അവഗണിച്ചിരുന്നു എന്നർത്ഥമില്ല. ഉദാഹരണത്തിന് പല സന്യാസ പിതാക്കന്മാരും ദിനംതോറും വി. കുർബാന അനുഭവിച്ചിരുന്ന കാര്യം പരാമർശിച്ചില്ല. ദൈവസംസർഗ്ഗത്തിൽ രൂപാന്തരപ്പെട്ട് കരുണയും സ്നേഹവും താഴ്മയും ത്യാഗവും നീതിയ്ക്കു ദാഹവുമുള്ള യഥാർത്ഥമനുഷ്യരായി തീർന്ന കുറെ പ്രസിദ്ധരായ റഷ്യൻ സന്യാസ പിതാക്കന്മാരുടെ ജീവിതം ഉയർത്തിക്കാട്ടിയതിൽനിന്ന് സന്യാസികളാകാത്തവർക്കു അപ്രാപ്യമായ ഒരു മാതൃകയായി ഇതിനെ മനസ്സിലാക്കിയാൽ അബദ്ധമായിരിക്കും. വൈദികരും അവൈദികരും വിവാഹിതരും അവിവാഹിതരും സന്യാസികളുമെല്ലാം ഏതൊരു മനുഷ്യർക്കുമുള്ള ഈ വലിയ സാദ്ധ്യതയെ സാക്ഷാത്കരിക്കുവാൻ ത്രിയേക ദൈവത്തോടു സഹകരിച്ചാൽ ലോകത്തിന്റെ ദൈവീകരണത്തിന് ആക്കം വർദ്ധിക്കും.

❑

മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നു

Philip Mathew
Annamma Philip (Rajani)
Mariamma Philip (Reshma)
Elizabeth (Remya)

A/203-204, Mahavir Vihar
N.H.-8, Vapi, Valsad - 396 191

ദൈവത്തോടുള്ള സംസ്സർഗ്ഗത്തിനുള്ള ഉപവാസം

മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത

ശാസ്ത്രത്തിന്റെ പുരോഗമനത്തിലൂടെ ഭൗതികത്വം വർദ്ധമാനമായി വരുന്ന ഈ കാലയളവിൽ, ക്ലേശരഹിതവും ഉല്ലാസപ്രദവുമായ ജീവിതത്തിനായി മനുഷ്യർ വെമ്പൽ കൊള്ളുന്നു. തന്മൂലം ആത്മനിയന്ത്രണത്തിൽകൂടി ലഭിക്കുന്ന ദിവ്യശക്തിയും സന്തോഷവും പലരും വിസ്മരിക്കുന്നു. ഇങ്ങനെ ആത്മീയമായി അധഃപതിക്കുന്ന ഈ പശ്ചാത്തലത്തിൽ, ഉപവാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കുന്നത് നല്ലതാണ്.

1. എന്തിനാണ് ഉപവാസം?

ശരീരത്തിന്റെ ആരോഗ്യത്തിന് ആവശ്യമായ ഭക്ഷണപാനീയങ്ങളും, ഉറക്കവും ഒരു പരിധിവരെ ഉപേക്ഷിച്ചും, ഭോഗാസക്തിയെ നിയന്ത്രിച്ചും ദൈവേഷ്ടത്തിന് സ്വയം കീഴ്പ്പെടുത്തിയും ദൈവത്തോടു കൂടെ വസിക്കയും ദൈവികശക്തി ആർജ്ജിക്കുകയും ചെയ്യുന്നതാണ് ഉപവാസം. പള്ളികളിൽ ഭജനയിരിക്കുന്നത് ഉപവാസത്തിന്റെ ഒരു നല്ല ക്രമീകരണമാണ്. സാധാരണക്കാർ ഭക്ഷണത്തിന്റെ വർജ്ജനമാണ് ഉപവാസമെന്ന് കരുതുന്നത്. ദൈവത്തോടു കൂടെയുള്ള വാസത്തിന് ഭക്ഷണവർജ്ജനം സഹായിക്കുമെന്നുള്ളത് ശരിതന്നെ. എന്നാൽ, ഭക്ഷണവർജ്ജനംകൊണ്ട് മാത്രം യഥാർത്ഥ ഉപവാസമാകയില്ല.

ഒരു പ്രത്യേകഫലം തിന്നരുതെന്ന് ആദാമിന് നല്കിയ കല്പന ഉപവാസത്തിന്റെ മുന്നോടിയായി പരിഗണിക്കാം. യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചതെന്തെന്നാൽ തോട്ടത്തിലെ സകലവൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും. (ഉല്പ. 2:16, 17)

2. ഉപവാസത്തിന് ചില ഉദാഹരണങ്ങൾ

എല്ലാ മതങ്ങളിലും ഉപവാസമുണ്ട്. പഴയനിയമത്തിലെ ചില ഉദാഹരണങ്ങൾ പരിശോധിക്കാം.

അവൾ (പെനിത്ത) അവളെ (ഹന്നായെ) മുഷിപ്പിച്ചതുകൊണ്ട് അവൾ കരഞ്ഞ് പട്ടിണികിടന്നു. (2 ശമു. 1:7) അവൾ (ഹന്ന) മനോവ്യസനത്തോടെ യഹോവയോട് പ്രാർത്ഥിച്ച് വളരെ കരഞ്ഞു. അവൾ ഒരു നേർച്ച നേർന്നു. സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നല്കുകയും ചെയ്താൽ, അടിയൻ അവനെ ജീവപര്യന്തം യഹോവയ്ക്ക് കൊടുക്കും. അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയുമില്ല എന്ന് പറഞ്ഞു. (1 ശമു. 1:10, 11)

ഇസ്രായേല്യരെ ഫെലിസ്ത്യരിൽ നിന്നും രക്ഷിക്കേണ്ടതിന്, ശമുവേൽ ഇസ്രായേല്യരെ പൂർണ്ണഹൃദയത്തോടെ യഹോവയിലേക്കു തിരിപ്പിക്കുകയും, ഉപവസിപ്പിക്കുകയും പാപങ്ങൾ ഏറ്റുപറയിക്കയും ചെയ്തു. (1 ശമു. 7:3–8) ഇസ്രായേല്യർ യുദ്ധത്തിൽ വിജയിക്കുകയും ചെയ്തു.

യഹൂദജനതയെ കൂട്ടക്കൊലയിൽ നിന്നും രക്ഷിക്കുന്നതിന് രാജാവിനോട് യാചിക്കുവാൻ എസ്ഥേർ രാജ്ഞി ഒരുങ്ങിയപ്പോൾ, രാജാവിന് രാജ്ഞിയോടു മനസ്സലിവുണ്ടാകുന്നതിന്, അവളും ബാല്യക്കാരികളും യഹൂദജനതയും മൂന്നു ദിവസം തിന്നുകയോ കുടിക്കുകയോ ചെയ്യാതെ, ഉപവസിച്ചതായി കാണുന്നു (എസ്ഥേർ 4: 15–17) യഹോവ ഉത്തരമരുളുകയും ചെയ്തു.

ദൈവമഹത്വത്തെ പരമലക്ഷ്യമാക്കി ഏതൊരു നല്ല കാര്യത്തിനുംവേണ്ടി ഉപവസിച്ച് പ്രാർത്ഥിക്കുന്നതു നല്ലതാണ്.

മോശ നാല്പതു ദിവസം മലയുടെ മുകളിൽ ദൈവത്തോടു കൂടെ ആയിരുന്നത് ഉപവാസമായിരുന്നു. അപ്പോൾ ഭക്ഷണമൊന്നും കഴിച്ചില്ല. ഇതിന്റെ ഫലമായി മോശയുടെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു. ഇസ്രായേല്യർക്ക് കൊടുക്കുന്നതിന് പത്തുകല്പനകളെ അവൻ പ്രാപിക്കുകയും ചെയ്തു. ഇതിനും പുറമെ, ഇസ്രായേല്യരുടെ പാപപരിഹാരത്തിനായി മോശ നാല്പത് ദിവസം ഉപവസിച്ചു. (ആവ. 9:15–18). നാല്പത് ദിവസം ഭക്ഷണം കഴിക്കാതെ യാത്രചെയ്ത ഏലിയായും, അത്രയും നാൾ ഉപവസിച്ചതായി പരിഗണിക്കപ്പെടുന്നു.

നമ്മുടെ കർത്താവിന്റെ നാല്പത് ദിവസത്തെ ഉപവാസം ഏറ്റവും ശ്രദ്ധേയമാണ്. താൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായിരുന്നതിനും പുറമെ താൻ പാപരഹിതനുമായിരുന്നു. എന്നിട്ടും ഉപവസിച്ച് ആത്മീയ ശക്തിപ്രാപിച്ചതിന് ശേഷമാണ് താൻ പരസ്യശുശ്രൂഷ ആരംഭിച്ചത്. ഇതിൽ നിന്നും ഉപവാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കാം. യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്ക് മടങ്ങിച്ചെന്നു. അവന്റെ ശ്രുതി ചുറ്റുമുള്ള നാട്ടിലൊക്കെയും പരന്നു. അവൻ അവരുടെ സുന്നഗോഗുകളിൽ ഉപദേശിച്ചു. എല്ലാവരും അവനെ പ്രശംസിച്ചു. (വി. ലൂക്കോ. 4:14,15)

അപ്പോസ്തോലന്മാരും മറ്റും പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവ് അവരോടു സംസാരിക്കുകയും, ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായി അവരെ വേർതിരിക്കണമെന്ന് അരുളിച്ചെയ്യുകയും ചെയ്തു. അവർ ഉപവസിച്ച് പ്രാർത്ഥിച്ചു. അവരെ പറഞ്ഞയയ്ക്കുകയും ചെയ്തു. (അപ്പോ. 13:1–3) വി. പൗലോസ് ഉപവസിച്ച് പ്രാർത്ഥിച്ച് മൂപ്പന്മാരെ നിയമിച്ചതായി കാണുന്നു. (അപ്പോ. 14:23)

ഉപവാസംകൊണ്ടു ആത്മീയശക്തി പ്രാപിച്ച അനേകരെ എല്ലാ മതങ്ങളിലും കാണാം. കഠിനമായ ഉപവാസത്തിന് തപസ്സ് എന്ന് ഹൈന്ദവർ പറയുന്നു. തപസ്സുകൊണ്ട് ദിവ്യവരങ്ങൾ പ്രാപിച്ചതായി ഹൈന്ദവ പുരാണങ്ങളിൽ കാണുന്നു. ഉപവാസംകൊണ്ടു ആത്മീയശക്തി ആർജ്ജിച്ചവരിൽ അഗ്രഗണ്യന്മാരാണ്. ശ്രീബുദ്ധൻ, മുഹമ്മദ് നബി, മഹാത്മാ ഗാന്ധി മുതലായവർ.

3. ആത്മീയശക്തി ആർജ്ജിക്കുന്നതിന് ഉപവാസം ആവശ്യമാണ്

ദുരാത്മാവിനെ ഒഴിവാക്കുന്നതിന് ശിഷ്യന്മാർക്ക് സാധിക്കാതെ പോയത് എന്തുകൊണ്ടാണെന്ന് കർത്താവിനോട് ചോദിച്ചപ്പോൾ നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രെ നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെനിന്നും അങ്ങോട്ട് നീങ്ങുകയെന്ന് പറഞ്ഞാൽ അത് നീങ്ങും നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയില്ല. എങ്കിലും പ്രാർത്ഥനയിലും ഉപവാസത്തിലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. (വി. മത്താ. 17: 20–21)

4. ആത്മനിയന്ത്രണം പാലിക്കുന്നതിന് ഉപവാസം ആവശ്യമാണ്

മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവൻ ആകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡി

പ്പിച്ചു അടിമയാക്കുകയത്രെ ചെയ്യുന്നത്. (2 കൊരി. 9:26. 27) എന്ന് വി. പൗലോസ് പറയുന്നു. ഇവിടെ ഉപവാസത്തെയാണല്ലോ ഉദ്ദേശിക്കുന്നത്.

5. സസ്യാഹാരം ശാരീരിക ആരോഗ്യത്തിന് നല്ലതാണ്.

നോമ്പ് കാലത്ത് ഭക്ഷണം വർജ്ജിക്കുന്നതോടെ സസ്യാഹാരം കഴിക്കണമെന്നാണല്ലോ പ്രമാണം. അത് ശാരീരിക ആരോഗ്യത്തിന് നല്ലതാണെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. കൊളസ്ട്രോൾ വർദ്ധിക്കുമ്പോഴാണല്ലോ ഹൃദ്രോഗമുണ്ടാകുന്നത്. മൃഗങ്ങളിൽ നിന്നുള്ള കൊഴുപ്പു ഒഴിവാക്കുന്നതിനും സസ്യാഹാരം കഴിക്കുന്നത് ഹൃദ്രോഗത്തെ ഒഴിവാക്കുന്നതിന് നല്ലതാണ്.

6. ദൈവേഷ്ടത്തിന് കീഴ്പ്പെടുന്നതിൽ ഉപവാസം സഹായിക്കുന്നു

യെശ. 58-ാം അദ്ധ്യായത്തിൽ തിന്മയെ വെടിയാത്തതും തിന്മയ്ക്കെതിരായി പ്രവർത്തിക്കാത്തതുമായ ഉപവാസം ശൂന്യമാണെന്ന് ശക്തമായ ഭാഷയിൽ പറഞ്ഞിരിക്കുന്നു. തിന്മകളെ വെടിഞ്ഞ് ദാനധർമ്മത്തിൽകൂടി സ്നേഹത്തിൽ നിറയുന്നതാണ് ശരിയായ ഉപവാസം. വലിയ നോമ്പിന്റെ ആരംഭത്തിൽ സമാധാന ചുംബനത്തിന്റെ ശുശ്രൂഷ (ശുബ്ക്കോനൊ) നടത്തി പരസ്പരം രമ്യപ്പെടുകയും സ്നേഹത്തിൽ ജീവിക്കുന്നതിനായി പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നതിന്റെ കാരണം ഇതാണ്. വി. കുർബാനയുടെ ആരംഭത്തിൽ സമാധാന ചുബനം (കൈക്കസ്തൂരി) നടത്തുന്നതിന്റെ ലക്ഷ്യവും ഇതുതന്നെ. ആത്മാർത്ഥതയോടെ ഇവ ചെയ്യുമെങ്കിൽ വ്യക്തികളിലും സമൂഹത്തിലും എത്രമാത്രം രൂപാന്തരമുണ്ടാകുമെന്ന് ചിന്തിക്കുക.

7. വലിയ നോമ്പിലെ ഉപവാസം പരിപൂർണ്ണ രൂപാന്തരത്തിനുവേണ്ടിയാണ്

കർത്താവിന്റെ പെസഹായ്ക്കും, കുരിശുമരണത്തിനും ഉയിർപ്പിനുമുള്ള ഒരുക്കമായിട്ടാണ് നാം വലിയ നോമ്പിൽ ഉപവസിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ കർത്താവിനോടുകൂടെ മരിച്ചു ഉയിർക്കുന്നതിനുവേണ്ടിയാണ്. ഈ അനുഭവം ദൈനംദിന ജീവിതത്തിൽ തുടരുകയും വേണം. കർത്താവ് പറയുന്നു എന്നെ അനുഗമിപ്പാൻ ഒരുവൻ ഇച്ഛിച്ചാൽ, തന്നെത്താൻ ത്യജിച്ച് നാൾതോറും തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ. (വി. ലൂക്കോ. 9:23)

നിനുവാക്കാരുടെ രൂപാന്തരം നമുക്ക് മാതൃകയാകണം. അവർ ദുർമ്മാർഗ്ഗം വിട്ടു തിരിഞ്ഞു എന്ന് ദൈവം അവരുടെ പ്രവൃത്തികളാൽ കണ്ടപ്പോൾ താൻ അവർക്ക് വരുത്തുമെന്ന് അരുളിച്ചെയ്തിരുന്ന അധർമ്മത്തെക്കുറിച്ച് ദൈവം അനുതപിച്ചു അതു വരുത്തിയതുമില്ല. (യോഹ. 3:10)

8. ബാഹ്യമായ ഉപവാസവും മനുഷ്യത്വം കാണിക്കുന്നതിനുള്ള ഉപവാസവും ഫലശൂന്യമാണ്.

ഇങ്ങനെ ഉപവസിക്കുന്നവർ മൂഢസ്വർഗ്ഗത്തിലാണ്. "You fast on Friday so that you may be temperat on Saturday." (വെള്ളിയാഴ്ച ഉപവസിക്കുന്നത് ശനിയാഴ്ച വിതത്വമുണ്ടാകുന്നതിനാണ്)

9. കൂട്ടമായി ഉപവസിക്കുന്നതിന് പ്രത്യേക ശക്തിയുണ്ട്.

കൂട്ടമായി പ്രാർത്ഥിക്കുന്നതിന് പ്രത്യേകശക്തിയുള്ളതുപോലെ കൂട്ടമായി ഉപവസിക്കുന്നതിനും പ്രത്യേക ശക്തിയുണ്ട്.

വ്യക്തികളുടെയും സമൂഹത്തിന്റെയും നവോത്ഥാനത്തിന്, ശരിയായ ഉപവാസം, അത്യന്താപേക്ഷിതമാണ്.

◆

ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053-ഉം രൂപയുടെ സൗജന്യചികിത്സ അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവർത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

സഭാപിതാക്കന്മാർ നല്കുന്ന മാർഗ്ഗരേഖ

ഫാദർ റ്റി.ജെ. ജോഷ്വ

കുഞ്ഞുങ്ങളുടെ ആത്മീയ പരിപോഷണത്തിൽ ആദിമ സഭാപിതാക്കന്മാർ അത്യന്തം തത്പരരായിരുന്നു എന്നും നാം കണ്ടു. അലക്സൻഡ്രിയായിലെ ക്ലിമ്മീസും, അന്ത്യോക്യായിലെ മാർ ഇവാനിയോസും ഈ വിഷയത്തെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളതു നാം മനസ്സിലാക്കി. ഇവരെക്കൂടാതെ ജറോമും, ബസേലിയോസും, അഗസ്തീനോസും വ്യക്തമായ ചിന്തകൾ അവതരിപ്പിക്കുന്നുണ്ട്; ആവശ്യമായ രൂപരേഖകൾ അവരുടെ കൃതികളിൽ തന്നെ നമുക്കു സമാഹരിക്കാം.

1. മാതാപിതാക്കളുടെ പ്രാർത്ഥന: മാർ ഇവാനിയോസ് പറയുന്നത് ഹന്നാ ശമുവേലിനെ ദൈവസമക്ഷം സമർപ്പിച്ചതുപോലെ (1ശമു. 1) മാതാപിതാക്കന്മാർ തങ്ങളുടെ മക്കളെ ദൈവത്തിനു സമർപ്പിക്കണം. പല പരിശുദ്ധന്മാരും സാക്ഷിക്കുന്നത് ഭക്തരായ മാതാപിതാക്കളുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് തങ്ങൾ ഉണ്ടായത് എന്നത്രേ. നാസിയാൻസിലെ ഗ്രീഗോറിയോസും, സൈറസിലെ തിയോഡോറെറ്റും ഇപ്രകാരം സാക്ഷിക്കുന്നവരാണ്. ഗ്രീഗോറിയോസ് തന്റെ യൗവനത്തിലെ ഒരു സംഭവം ഉദ്ധരിക്കുന്നു. അലക്സൻഡ്രിയായിൽനിന്ന് ഉന്നതപഠനത്തിനായി ആഥൻസിലേക്കു പോകുവാൻ തിടുക്കം കാട്ടി. അങ്ങനെ യാത്ര ചെയ്യുന്ന കപ്പൽ, കടൽക്ഷോഭത്തിൽ കുടുങ്ങി അപകടഭീഷണിയിലെത്തി. മാമോദീസാ ഏല്ക്കാതെ മരിക്കാനിടയാകുമല്ലോ എന്നു കരുതിയും, കടലിൽ മുങ്ങിച്ചാകുന്ന ദുരന്തമോർത്തും ഉള്ളുരുകി പ്രാർത്ഥിച്ചു. അദ്ദേഹത്തോടൊപ്പം കപ്പൽയാത്രക്കാരെല്ലാം പ്രാർത്ഥനയിൽ മുഴുകി. കടൽ ശാന്തമായി ഉദ്ദിഷ്ടസ്ഥാനത്ത് നങ്കൂരമിട്ടു. ഗ്രീഗോറിയോസ് ദൈവമുമ്പാകെ സ്വയം പ്രതിഷ്ഠ നടത്തി. പിന്നീട് മനസ്സിലായ മറ്റൊരു സത്യം അദ്ദേഹത്തിന്റെ മാതാപിതാക്കൾ യാത്രാവേളയിൽ അദ്ദേഹത്തിനുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ആ പ്രാർത്ഥന തനിക്ക് സഹായകമായിത്തീർന്നു എന്ന് അദ്ദേഹം സാക്ഷിക്കുന്നു. നിസ്സായിലെ ഗ്രീഗോറിയോസ് തന്റെ സഹോദരിയും സന്യാസിനിയുമായ മക്രീനായെ അവളുടെ മരണശയ്യയിൽ സന്ദർശിച്ചപ്പോൾ അദ്ദേഹത്തോടു പറഞ്ഞത്: നിന്റെ നേട്ടങ്ങൾ എല്ലാം നിന്റെ ശ്രമംകൊണ്ടും അദ്ധ്വാനംകൊണ്ടും ഉണ്ടായതാണെന്നു വിചാരിക്കരുത്. നമ്മുടെ മാതാപിതാക്കളുടെ പ്രാർത്ഥനയാണ് അതിന്റെ പിമ്പിലുള്ളത് എന്നോർക്കണം.

മാതാപിതാക്കളുടെ കണ്ണുനീരോടെയുള്ള പ്രാർത്ഥന അവരുടെ മക്കൾക്ക് രക്ഷാകവചമാണ്. അഗസ്തീനോസിന്റെ സാക്ഷ്യം തന്റെ മാതാവ് മോണിക്കായുടെ പ്രാർത്ഥനയാണ് തന്റെ മാനസാന്തരത്തിന് മുഖാന്തരമായത് എന്നാണ്. മക്കൾക്കുവേണ്ടി അത്യദ്ധ്വാനം ചെയ്യുന്ന മാതാപിതാക്കൾ അവർക്കുവേണ്ടി നിരന്തരമായി പ്രാർത്ഥിക്കുന്നവരുമാകണം.

2. ക്രിസ്തീയവിശ്വാസം പഠിപ്പിക്കണം: ക്രിസ്തീയ മാതാപിതാക്കന്മാർ തങ്ങളുടെ മക്കളെ സൽസ്വഭാവത്തിൽ വളർത്തിയാൽ മാത്രം പോരാ ക്രിസ്തീയ വിശ്വാസവും ആത്മീയാനുഷ്ഠാനങ്ങളും അഭ്യസിപ്പിക്കുകയും വേണം. ആരാധനയ്ക്ക് അവരെ ദേവാലയത്തിലേക്കു കൊണ്ടുപോകണം. അവരുടെ പ്രായത്തിനനുസരണമായി ബൈബിൾ കഥകൾ അവരെ പഠിപ്പിക്കണം. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രബിന്ദു വേദപുസ്തകമാണ്. മാർ ഈവാനിയോസ് പറയുന്നത്: ബൈബിൾ കഥകൾ പഠിപ്പിക്കുമ്പോൾ അവയിൽ നിന്നുള്ള ആത്മീയപാഠങ്ങൾ ഉയർത്തിക്കാണിക്കാൻ ശ്രദ്ധിക്കണം. കഥകൾ പഠിപ്പിച്ചാൽ മാത്രം പോരാ, വേദവാക്യങ്ങൾ ഉരുവിടാൻ അഭ്യസിപ്പിക്കയും വേണം. സങ്കീർത്തനങ്ങൾക്ക് ഒരു പ്രത്യേക സ്ഥാനമുണ്ട്. ആദ്യകാലത്ത് പ്രാർത്ഥനകളിലും നമസ്കാരങ്ങളിലും സങ്കീർത്തനങ്ങൾ ഏറെ ഉപയോഗിച്ചിരുന്നു. തന്മൂലം പല സങ്കീർത്തനങ്ങളും കുഞ്ഞുങ്ങൾക്കു ഹൃദിസ്ഥമായിരുന്നു. തങ്ങളുടെ കുഞ്ഞുങ്ങളെ വേദപുസ്തകവും സഭാവിശ്വാസങ്ങളും പഠിപ്പിക്കത്തക്കവണ്ണം മാതാപിതാക്കന്മാർ അവ പഠിച്ചിരിക്കണമെന്ന് അനുശാസിക്കുന്നു.

> **"നിന്റെ നേട്ടങ്ങൾ എല്ലാം നിന്റെ ശ്രമംകൊണ്ടും അദ്ധ്വാനംകൊണ്ടും ഉണ്ടായതാണെന്നു വിചാരിക്കരുത്. നമ്മുടെ മാതാപിതാക്കളുടെ പ്രാർത്ഥനയാണ് അതിന്റെ പിമ്പിലുള്ളത് എന്നോർക്കണം."**

3. സ്നേഹവാത്സല്യങ്ങൾ നല്കണം: ജറോമും ഈവാനിയോസും ഓർമ്മിപ്പിക്കുന്നത് മാതാപിതാക്കൾ കുഞ്ഞുങ്ങളോട് അധികമായ സ്നേഹവാത്സല്യങ്ങളോടെ വർത്തിക്കണം. അവരെ അളവില്ലാതെ സ്നേഹിക്കുന്നു എന്ന് അവർക്കു ബോധ്യം വരുത്തണം. പ്രോത്സാഹനം വളരെ പ്രധാനമാണ്. ഈവാനിയോസ് പറയുന്നത്, കുഞ്ഞുങ്ങൾ എന്തെങ്കിലും നന്മ ചെയ്താൽ മറ്റുള്ളവരോട് ദയാപൂർവം വർത്തിക്കുന്നതു കണ്ടാൽ, ക്ലാസ്സിലെ പഠനം നന്നായി നടത്തുന്നു എന്നു കാണുമ്പോൾ-അപ്പോഴെല്ലാം അഭിനന്ദനവും പ്രശംസയും നല്കണം. കൗമാരപ്രായക്കാർ നന്നായി വർത്തിക്കയും, വിനാശകരമായ കാര്യങ്ങളിൽ നിന്ന് വിട്ടുനില്ക്കുന്നതും കാണുമ്പോൾ പരസ്യമായി അവരെ അഭിനന്ദിക്കണം.

4. കുഞ്ഞുങ്ങളുടെ ശിക്ഷണം: എല്ലാ സഭാപിതാക്കന്മാരും ഈ വിഷയത്തെപ്പറ്റി പരാമർശിക്കുന്നു. അക്കാലത്ത് കുഞ്ഞുങ്ങൾക്ക് ദേഹശിക്ഷ കഠിനമായി നല്കിയിരുന്നു. മാർ ഈവാനിയോസ് പറയുന്നു: ശിക്ഷ നല്കാതെതന്നെ ശിക്ഷയെക്കുറിച്ചുള്ള ഭയം നിലനിറുത്തണം. മറ്റുള്ളവരോട് അപമര്യാദയായി വർത്തിക്കരുത് എന്ന് കർശനമായി മക്കളെ ഉൽബോധിപ്പിക്കണം എന്നുപദേശിക്കുന്നു.

"മുന്നമേ അനുശാസിക്കുക. ആരെയും അധിക്ഷേപിക്കരുത്; ആരെക്കുറിച്ചും ദൂഷണം പറയരുത്; വൃഥാ ആണയിടരുത്; വഴക്കിടരുത്. ഇവ ലംഘിക്കുന്നതായി കണ്ടാൽ താക്കീതു നല്കണം. അതു ചിലപ്പോൾ ശക്തമായ ഒരു നോട്ടം കൊണ്ടാവാം; അല്ലെങ്കിൽ കർശനമായ ശാസനയാവാം; ശകാരവുമാവാം. ചില സമയത്ത് പ്രശംസയിൽക്കൂടിയുമാകാം. കഴിവതും ദേഹപീഡ ഒഴിവാക്കുക. അവൻ അടിയെ സ്വീകരിക്കാതെ തന്നെ അതിനെ ഭയപ്പെടട്ടെ. വടികൊണ്ട് ഓങ്ങാം, പക്ഷേ അടിക്കരുത്. വേണ്ടി വന്നാൽ അടിക്കുമെന്ന ഭയം നിലനില്ക്കട്ടെ."

മാർ ഈവാനിയോസിന്റെ അഭിപ്രായത്തിൽ കുഞ്ഞുങ്ങൾ മാതാപിതാക്കളെ ബഹുമാനിക്കുന്നവരാകണം. ഇതു സാധിക്കണമെങ്കിൽ മാതാപിതാക്കൾ കർശനമായും അതേസമയം കനിവോടും വർത്തി

ക്കണം. ദേഹശിക്ഷയെ അനുകൂലിക്കുന്ന വിധത്തിലാണ് അഗസ്തീനോസിന്റെ വാക്കുകൾ. അദ്ദേഹം എഴുതുന്നു: "എനിക്കു പുസ്തകം വായിക്കുന്നത് ഇഷ്ടമല്ലായിരുന്നു. നിർബ്ബന്ധിച്ചു പഠിപ്പിക്കുന്നതിനെ ഞാൻ വെറുത്തു. എങ്കിലും സമ്മർദ്ദം എന്റെ മേലുണ്ടായി; അതെനിക്കു നന്മയായിത്തീർന്നു. നിർബ്ബന്ധം ഉണ്ടായതുകൊണ്ടാണ് ഞാൻ പഠിച്ചത്."

5. പിന്തുടരാൻ നല്ല മാതൃക നല്കുക: കുഞ്ഞുങ്ങൾക്കു പിന്തുടരാൻ നല്ല മാതൃകയായിരിക്കേണ്ടത് മാതാപിതാക്കളുടെ കർത്തവ്യമാണ്. അവർക്ക് നല്ല ദൃഷ്ടാന്തം കാണിച്ചുകൊടുക്കണം. ദൃഷ്ടാന്തജീവിതമുള്ള നല്ല സുഹൃത്തുക്കളെ സമ്പാദിക്കാൻ സഹായിക്കണം; അരുതാത്ത കൂട്ടുകാരെ ഒഴിവാക്കുകയും വേണം. കൗമാരപ്രായത്തിൽ കൂട്ടുകാരുടെ സ്വാധീനം വളരെ ശക്തമായിരിക്കുമെന്നുംഅതുകൊണ്ട് ഉത്തമസുഹൃത്തുക്കളുമായുള്ള വേഴ്ച പ്രോത്സാഹിപ്പിക്കണമെന്ന് ഈവാനിയോസ് നിർദ്ദേശിക്കുന്നു.

മാതാപിതാക്കളുടെ പെരുമാറ്റം കുഞ്ഞുങ്ങളെ വളരെയേറെ സ്വാധീനിക്കുമെന്ന് ജറോം സൂചിപ്പിക്കുന്നു. ഒരു പെൺകുട്ടിയെ എങ്ങനെ വളർത്തണമെന്നുള്ളതിനെപ്പറ്റി ജറോം ഒരു മാതാവിനെ ഉപദേശിക്കുന്നു: "നിങ്ങൾ തന്നെ അവളുടെ ഗുരുവായിരിക്കണം; അവൾക്കു പിന്തുടരാനുള്ള മാതൃകയും നിങ്ങൾ തന്നെ ആയിരിക്കണം. അവൾക്ക് അനുകരിക്കാൻ പാടില്ലാത്ത ഒന്ന് നിങ്ങളിലോ അവളുടെ പിതാവിലോ കാണാനിടയാകരുത്. ഓർക്കുക, നിങ്ങളുടെ ഉപദേശത്തെക്കാൾ അധികം ശക്തിയോടെ അവളെ പഠിപ്പിക്കുന്നത് നിങ്ങളുടെ ദൃഷ്ടാന്തജീവിതമാണ്."

6. ക്രൈസ്തവേതര സംസ്കാരത്തിൽ എങ്ങനെ കുഞ്ഞുങ്ങളെ വളർത്താം?: ഇത് ഇന്നത്തെ പ്രശ്നമാണ്. അപഭ്രംശം വരുവാൻ ഏറെ സാധ്യതയുള്ള സമൂഹത്തിലാണ് ഇന്നത്തെ കുഞ്ഞുങ്ങൾ വളരുന്നത്. ആദിമ നൂറ്റാണ്ടുകളിലെ അവസ്ഥ ഇതു തന്നെ ആയിരുന്നു. സഭാപിതാക്കന്മാർ ഇക്കാര്യത്തിൽ ആവശ്യമായ കരുതലുകൾ മാതാപിതാക്കൾ എടുക്കുന്നതിനെപ്പറ്റി പറയുന്നു. അസന്മാർഗ്ഗിക പ്രവണതകൾ ഏറെയുള്ള വെറിക്കൂത്തുകളിൽ യുവാക്കൾ പങ്കെടുക്കരുത് എന്ന് ഈവാനിയോസ് നിഷ്കർഷിക്കുന്നു. ഒരു ബാലന്റെ ആത്മാവിനെ ഒരു പട്ടണത്തോട് അദ്ദേഹം സാമ്യപ്പെടുത്തുന്നു. അവന്റെ ഉള്ളിലുയരുന്ന ചിന്തകളും വികാരങ്ങളും ആഗ്രഹങ്ങളും ആ പട്ടണത്തിലെ പൗരന്മാരാണ്. അവർ പല കാര്യങ്ങൾക്കായി വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ഈ ആന്തരിക പൗരന്മാരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാൻ തക്കവണ്ണം ആവശ്യമുള്ള നിയമങ്ങൾ കുഞ്ഞുങ്ങൾക്കു നല്കി, അവരെ സൽസ്വഭാവത്തിൽ വളർത്തണം. കണ്ണും കാതും മറ്റ് ഇന്ദ്രിയങ്ങളും ആ പട്ടണത്തിന്റെ കവാടങ്ങളാണ്. അവയിൽക്കൂടി ബാഹ്യസ്വാധീനങ്ങൾ കടന്നെത്തി ഒരു ബാലന്റെ ജീവിതവീക്ഷണത്തെ മുഴുവൻ കരുപിടിപ്പിക്കുന്നു. അതുകൊണ്ട് ഈ കവാടങ്ങൾ ശരിയായി സൂക്ഷിക്കാനുള്ള നിഷ്കർഷ മാതാപിതാക്കൾ നല്കണമെന്ന് ഈവാനിയോസ് പറയുന്നു. അപകടകരങ്ങളായ സ്വാധീനങ്ങൾ കടന്നു വരാതെ കാത്തുകൊള്ളേണ്ടതാണ്. ഇന്നത്തെ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ വളരെ പ്രസക്തമാണ്. നമ്മുടെ റ്റി.വി പരിപാടികളും റോക്ക്മ്യൂസിക്കും മഞ്ഞകൃതികളും എല്ലാം വളരുന്ന തലമുറയെ വഴിതെറ്റിക്കുന്നവയാണ്. അവിടെ ചില നിയന്ത്രണങ്ങളും വിലക്കുകളുമൊക്കെയാവശ്യം തന്നെ. ഉത്തമ ഗ്രന്ഥങ്ങൾ വായിക്കുവാനുള്ള പ്രേരണ, മാതാപിതാക്കളും കുഞ്ഞുങ്ങളും ഒരുമിച്ച് പ്രകൃതിദൃശ്യങ്ങൾ ആസ്വദിക്കാവുന്ന വിനോദയാത്ര തുടങ്ങിയവ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും.

(അടുത്ത ലക്കത്തിൽ മാർ ബസേലിയോസിന്റെ വീക്ഷണം)

GEORGE VARGHESE
MEMORIAL BURSARY AWARD, 2001

Applications are invited from the students of 10th and 12th standards, who secured a minimum of 50% marks in the final examination, for the years 1999/2000 for book assistance cash awards (five Nos.) of RS 1000 each. The request for entry form may be sent, by enclosing a self addressed stamped envelope to: Attn.Award, **Hegdeshine & Co. F1.Sai Aradhana Building, Phirozshah Road Santacruz (W), Mumbai. 400054. Last date of receipt of application 31st October, 2000.**

"My down fall, How, When, Why did it have to happen
It was just a momentary lapse of time
Did not know it was to last this long
Perhaps it was my destiny"

George's Poem `Farewell Thought'

From the book `Images A Flashback"



ഓർത്തഡോക്സ് യുവജനവാരാഘോഷം — സെപ്റ്റംബർ 10 മുതൽ 17 വരെ

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം യുവജന വാരാഘോഷങ്ങൾ സെപ്തംബർ 10 മുതൽ 17 വരെ ആഘോഷിക്കണമെന്ന് പ്രസിഡന്റ് അഭിവന്ദ്യ യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി കല്പനയിലൂടെ അറിയിച്ചു. യുവജനപ്രസ്ഥാനത്തിന്റെ ലക്ഷ്യവും ഉദ്ദേശവും ജീവിതത്തിലൂടെ കാണിച്ചുകൊടുക്കുവാൻ ഈ ആഘോഷദിവസങ്ങൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് തിരുമേനി അറിയിക്കുന്നു. 10-നു വി. കുർബ്ബാനയ്ക്കുശേഷം ദേവാലയങ്ങളിൽ പതാക ഉയർത്തി ആഘോഷം ഉദ്ഘാടനം ചെയ്യണം. തുടർന്ന് യുവജനങ്ങൾ സംഘടിതരായി ഇടവകയ്ക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ കാര്യങ്ങൾ നടത്തുവാൻ നേതൃത്വം നല്കണം. ദേവാലയശുചീകരണം, ഭവനസന്ദർശനം, കോർണർ മീറ്റിംഗുകൾ, സുവിശേഷയോഗങ്ങൾ മുതലായവ നടത്തേണ്ടതാണ്.

ഭവനസന്ദർശനവേളയിൽ രോഗികൾക്കുവേണ്ടിയും മറ്റു പ്രയാസമനുഭവിക്കുന്നവർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്. കോട്ടയത്തു പണിയാരംഭിക്കുന്ന യൂത്തു സെന്ററിനുവേണ്ടിയുള്ള കൂപ്പൺ, കോളം കാർഡ് പിരിവുകളുടെ ഒന്നാംഘട്ടം പൂർത്തിയാക്കി യുവജനവാരസമാപനത്തോടെ തുക ഏല്പിക്കുവാൻ ശ്രദ്ധിക്കണമെന്ന് ജനറൽ സെക്രട്ടറി ഫാ. എം.ഡി. ജോൺ, ജോയിന്റ് സെക്രട്ടറി ജേക്കബ് ഉമ്മൻ എന്നിവർ അറിയിച്ചു.

Stots Outreach - 2000

നാഗപ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ബാഹ്യകേരള ഭദ്രാസന ഇടവകകൾ കേന്ദ്രീകരിച്ചുകൊണ്ട് ഒ.വി.ബി.എസ്സ്. ഉം പാരിഷ്മിഷനും നടത്തുവാൻ ആഗ്രഹിക്കുന്നു.

സെമിനാരി വൈദീകരും വൈദീക വിദ്യാർത്ഥികളും നേതൃത്വം നല്കുന്ന ഈ പരിപാടിയിൽ കുഞ്ഞുമനസ്സുകളെ ആകർഷിക്കുന്ന ഗാനങ്ങൾ (ഹിന്ദി, ഇംഗ്ലീഷ്, മലയാളം) ആക്ഷൻ സോംഗുകൾ, സഭയുടെ ആരാധനാ സംബന്ധവും വിശ്വാസപരവുമായ ക്ലാസുകൾ, ബൈബിൾ പഠനം, ഫ്ളാനലോഗ്രാഫുൾ, സ്കിറ്റുകൾ, ഗെയിംസ്, യൂത്ത് പ്രോഗ്രാം, കൗൺസലിംഗ്, ധ്യാനപ്രസംഗങ്ങൾ, ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ വി. കുർബാന എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.ദസറ, ദീപാവലി വെക്കേഷനോടനുബന്ധിച്ച് ഈ പരിപാടികൾ നടത്തുവാൻ ആഗ്രഹിക്കുന്ന ഇടവകകൾ സെപ്റ്റംബർ 5-ാം തീയതിക്കുമുമ്പായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടണമെന്ന് താല്പര്യപ്പെടുന്നു.

Address:

Br. Jacob Thomas,
Parish Mission Secretary,
STOTS, Ubali Road,
Brahmani P.O., Kalmeshwar,
Maharazhtra - 441 501
Phone: 07118 - 71696
E-mail: stots@satyam.net.in

കൽക്കട്ടാ ഭദ്രാസന യുവജനസമ്മേളനം

MGOCSM & YM-ന്റെ ആഭിമുഖ്യത്തിൽ കൽക്കട്ടാ ഭദ്രാസനത്തിൽ നടത്തിവരുന്ന വിദ്യാർത്ഥി-യുവജന പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനം ഈ വർഷം ഒക്ടോബർ മാസം അഞ്ചാം തീയതി മുതൽ എട്ടാം തീയതി വരെയുള്ള ദിവസങ്ങളിൽ ഭോപ്പാൽ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽവെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഓർത്തഡോക്സ് വിശ്വാസത്തെ ആസ്പദമാക്കിയുള്ള പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയേയും വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയേയും ആധാരമാക്കിയാണ് ഈ വർഷത്തെ ചിന്താവിഷയം തിരഞ്ഞെടുത്തിരിക്കുന്നത്.

യോഹന്നാൻ റമ്പാച്ചൻ നിര്യാതനായി

പത്തനാപുരം മൗണ്ട് താബോർ ദയറായിൽ സീനിയർ അംഗമായിരുന്ന വെരി. റവ. സി.ഒ. യോഹന്നാൻ റമ്പാച്ചൻ പന്തളം ക്രിസ്ത്യൻ മിഷ്യൻ ഹോസ്പിറ്റലിൽവച്ച് 2000-ാമാണ്ട് ആഗസ്റ്റ് മാസം 13-ാം തീയതി രാത്രി 12.30-ന് നിദ്രപ്രാപിച്ചു. മൃതദേഹം ഇടവക പള്ളിയായ ഉള്ളന്നൂർ സെന്റ് മേരീസ് വലിയ പള്ളിയിൽ 14-ാം തീയതി രാവിലെ മുതൽ വൈകിട്ട് 4 മണിവരെ പൊതുദർശനത്തിനു വച്ചു. 4 മണിക്ക് ഉള്ളന്നൂർ പള്ളിയിൽനിന്നു മൃതശരീരം പ്രത്യേക രഥത്തിൽ അനേകവാഹനങ്ങളുടെ അകമ്പടിയോടുകൂടി വിലാപയാത്ര ആരംഭിച്ച് 6 മണിക്ക് പത്തനാപുരം താബോർ ദയറാ ചാപ്പലിൽ എത്തി. 15-ാം തീയതി ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത സംസ്ക്കാര ശുശ്രൂഷ നടത്തി. തിരുമനസ്സിലെ പ്രധാന കാർമ്മീകത്വത്തിലും, അഭിവന്ദ്യ ഗീവറുഗീസ് മാർ ഈവാനിയോസ്, അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മീകത്വത്തിലും വന്ദ്യറമ്പാച്ചന്മാർ, അനേകം വൈദീകർ, കന്യാസ്ത്രീകൾ, വമ്പിച്ച ജനാവലി എന്നിവരുടെ സാന്നിധ്യത്തിലും പത്തനാപുരം താബോർ ദയറാ ചാപ്പലിനോട് ചേർന്ന് പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ 5 മണിയോടുകൂടി സംസ്കരിച്ചു.

പരേതനായ വന്ദ്യ സി.ഒ. യോഹന്നാൻ റമ്പാച്ചൻ, പത്തനാപുരം താബോർ ദയറായിൽ, ദയറായുടെ ആദ്യകാല അംഗങ്ങളിൽ ഒരാളും, കാലംചെയ്ത തോമാ മാർ ദീവന്നാസിയോസ് തിരുമനസ്സിലെ വത്സലശിഷ്യനും, സെന്റ് സ്റ്റീഫൻസ് ഹൈസ്കൂൾ, അദ്ധ്യാപകനും ആയിരുന്നു. പത്തനാപുരം ദയറാചാപ്പലിൽ വികാരിയായി അനേകവർഷം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

54TH ANNIVERSARY
Sept. 4, 2000

IN EVERLONG MEMORY OF

Mr. M.G. ZACHARIA

Oct. 2, 1902 Sept. 4, 1946

Baboo / Baby, Charlie / Saro, Alex / Prema / Grandchildren & Great Grandchildren

Mannil Zach Bhavan
Thekkemala
Kozhencherry

മലങ്കരസഭ വായനക്കാരിൽനിന്നും പള്ളി പണിക്കുവേണ്ടി ഉദാരമായ സംഭാവനകൾ പ്രതീക്ഷിക്കുന്നു

ബഹുമാന്യരായ മലങ്കരസഭാ വായനക്കാരെ,

ഉദ്ദേശം 40 വർഷങ്ങൾക്കുമുമ്പ് ഉപജീവനമാർഗ്ഗംതേടി കോട്ടയം ജില്ലയുടെ വിവിധഭാഗങ്ങളിൽനിന്നും
ഇടുക്കി ജില്ലയുടെ ഏറ്റവും കിഴക്കേ അതിർത്തിയായ കമ്പംമെട്ടിനോട് ചേർന്നു കിടക്കുന്ന കൂട്ടാർ-കരുണാ
പുരം എന്നീ സ്ഥലങ്ങളിലേക്ക് കുടിയേറി താമസം ആരംഭിച്ച നിർധനരായ 60 കർഷകകുടുംങ്ങൾ ഉൾക്കൊ
ള്ളുന്ന ഒരു ഇടവകയാണ് കരുണാപുരം സെന്റ് തോമസ് ഇടവക. ഇടുക്കി ഭദ്രാസനത്തിൽ ഉൾപ്പെട്ടതാണ് ഈ
ഇടവക. ജീവിക്കുവാൻ വേണ്ടി കാടിനോടും കാട്ടുമൃഗങ്ങളോടും പ്രതികൂലമായ കാലാവസ്ഥയിൽ പോരാ
ടിയപ്പോഴും വിശ്വാസികളായ സഭാമക്കൾ തങ്ങൾ ജനിച്ചുവളർന്ന ഓർത്തഡോക്സ് സഭയെ മറക്കാതെ കാട്
വെട്ടിത്തെളിച്ച് പുല്ലു കുത്തി ആരാധിക്കുവാൻ ഒരു പള്ളി ഉണ്ടാക്കി. ഇന്ത്യയുടെ കാവൽപിതാവായ മാർത്തോ
മ്മാശ്ലീഹായുടെ നാമത്തിൽ സ്ഥാപിച്ച പള്ളിയിൽ മാസത്തിൽ ഒരുതവണ ആരാധന നടത്തിത്തുടങ്ങി. വർഷ
ങ്ങൾ പിന്നിട്ടപ്പോൾ കുറേക്കൂടി സൗകര്യപ്രദമായവിധത്തിൽ പള്ളി ഉണ്ടാക്കി. ആത്മീകമായി ഈ ഇടവക
ഇടുക്കി ഭദ്രാസനത്തിൽ ഒന്നാം സ്ഥാനത്തു നില്ക്കുന്നു. 60 ഇടവകക്കാർ മാത്രമുള്ള പള്ളിയിൽനിന്നും 3
വൈദീകരേയും ഒരു കന്യാസ്ത്രീയേയും സഭയ്ക്കു നല്കുവാൻ സാധിച്ചു. 11 ക്ലാസ്സ് സൺഡേസ്കൂൾ, യുവ
ജനപ്രസ്ഥാനം, പ്രാർത്ഥനായോഗം, മർത്തമറിയം വനിതാസമാജം, വെള്ളിയാഴ്ചതോറും ഉപവാസപ്രാർത്ഥന
എന്നീ ആത്മീയ സംഘടനകൾ വളരെ ഭംഗിയായി പ്രവർത്തിച്ചു വരുന്നു. ബഹുമാനപ്പെട്ട കെ.എസ്സ്. സഖ
റിയാ അച്ചൻ വികാരിയായി സേവനമനുഷ്ഠിച്ചു വരുന്നു. സാമ്പത്തികമായി അഭിവൃത്തിപ്രാപിച്ചിട്ടില്ലാത്ത കർഷ
കകുടുംബങ്ങളാണ് ഇപ്പോഴും ഈ ഇടവകയിൽ ഉള്ളത് 30 വർഷംമുമ്പ് അന്നത്തെ സാഹചര്യം അനുസരിച്ച്
നിർമ്മിച്ച ഈ പള്ളി ഇപ്പോൾ ഏതു സമയത്തും നിലംപതിക്കാവുന്ന അവസ്ഥയിലാണ്. അതുകൊണ്ട് ഈ
പള്ളി പുതുക്കിപ്പണിയേണ്ട സമയം അതിക്രമിച്ചു എന്നു മനസ്സിലാക്കി പുതിയ പള്ളിയ്ക്കുള്ള പ്ലാനും എസ്റ്റി
മേറ്റും തയ്യാറാക്കി ഇടവക മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കുകയും അദ്ദേഹം അത് അംഗീകരിച്ച് 1999 സെ.
14-ന് തറക്കല്ലിട്ടു. 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ പണി ആരംഭിച്ചുവെങ്കിലും കാലോചിതമായി ചിലവു
വർദ്ധിക്കുന്നതനുസരിച്ച് അതിൽകൂടുമെന്നാണ് പ്രതീക്ഷ. ഈസമയംകൊണ്ട് ഇടവകയിൽനിന്നു മാത്രം പിരി
വുകൾ ശേഖരിക്കുകയും ശ്രമദാനംകൊണ്ട് പ്രാഥമിക പണി ചെയ്കയും ചെയ്തതുവഴി 3 ലക്ഷം രൂപ ചില
വാക്കി തറയുടെ പണിപൂർത്തിയാക്കി ഭിത്തികെട്ട് ആരംഭിച്ചു. ഇടവകാംഗങ്ങളെ 4 ഗ്രൂപ്പായി തിരിച്ച് സാമ്പത്തി
കാടിസ്ഥാനത്തിൽ തുടർച്ചയായി മൂന്നു വർഷം യഥാക്രമം 5000, 4000, 3000, 2000 എന്നിങ്ങനെ പിരിവുകൾ തര
ണമെന്ന് ആവശ്യപ്പെടുകയും ഓരോ വീട്ടുകാർ വർഷത്തിൽ 12 പണി ശ്രമദാനമായി ചെയ്കയും വേണമെന്നുള്ള
പൊതുയോഗതീരുമാനപ്രകാരം ഒന്നാം ഘട്ടം പിരിവുകൾ ശേഖരിച്ചു. രണ്ടാം ഘട്ടമായപ്പോഴേയ്ക്കും മുളക്
ഉല്പാദനം കുറഞ്ഞുപോയി. അതുകൊണ്ട് രണ്ടാം ഘട്ടം പിരിവ് നടന്നില്ല. എങ്കിലും പണി മുടങ്ങാതെ തുടരു
കയാണ്. പൊതുജനങ്ങളിൽനിന്നും പിരിവുകൾ ശേഖരിച്ച് വീഴ്ച വരുത്താതെ പണി നടക്കുകയാണ്. മലങ്കര
സഭാ മാസിക വായനക്കാരായ ബഹുമാന്യരായ സഭാസ്നേഹികളിൽനിന്ന് ഞങ്ങൾ ഉദാരമായ സംഭാവന പ്രതീ
ക്ഷിക്കുകയാണ്. നിങ്ങൾ ഞങ്ങളെ സഹായിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു. പള്ളിനിർമ്മാണ
കമ്മിറ്റിക്കുവേണ്ടി കൺവീനർ. ബാങ്ക് അക്കൗണ്ട് നമ്പർ: C & I-48, SBI, Kootar, Idukki.

അയയ്ക്കേണ്ടവിലാസം:

കൺവീനർ,
പള്ളിനിർമ്മാണ കമ്മിറ്റി, സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച്,
കരുണാപുരം പി.ഒ., ഇടുക്കി ജില്ല.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി പുറപ്പെടുവിക്കുന്ന പ്രസ്താവന

മലങ്കര സഭയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു കുറുക്കുവഴി എന്ന നിലയിൽ ഭാഗംവച്ച് പിരിയാം എന്ന ഒരു ആശയം ചില കേന്ദ്രങ്ങൾ മാദ്ധ്യമങ്ങളിലൂടെയും അല്ലാതെയും പ്രചരിപ്പിക്കുന്നതായി കാണുന്നു. ഈ വിഷയത്തിലുള്ള തെറ്റിദ്ധാരണകൾ നീക്കുന്നതിനുവേണ്ടിയാണ് ഈ പ്രസ്താവന പുറപ്പെടുവിക്കുന്നത്.

മലങ്കര സഭയിലെ പ്രശ്നങ്ങൾ ഭാഗംവച്ച് പിരിഞ്ഞു തീർക്കുവാനുള്ളതല്ല. അതിനുള്ള പ്രധാന കാരണങ്ങൾ താഴെ ചേർക്കുന്നു.

1. മലങ്കരസഭ ഒന്നാം നൂറ്റാണ്ടുമുതൽ നിലനിന്നു പോരുന്ന ഒരു സ്ഥാപനമാണ്. അത് ഭാഗംവച്ച് പിരിയുവാനുള്ളതല്ല.
2. ബഹു. സുപ്രീം കോടതി വിധിക്ക് ആധാരമായ പ്രധാന കേസ് കാതോലിക്കാ ഭാഗത്തുനിന്നും കൊടുത്തത് മലങ്കരസഭയെ വ്യവസ്ഥാപിതമായും ഭരണഘടനാ വിധേയവുമായുള്ള ഒരു ഏക സഭയുടെ സുഗമമായ പ്രവർത്തന സാദ്ധ്യതയ്ക്കു വേണ്ടി മാത്രമാണ്.
3. ബഹു. സുപ്രീംകോടതി വിധിപ്രകാരം, ഒരു സഭയും, ഒരു തലവനും, ഒരു ഭരണഘടനയുമേയുള്ളു. ഇടവകകൾ പ്രസ്തുത സഭാഭരണഘടനയ്ക്കുവിധേയവുമാണ്.
4. ബഹു. സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ വിശേഷിച്ചും, അപ്രകാരം ഒരു ഭാഗം നടത്തുന്നതിന് ആർക്കും അവകാശം ഇല്ല. അതു സുപ്രീംകോടതി വിധിയെ അവഗണിക്കുകയാണ്. കോടതിയലക്ഷ്യമാവുമോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു.
5. സുപ്രീംകോടതിവിധിയുടെ അന്തഃസത്ത ഇരുവിഭാഗങ്ങളും യോജിച്ച് ഒരു സഭയായി കാണണമെന്നുള്ളതാണ്.

ഈ സാഹചര്യത്തിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നതും അപ്രായോഗികവും, നിയമാനുസരണം അസാധ്യവുമായ ഇത്തരം വിലകുറഞ്ഞ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കരുതെന്ന് എല്ലാവരേയും നാം ഉദ്ബോധിപ്പിക്കുന്നു.

ഒറീസ്സാ പ്രൊജക്റ്റ്

സഭാ മിഷ്യൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലും, അഭി. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലും നടത്തപ്പെടുന്ന ഓറീസ്സാ ഭവന നിർമ്മാണ പദ്ധതിയിലേക്ക്, അഹമ്മദബാദ് ഇടവകയിൽനിന്നും നാലു വീടുകളുടെ തുകയായ 1,60,000 രൂപാ സംഭാവന നല്കുന്നു. ഈ തുകയിൽ 3 ഭവനങ്ങൾക്കുള്ള 1,20,000 രൂപാ അഭി തിരുമേനിയെ ഏല്പിച്ചുകൊടുത്തു. ഇടവകയുടെ വകയായി ഒരു വീടും 4 അംഗങ്ങൾ ചേർന്ന് ഒരു വീടും 8 അംഗങ്ങൾ ചേർന്ന് ഒരു വീടും ഒരു ഇടവകാംഗത്തിന്റെ വകയായി ഒരു വീടുമാണ് അഹമ്മദബാദിൽനിന്നും നല്കി, സഭയിൽ മറ്റു ഇടവകകൾക്കും സ്ഥാപനങ്ങൾക്കും മാതൃകയായി തീർന്നിരിക്കുന്നത്.

പ്രശസ്ത വിജയം

ബോംബെ ഭദ്രാസനത്തിൽ അഹമ്മദാബാദ് ഇടവക വകയായി നടത്തപ്പെടുന്ന സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ ഉന്നതവിജയം കരസ്ഥമാക്കി, ഗുജറാത്ത് സ്റ്റേറ്റിൽ ഏറ്റവും ഉയർന്ന റാങ്ക് നിലവാരം പുലർത്തുന്ന പത്തു സ്കൂളുകളുടെ മുൻപന്തിയിൽ എത്തിയിരിക്കുന്നു.

6th Death Anniversary

ANNAMMA EAPEN

By

Fr. K.P. Eapen Kanamoottil
Dr. Sosakutty Jacob
Elza Joseph (Architect)
Paulus Eapen B.E.

സ്വന്തമായൊരു ബൈബിൾ

നിങ്ങൾക്ക് സ്വന്തമായി ഒരു ബൈബിൾ ഉണ്ടോ. ഇല്ല എങ്കിൽ എത്രയും വേഗം അവ കരസ്ഥമാക്കാനൊരു സുവർണ്ണാവസരം. ശാരീരികാവശ്യത്തിനായുള്ള ആഹാരത്തോടൊപ്പം ആത്മീയ ആഹാരം ഇന്ന് അത്യാവശ്യമായിരിക്കുന്നു. ജീവകാരുണ്യപ്രവർത്തനങ്ങൾക്കുപരിയായി മരുഭൂമിയിലെ നീരുറവയിൽനിന്നും Free Bible നിങ്ങൾക്കായി കാത്തിരിക്കുന്നു. ഓർത്തഡോക്സ് ഇടവക വികാരിയുടെ ശുപാർശയോടൊപ്പം എത്രയും വേഗം പൂർണ്ണമായ വിലാസത്തിൽ അപേക്ഷിക്കുക. അർഹരായവരെ കണ്ടെത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം STOC Manageing commiitteക്ക്

To Vice President, STOC Office
Marubhoomiyile Neerurava,
Bethany Arammana
Thiruvalla - 689 101

വിശുദ്ധ സ്തേഫാനോസ് സഹദാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

K.M. GEORGE & FAMILY

57-B/4, Vrindavan
Thane - 400 601

Ponnamma George
Mini Thomas & Family
Sini George

കൃതജ്ഞത

ജനനം: മെയ് 21, 1930 മരണം: ജൂലൈ 01, 2000

അന്നമ്മ ഫിലിപ്പ്

കണയ്ക്കാട്ട് മുത്തൂർ, തിരുവല്ല

"വിശ്വാസത്താലെ - വാങ്ങിപ്പോയോരെ
പ്രാർത്ഥിച്ചീടുമ്പോ - ളോർത്തീടേണം നാം"

ഞങ്ങളുടെ പ്രിയമാതാവ് അന്നമ്മ ഫിലിപ്പ് (റിട്ട. ഗവ. സ്കൂൾ അദ്ധ്യാപിക), തിരുവല്ലാ മെഡി
കർത്താവിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ പ്രിയമാതാവ് ... കാഷ്യർ ശ്രീ. കെ.സി. ഫിലിപ്പിന്റെ ഭാര്യയുടെ നിര്യാണത്തിൽ ദുഃഖിതരായ ഞങ്ങളോടു
ക്കൽ മിഷൻ ഹോസ്പിറ്റൽ റിട്ട. കാഷ്യർ ... അഭിവന്ദ്യ തിരുമേനിമാരായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മാത്യൂസ് മാർ ബർന്ന
പങ്കുചേർന്ന ഏവരോടും പ്രത്യുത അഭിവന്ദ്യ ... ഗീവറുഗീസ് മാർ ഈവാനിയോസ്, തോമസ് മാർ അത്താനാസിയോസ്, യാക്കൂബ് മാർ
ബാസ്, തോമസ് മാർ മക്കാറിയോസ്, ... കന്യാസ്ത്രീകൾ എന്നിവരോട് ഹൃദയാംഗമായ നന്ദിരേഖപ്പെടുത്തുന്നു.
ഐറേനിയോസ്, റമ്പാച്ചന്മാർ, വൈദികർ, കന്യാസ്ത്രീകൾ

എന്ന് ദുഃഖാർത്തരായ മക്കൾ

Fr. Jacob Philip (U.S.A.), Licy Alexander, Mary Paulose Adai (U.S.A.), Anie Kurian

ലോക രസതന്ത്ര ഒളിംപ്യാഡിൽ വെങ്കലമെഡൽ

ലോക രസതന്ത്ര ഒളിംപ്യാഡിൽ വെങ്കലമെഡൽ നേടിയ മാസ്റ്റർ ജോർജ്ജ് എം. പൈലിക്ക് തൃശൂർ ചെമ്പൂക്കാവ് സെന്റ് തോമസ് പള്ളിയുടെ ഉപഹാരം വികാരി ഫാ. സി.എം. രാജു നല്കുന്നു

ലോക രസതന്ത്ര ഒളിംപ്യാഡിൽ വെങ്കല മെഡൽ നേടിയ മാസ്റ്റർ ജോർജ് എം. പൈലിയെ തൃശൂർ ചെമ്പൂക്കാവ് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ അനുമോദിച്ചു. വികാരി. ഫാ. സി.എം. രാജു ഉപഹാരം നല്കി. ട്രസ്റ്റി ശ്രീ കെ.എം. ഏബ്രഹാം, സെക്രട്ടറി ശ്രീ പി.ജെ. അലക്സാണ്ടർ, ശ്രീ കോശി എം. പീറ്റർ, ശ്രീ. ഒ.പി. വർഗീസ്, ശ്രീ പി.വി. ജോസഫ്, ശ്രീ ജോസഫ് മാത്യു എന്നിവർ അനുമോദിച്ചുകൊണ്ട് സംസാരിച്ചു.

ഡെൻമാർക്കിൽ നടന്ന ലോക രസതന്ത്ര ഒളിംപ്യാഡിൽ വെങ്കല മെഡൽ നേടിയ ജോർജ് എം.പൈലി തൃശൂർ ചെമ്പൂക്കാവ് സെന്റ് തോമസ് പള്ളി ഇടവകാംഗമായ വാക്കനാൽ ഡോ. വി.പി. പൈലിയുടെയും ഡോ. ഷീല പൈലിയുടെയും മകനാണ്. മൂന്നു ഘട്ടങ്ങളായി നടന്ന തെരഞ്ഞെടുപ്പിൽ ആദ്യഘട്ടത്തിൽ 9000 (ഒമ്പതിനായിരം) പേരിൽ നിന്നാണ് ജോർജ്ജിനെ തെരഞ്ഞെടുത്തത്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ 250 പേരെ തെരഞ്ഞെടുത്തതിൽനിന്നും പരീക്ഷയിലൂടെ 30 പേരെ സെലക്ട് ചെയ്ത് മുംബയിലെ ഹോമി ഭാഭ സെന്റർ ഫോർ സയൻസിൽ വിദഗ്ദ്ധ പരിശീലനം നല്കി. ഇതിൽ മികവുപുലർത്തിയ നാലുപേരെയാണ് ഡെൻമാർക്കിലെ കോപ്പൻ ഹേഗനിയിലേക്കയച്ചത്. 51 രാജ്യങ്ങിൽ നിന്നായി 204 വിദ്യാർത്ഥികൾ മത്സരിച്ചു. അഞ്ചുമണിക്കൂർ തിയറിയും അഞ്ചു മണിക്കൂർ പ്രാക്ടിക്കലും എന്ന മാനദണ്ഡത്തിൽ നടത്തിയ ഒളിംപ്യാഡിൽ ആണ് ജോർജ്ജ് എം.പൈലി അഭിമാനകരമായ നേട്ടം കൈവരിച്ചത്.

ഐ.എസ്.സി. പരീക്ഷയ്ക്ക് 96.25% മാർക്ക് വാങ്ങി സംസ്ഥാനത്ത് രണ്ടാംസ്ഥാനം നേടിയ ജോർജ്ജിന് സിംഗപ്പൂർ എയർലൈൻസിന്റെ സ്കോളർഷിപ്പും ലഭിച്ചിട്ടുണ്ട്. ഇപ്പോൾ കാൺപൂർ ഐ.ഐ.ടി.യിൽ ഇന്റഗ്രേറ്റഡ് എം.എസ്സിക്ക് ചേർന്ന് പഠനം ആരംഭിച്ചിരിക്കുന്നു. മെഡിക്കൽ പി.ജി.ക്കു പഠിക്കുന്ന അനു ഏല്യാസ്, സിംഗപ്പൂർ എയർലൈൻസിൽ ജോലിചെയ്യുന്ന അഞ്ജലി പോൾ എന്നിവർ സഹോദരിമാരാണ്.

With Best Compliments from:

S.P. MATHEW & FAMILY

C/201, Amee Apts,
G I D C, Vapi
Gujarat

ആദ്ധ്യാത്മികതയ്ക്ക് പ്രചോദനം വിശ്വാസികൾ — മാർ യൗസേബിയോസ്

STOC -ന്റെ ജീവകാരുണ്യ പ്രവർത്തനത്തോടനുബന്ധിച്ചുള്ള തയ്യൽമിഷ്യൻ വിതരണം മാർ ഒസ്താത്തിയോസ് നിർവ്വഹിക്കുന്നു

സ്നേഹവും സേവനവും ഉൾക്കൊണ്ട് മരവിച്ചുകൊണ്ടിരിക്കുന്ന ആദ്ധ്യാത്മിക മണ്ഡലത്തിനു പ്രചോദനം ഏകാൻ വിശ്വാസികൾ മുന്നോട്ട് വരണമെന്ന് അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഉത്ബോധിപ്പിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയിലെ ജീവകാരുണ്യ പ്രവർത്തനരംഗത്ത് മുൻപന്തിയിൽ നില്ക്കുന്ന `മരുഭൂമിയിലെ നീരുറവ' എന്ന് അറിയപ്പെടുന്ന സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷന്റെ രജതജൂബിലി ആഘോഷ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മെത്രാപ്പോലീത്ത.

അവരവരുടെ മതവിശ്വാസം മുറുകെ പിടിച്ചുകൊണ്ട് തന്നെ മറ്റുള്ളവരുടെ മതവിശ്വാസത്തെ തുറന്ന മനസ്സോടെ പഠിയ്ക്കുകയും സ്നേഹമാകുന്ന മതത്തിന്റെ ഉള്ളിൽ എല്ലാം ഉൾപ്പെടുത്തി ഒരു പുതിയ നൂറ്റാണ്ടിൽ സാമൂഹ്യനീതിക്കുവേണ്ടി പ്രവർത്തിക്കുവാൻ സ്വയം സമർപ്പിച്ച് എല്ലാവരും രംഗത്തിറങ്ങണമെന്ന് അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഉദ്ബോധിപ്പിച്ചു.

അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ ഈ പ്രസ്ഥാനം കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ഒന്നരകോടി രൂപ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചെന്നും 10 ലക്ഷം രൂപാ മുടക്കി രജതജൂബിലി സ്മാരകമായി അട്ടപ്പാടിയിൽ സെന്റ് തോമസ് വാലിയിൽ ആശുപത്രി കെട്ടിടം പണികഴിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു എന്നും ട്രഷറർ ശ്രീ. സണ്ണി ഫിലിപ്പ് തന്റെ ആമുഖപ്രസംഗത്തിൽ പ്രസ്താവിച്ചു.

STOC -ന്റെ രജതജൂബിലി ഭവനനിർമ്മാണ സഹായം മാർ യൗസേബിയോസ് നല്കുന്നു

റവ. ഫാദർ പി.കെ. ഗീവറുഗീസ്, റവ. ഫാദർ എം. ഡി. ജോൺ, ഡീക്കൻ തോമസ് മാത്യു, ശ്രീമാന്മാരായ എം.പി. കുഞ്ഞപ്പി, മോനി കല്ലംപറമ്പിൽ, കെ.സി. കുറിയാക്കോസ്, കെ.പി. ജോസ്, പി.ജെ. ഏബ്രഹാം, എം.ഐ. സൈമൺ, കെ.വി. മാത്യു, സി.വി. ചാക്കോ എന്നിവർ പ്രസംഗിച്ചു.

ശ്രീ. വറുഗീസ് തോമസ് സ്വാഗതവും ശ്രീ റ്റി.ജെ. ജോൺ കൃതജ്ഞതയും പറഞ്ഞു.

ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 25 തയ്യൽ മിഷ്യനുകളും ഭവന നിർമ്മാണ സഹായങ്ങളും മെത്രാപ്പോലീത്തമാർ സമ്മേളനത്തിൽ വിതരണംചെയ്തു.

രാവിലെ 8-നു വി. കുർബാനയോടുകൂടി ആരംഭിച്ച സമ്മേളനം പത്തനംതിട്ട ബേസിൽ ഗ്രൂപ്പിന്റെ വചനഗാനശുശ്രൂഷയോടുകൂടി വൈകിട്ട് 4 മണിക്ക് സമർപ്പിച്ചു.

വിജയം നേടാൻ കഠിനാദ്ധ്വാനം

കോട്ടയം: ജീവിതത്തിന്റെ സമസ്തമേഖലകളിലും വിജയംകൊയ്യാൻ അത്യദ്ധ്വാനം ചെയ്യുന്നവരാകണമെന്ന് ഫീലിപ്പോസ് മാർ യൗസോബിയോസ് മെത്രാപ്പോലീത്ത വിദ്യാർത്ഥികളെ ആഹ്വാനം ചെയ്തു. സാങ്കേതിക സാമ്പത്തിക രംഗങ്ങളിലെ വ്യതിയാനങ്ങൾ ജീവിതത്തിന്റെ ഗതിയെ ശക്തീകരിക്കുന്നതിനാക്കി മാറ്റണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിശുദ്ധിയുടെ വിലയും വിശ്വാസത്തിന്റെ വീര്യവും കാത്തുസൂക്ഷിച്ച് മത്സരവേദികളിൽ മുന്നേറണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ അസംബ്ലിയിൽ അദ്ധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു മെത്രാപ്പോലീത്താ. പൗലൂസ് മാർ പക്കോമിയോസ് എപ്പിസ്കോപ്പ, ഫാദർ ഡോ. എം. സി. ചെറിയാൻ, ഫാദർ ജേക്കബ് മാത്യു, പ്രൊഫ. ടൈറ്റസ് വർക്കി, ഡോ. വറുഗീസ് പുന്നൂസ്, ചെറിയാൻ വറുഗീസ്, കെ.സി. സഖറിയ, മാത്യു ചെറിയാൻ, ജേക്കബ് സഖറിയ, സജിൻ പി. സാമുവൽ, പ്രൊഫ. ഐസക്ക്, പി. എ. എബ്രഹാം, പ്രൊഫ. ഇ. ജോൺ മാത്യു തുടങ്ങിയവരും നേതൃസമ്മേളനത്തിൽ പ്രസംഗിച്ചു.

പ്രസ്ഥാനം ഭാരവാഹികളായി പ്രൊഫ. ടൈറ്റസ് വർക്കി (സീനിയർ വൈസ് പ്രസിഡന്റ്), മാത്യൂസ് അലക്സ് ബ്രിൻസ്, മിക്കി ചാക്കോ (സ്റ്റുഡന്റ് വൈസ് പ്രസിഡന്റുമാർ), ഫാ. ഡോ. എം.സി. ചെറിയാൻ (ജനറൽ സെക്രട്ടറി), പ്രൊഫ. എം.ഇ. കുറിയാക്കോസ്, സിസ്റ്റർ ദീന (അസ്സോസിയേറ്റ് സെക്രട്ടറിമാർ) ഷൈജു ജോൺ, ജിസ എലിസബേത്ത് ജേക്കബ് (ജോയിന്റ് സെക്രട്ടറിമാർ), കെ.സി. സഖറിയ (ഓഫീസ് സെക്രട്ടറി), ഇ.ജെ. മർക്കോസ് (ട്രഷറർ), പ്രൊഫ. ഐസക്ക് പി. എബ്രഹാം (അസിസ്റ്റന്റ് ട്രഷറർ), ഡോ. വറുഗീസ് പുന്നൂസ്, ഡോ. മാത്യു പി. ജോർജ്ജ്, വറുഗീസ് ജോൺ, പ്രൊഫ. ഇ. ജേക്കബ് ജോൺ, ഷിജു ബേബി, ഷൈജു മാത്യു, ബിജു എൻ. ഈപ്പൻ, എലിസബേത്ത് വർക്കി, അനു സ്റ്റെല്ല മാത്യു (എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ), ഡോ. ഐസക്ക് തോമസ് (യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഫോറം), ബിജു വി. പന്തപ്ലാവ് (സ്കൂൾ ടീച്ചേഴ്സ് ഫോറം), ടെനി എം. ജോൺ (മെഡിക്കൽ ഓക്സിലിയറി), കിരൺ ജോർജ്ജ് (ടെക്നിക്കൽ ആക്സിലിയറി), അലക്സ് ജോൺ (ലിറ്ററി ഫോറം), വറുഗീസ് പി.സി. (മിഷനറി ഫോറം), ഫാ. തോമസ് സഖറിയ, ഡീക്കൻ ബിനോജി മാത്യൂസ്, ഡീക്കൻ കെ.എം. കോശി വൈദ്യൻ, ഡീക്കൻ തോംസൺ റോബി (സ്കൂൾവിംഗ്) എന്നിവർ നിയമിതരായി.

സഭയിലെ ഏറ്റവും വലിയ സൺഡേസ്കൂൾ

കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് സൺഡേസ്കൂൾ ഇദംപ്രഥമായി നമ്മുടെ സൺഡേസ്കൂൾ അസോസിയേഷന്റെ ഘടകമായി രജിസ്റ്റർ ചെയ്തിരിക്കുന്നു. യു.എ.ഇ.യിലുള്ള അഞ്ചു സൺഡേസ്കൂളുകളിലും, അഹമ്മദിയിലുള്ള സൺഡേസ്കൂളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സഭയിലെ ഏറ്റവും വലിയ സൺഡേസ്കൂൾ എന്ന ബഹുമതി കുവൈറ്റിനവകാശപ്പെടാം. പതിനൊന്നു ക്ലാസ്സുകളിലായി 622 വിദ്യാർത്ഥികളുണ്ട്. പത്താം ക്ലാസ്സിലും ഒമ്പതാം ക്ലാസ്സിലും 68 വിദ്യാർത്ഥികൾ വീതമാണുള്ളത്. വിദ്യാർത്ഥികൾ ഏറ്റവും കുറവുള്ള ക്ലാസ്സിൽപോലും 37 പേരുണ്ട്.

ബിരുദവും, ബിരുദാനന്തര ബിരുദവും എൻജിനിയറിങ്ങിൽ ബിരുദവുമുള്ള 25 പേരടങ്ങുന്ന ഒരു ഉന്നത അദ്ധ്യാപകനിരയുണ്ട്. നമ്മുടെ സഭയുടെ വിശ്വാസവും, ആചാരാനുഷ്ഠാനങ്ങളും വളരുന്ന തലമുറയെ പഠിപ്പിക്കുന്നതിൽ അവർ ദത്താവധാനരാണ്. മലയാളം വായിക്കാൻ അറിയാത്ത കുട്ടികളാണ് അവിടെയുള്ളത്. അവർക്ക് നമ്മുടെ ആരാധനയുടെ രൂപവും പൊരുളും മനസ്സിലാക്കിക്കൊടുക്കുക എന്നുള്ളത് ശ്രമസാധ്യമായ കാര്യമാണ്. എങ്കിലും അക്കാര്യത്തിൽ മാതാപിതാക്കളും അധ്യാപകരും ഉത്സാഹപൂർവ്വം സഹകരിച്ചു പ്രവർത്തിക്കുന്നു. ബൈബിൾ വിജ്ഞാനത്തിൽ നമ്മുടെ നാട്ടിലെ കുട്ടികളെക്കാൾ അവിടുത്തെ വിദ്യാർത്ഥികൾ മുന്നിലാണെന്നു തോന്നിയിട്ടുണ്ട്.

വാർഷികാഘോഷവും അവാർഡുദാനവും:

നേരത്തേ പ്രസ്താവിച്ചിരുന്നപ്രകാരം ആഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച, സൺഡേസ്കൂൾ അസോസിയേഷന്റെ വാർഷികവും, അവാർഡുദാനവും നടന്നു. 50 വർഷത്തിനുമേൽ സൺഡേസ്കൂൾ പ്രവർത്തനത്തിൽ സേവനചരിത്രമുള്ള 85 പേരെയാണ് പ്രശസ്തിപത്രവും പുരസ്കാരവും നല്കി ആദരിച്ചത്. അവരിൽ 9 പേർ 84 കഴിഞ്ഞ ശതാഭിഷിക്തരായിരുന്നു. 90 വയസ്സിനു മേൽ പ്രായമുള്ള രണ്ടുപേർ എത്തിയിരുന്നു. കണ്ണൂർനിന്നും, ബത്തേരിയിൽ നിന്നും കുന്നംകുളത്തുനിന്നുമെല്ലാം. ആദരണീയരായ ഗുരുക്കന്മാർ എത്തിയെന്നുള്ളത് പുളകമണിയിക്കുന്ന അനുഭവമായിരുന്നു. യാതൊരു സാമ്പത്തിക പ്രതിഫലവുമില്ലാത്ത ഈ നിഷ്കാമസേവനത്തിന് സഭ നല്കിയ അംഗീകാരമായിരുന്നു ഈ അവാർഡുകൾ. അത് ഏറ്റുവാങ്ങിയവർക്ക് അവരുടെ ജീവിതത്തിലെ അനർഘനിമിഷമായിരുന്നു; ധന്യമായ അനുഭവവും.

വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നല്കുവാനാണ് അഖില മലങ്കരാടിസ്ഥാനത്തിൽ ഒന്നിലധികം പദവികൾ പ്രഖ്യാപിച്ചിട്ടുള്ളത്. സൺഡേസ്കൂൾ പ്രതിഭ; സൺഡേസ്കൂൾ വിജ്ഞാനി, സൺഡേസ്കൂൾ പ്രവീൺ എന്നീ പദവികൾ വർഷംതോറും ഏറ്റുവാങ്ങുവാൻ മാതാപിതാക്കളോടും സഹോദരങ്ങളും ഒരുമിച്ച് വിദ്യാർത്ഥികൾ എത്തുന്നത് അത്യധികം സന്തോഷത്തോടും അഭിമാനത്തോടുമാണ്.

എസ്.എസ്.എഫ്.സി. സർട്ടിഫിക്കറ്റ്

എസ്.എസ്.എഫ്.സി. സർട്ടിഫിക്കറ്റിന്റെ രൂപവും ഭാവവും മാറ്റി പ്രസിദ്ധീകരിച്ചിട്ട് ഇപ്പോൾ പല വർഷങ്ങളായി. എങ്കിലും അതിലെ വിവരങ്ങൾ പൂരിപ്പിച്ചു നല്കുന്നതിൽ പല അപാകതകളും വന്നിട്ടുണ്ട്. പരാതിയായി പലരും ഇക്കാര്യം കേന്ദ്രത്തിൽ അറിയിച്ചിട്ടുള്ളതുമാണ്. അതിനൊരു പരിഹാരം വരുത്തുവാൻ തക്ക നടപടി കേന്ദ്രത്തിൽ ഉണ്ടാക്കുന്നു. സർട്ടിഫിക്കറ്റിൽ ചേർക്കേണ്ട വിവരങ്ങൾ പേര്, മേൽവിലാസം, സൺഡേസ്കൂൾ, ഭദ്രാസനം തുടങ്ങിയവ വിദ്യാർത്ഥിതന്നെ പൂരിപ്പിച്ചു കേന്ദ്രത്തിലേക്ക് അയയ്ക്കത്തക്കവണ്ണം ഒരു ഫോറം രജിസ്ട്രേഷനോടുകൂടി നല്കുന്നതാണ്. പ്രസ്തുത വിവരവും, മാർക്കും ചേർത്തു കേന്ദ്രഓഫീസിൽ നല്ല കൈയ്യക്ഷരമുള്ള ആളുകളെക്കൊണ്ട് എഴുതി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാനുദ്ദേശിക്കുന്നു. ഓരോ സ്കൂളിൽനിന്നും പത്താംക്ലാസ്സിൽ പരീക്ഷയ്ക്കുചേരുന്ന വിദ്യാർതിഥികളെക്കൊണ്ട് കേന്ദ്രത്തിൽ നിന്നയച്ചുതരുന്ന ഫോറം ഭംഗിയായി പൂരിപ്പിച്ച് കേന്ദ്രത്തിലേക്ക് അയയ്ക്കുവാൻ അതതു ഹെഡ്മാസ്റ്ററന്മാർ ശ്രദ്ധിക്കേണ്ടതാണ്. ഫോറത്തിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ പിന്നീട് രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ നിശ്ചയമായും പരീക്ഷ എഴുതുവാൻ തക്കവണ്ണം അവരെ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ പിന്തുണ അവർക്കു നല്കുകയും വേണം.

ആശംസകളോടെ

ജോഷ്വാ അച്ചൻ.

ഡയറക്ടർ ജനറൽ

വർക്കി ആശാൻ എന്ന ആനപ്പാപ്പി

വടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അംഗരക്ഷകനും അഭ്യസ്തവിദ്യനും അധ്യാപകനും നല്ല മല്ലനും ആയിരുന്ന വർക്കി ആശാൻ എന്ന ആനപ്പാപ്പിയുടെ ജീവചരിത്രവും അന്നത്തെ സംഭീതസഭാന്തരീക്ഷവും ആധികാരികമായി വിവരിക്കുന്നു. ഗ്രന്ഥകർത്താക്കൾ: അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ, കെ.വി. മാമ്മൻ കോട്ടയ്ക്കൽ. അവതാരിക റവ. ഡോ. ജോസഫ് ചീരൻ. വില 50 രൂപ. പ്രി പബ്ലിക്കേഷൻ വില 35 രൂപ. (നവംബർ 10 വരെ 3 കോപ്പിക്കു 100 രൂപ. 10 കോപ്പിക്കു 300 രൂപ.) പണം അടയ്ക്കേണ്ട വിലാസം കെ.വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, കോട്ടയം-18. ഫോൺ: 578936

കൂടാതെ "പ.ഔഗേൻ ബാവ; കാതോലിക്കേറ്റിന്റെ കാവൽഭടൻ." ഡിസംബർ 8നു പ്രകാശനം. വില 50 രൂപ. പ്രി പബ്ലിക്കേഷൻ 35 രൂപ.

മദ്ധ്യസ്ഥത യാചിച്ചുകൊണ്ട്

ASHA ENTERPRISES

Plot No. 5306
4th Phase, G I D C, Vapi
Valsad - 396 195

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2000
THE MALANKARA SABHA
CATHOLICATE OFFICE, KOTTAYAM-686 038

മലങ്കരസഭയിൽനിന്ന്

ഈ വർഷം രണ്ടതുല്യ പ്രസിദ്ധീകരണങ്ങൾ

പരുമലപ്പള്ളി കൂദാശ സപ്ലിമെന്റ്

പ്രസിദ്ധീകരണം ഒക്ടോ. 27

TARIFF

ADVERTISEMENT / BEST COMPLIMENTS

Back Page	: Rs. 5,000
Full Page (Inner)	: Rs. 3,000
Half Page	: Rs. 2,000
Quarter Page	: Rs. 1,250
Minimum (9 x 10 cm)	: Rs. 750
Favours Block (Stamp size)	: Rs. 250

NB: ലേഖനങ്ങൾ, പരസ്യങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഒക്ടോ. 10

ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ ചരമ രജതജൂബിലി സ്മരണിക

പ്രസിദ്ധീകരണം ഡിസം. 8

TARIFF

ADVERTISEMENT / BEST COMPLIMENTS

Front Cover (Sponsering)	: Rs.15,000
Back Cover	: Rs.12,000
Cover Front Inside	: Rs.10,000
Cover Back Inside	: Rs. 8,000
Full Page	: Rs. 2,000
Half Page	: Rs. 1,200
Quarter Page	: Rs. 750

NB: ലേഖനങ്ങൾ, പരസ്യങ്ങൾ ലഭിക്കേണ്ട അവസാന തീയതി നവം. 10

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.

Rs. 5/-